ഉത്തരം

(എ) ഡിസ്ട്രിക്റ്റ് മെറിറ്റ് സ്കോളർഷിപ്പ് 1991 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് അടിസ്ഥാന വർഷത്തേയും, പുതുക്കിയ തുടർന്നുള്ള വർഷങ്ങളിലേയും അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2000-2001 വർഷത്തേതിൽ അപേക്ഷ കിട്ടിയതനുസരിച്ച് അടിസ്ഥാന വർഷത്തേക്ക് മാത്രം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 1991 മുതൽ 2000 വരെ എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വർഷത്തേയും പുതുക്കിയ വർഷങ്ങളിലേയ്ക്കും അപേക്ഷകൾ കിട്ടിയ മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2000-2001 വർഷത്തിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വർഷത്തിലെ സ്കോളർഷിപ്പ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കേണ്ടതുണ്ട്. തുടർന്നുള്ള വർഷങ്ങളിലേയ്ക്കും അർഹതപ്പെട്ട അപേക്ഷകൾക്ക് പുതുക്കൽ നൽകേണ്ടതുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഗൾഫ് രാജ്യങ്ങളിലേക്ക് വിസ ലഭിക്കുന്നതിനുള്ള പരീക്ഷ

143 [3325] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

„ വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ പി. കെ. കെ. ബാവ:

„ സി. മമ്മൂട്ടി:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ. തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് വിസ ലഭിക്കുന്നതിന് എസ്.എസ്.എൽ.സി. നിർബന്ധമാക്കിയതിനാൽ എസ്.എസ്.എൽ.സി. തോറ്റവരും ഇടയ്ക്ക് വച്ച് പഠനം നിർത്തിയവരുമായ തൊഴിൽ രഹിതരായ ഒരു വലിയ വിഭാഗത്തിന് എസ്. എസ്. എൽ. സി. പാസ്സാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള തൊഴിൽ രഹിതരായവരുടെ ഭാവി കണക്കിലെടുത്ത് യു.എ.ഇ. തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് വിസ ലഭിക്കുന്നതിന് ആവശ്യമായ തുല്യതാ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പരീക്ഷ എന്നാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ സിലബസ് എന്തായിരിക്കും; എത്ര വർഷം കൂടുമ്പോഴാണ് പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പരീക്ഷ പാസ്സായവർക്ക് ഉപരിപഠനം നടത്താൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പതിനെട്ട് വയസ് പൂർത്തിയായ നവസാക്ഷരർ, തുല്യതാ പരീക്ഷ ജയിച്ചവർ, സ്ക്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർ, തുടർ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന ഗൾഫ് മലയാളികൾ എന്നിവർക്ക് പത്താം ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പത്താം ക്ലാസ് തുല്യതാ പരീക്ഷ രണ്ട് തട്ടുകളിലായാണ് നടത്തുന്നത്. 'ഒ' ലെവലും 'എ' ലെവലും. 'ഒ' ലെവൽ സർട്ടിഫിക്കറ്റുകൾ വിദേശ രാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കാര്യങ്ങൾക്ക് മാത്രമേ അംഗീകരിക്കുകയുള്ളൂ. 'എ' ലെവൽ തുല്യതാ പരീക്ഷ വിജയിക്കുന്ന ഒരു പഠിതാവിന് ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താം ക്ലാസ് വിജയിക്കുന്ന വിദ്യാർത്ഥിയെ പോലെ ഉപരിപഠനത്തിനും ജോലി നേടുന്നതിനും അർഹത ഉണ്ടായിരിക്കും. ഈ പരീക്ഷ എഴുതുവാൻ 'ഒ' ലെവൽ തുല്യതാ പരീക്ഷ വിജയിച്ചിരിക്കണം.

(സി) പത്താം ക്ലാസ് തുല്യതാ പരീക്ഷക്കായുള്ള രജിസ്ട്രേഷൻ 2004 ആഗസ്റ്റ് മാസം ആരംഭിക്കുന്നതിനും, 2005 മേയ് മാസത്തിൽ പരീക്ഷ നടത്താനുമാണ് തീരുമാനിച്ചിരിക്കുന്നത്. 'ഒ' ലെവൽ തുല്യതാ പരീക്ഷ വർഷത്തിൽ രണ്ട് പ്രാവശ്യവും 'എ' ലെവൽ തുല്യതാ പരീക്ഷ വർഷത്തിൽ ഒരിക്കൽ നടത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്. 'ഒ' ലെവൽ തുല്യതാ പരീക്ഷയുടെ സിലബസ് മാത്രമേ തയ്യാറായിട്ടുള്ളൂ ആയത് അനുബന്ധമായി ചേർക്കുന്നു. †

(സി) 'എ' ലെവൽ തുല്യതാ പരീക്ഷ വിജയിക്കുന്ന ഒരു പഠിതാവിന് ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താം ക്ലാസ് വിജയിച്ച വിദ്യാർത്ഥിയെ പോലെ ഉപരിപഠനത്തിനും ജോലി നേടുന്നതിനും അർഹത ഉണ്ടായിരിക്കും. 'ഒ' ലെവൽ സർട്ടിഫിക്കറ്റുകൾ വിദേശ രാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കാര്യങ്ങൾക്ക് മാത്രമേ അംഗീകരിക്കുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡയറ്റിലെ തസ്തികകൾ

144 [3326] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡയറ്റുകളിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഡയറ്റിൽ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(സി) ഡയറ്റുകളിലെ തസ്തികകൾ സംബന്ധിച്ച് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള തസ്തികകൾ ഈ നിർദ്ദേശം അനുസരിച്ചുള്ളതാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)

1.	പ്രിൻസിപ്പൽ	.. 14
2.	സീനിയർ ലക്ചറർ	.. 97
3.	ലക്ചറർ	.. 173
4.	ടെക്നീഷ്യൻ	.. 11
5.	സ്റ്റാറ്റിസ്റ്റീഷ്യൻ	.. 11
6.	വർക്ക് എക്സ്പീരിയൻസ് ടീച്ചർ	.. 11
7.	ഓഫീസ് സൂപ്രണ്ട്	.. 14
8.	ലൈബ്രേറിയൻ	.. 11
9.	ക്ലാർക്ക്	.. 42
10.	ടൈപ്പിസ്റ്റ്	.. 3
11.	വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ	.. 3
12.	ലബോറട്ടറി അസിസ്റ്റന്റ്	.. 11
13.	ക്ലാസ്സ്-iv	.. 26
14.	പാർട്ട് ടൈം സ്വീപ്പർ	.. 22

(സി) ഡയറ്റുകളും അതിലെ തസ്തികകളും എല്ലാം തന്നെ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്.

(ഡി) അതെ.

LIBRARY ARCHIVES Kerala Legislative Assembly

എ.ഇ.ഒ., ഡി.ഇ.ഒ.-മാർ നടത്തിയ അദ്ധ്യാപക നിയമനം

145 [3327] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എ.ഇ.ഒ., ഡി.ഇ.ഒ എന്നീ ഉദ്യോഗസ്ഥർ എത്ര പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇതിൽ എത്ര അദ്ധ്യാപകരെ നിയമിച്ചു;

(സി) എ.ഇ.ഒ., ഡി.ഇ.ഒ.-മാർ നിയമിച്ച അദ്ധ്യാപകരുടെ നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ അനുമതി ഇല്ലാതെ അദ്ധ്യാപക, അദ്ധ്യാപകേതര നിയമനം നടത്തിയ എ.ഇ.ഒ., ഡി.ഇ.ഒ.-മാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എ.ഇ.ഒ./ഡി.ഇ.ഒ-മാർ സ്റ്റാറ്റ്യൂട്ടറി അധികാരികളായതിനാൽ സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല.

(ഡി) കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ച് സഹകാര്യ സ്ക്കൂളുകളിൽ മാനേജർമാരാണ് നിയമന അധികാരികൾ. നിയമാനുസൃതമായ നിയമനങ്ങൾക്ക് അംഗീകാരം നൽകുക മാത്രമാണ് എ.ഇ.ഒ./ഡി.ഇ.ഒ.-മാർ ചെയ്യുന്നത്. ഇതിന് വിപരീതമായി എടുക്കുന്ന തീരുമാനങ്ങളിൽ അതാത് സമയത്ത് വകുപ്പു തലത്തിലും ഗവൺമെന്റ് തലത്തിലും നടപടികൾ എടുക്കുന്നുണ്ട്.

അദ്ധ്യാപക-അനദ്ധ്യാപക സഹകരണ സംഘത്തിനുള്ള സബ്സിഡി

146 [3328] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് അദ്ധ്യാപക-അനദ്ധ്യാപക സഹകരണ സംഘത്തിന് കാലാകാലം നൽകി വന്നിരുന്ന സബ്സിഡി ഇപ്പോൾ നൽകുന്നുണ്ടോ;

(ബി) വായ്പാ കുടിശ്ശിക പിരിക്കാൻ വൺടൈം സെറ്റിൽമെന്റിന് അവസരം നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി.-യുടെ കീഴിൽ യാതൊരു സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

വിദേശത്ത് ജോലിക്കു പോകുന്നതിനായി ശമ്പളമില്ലാത്ത അവധി എടുത്ത അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ

147 [3329] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്ത് ജോലിക്ക് പോകുന്നതിനായി 2003-2004 അദ്ധ്യയന വർഷം പൊതു വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളമില്ലാത്ത അവധി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

183 അദ്ധ്യാപകർക്കും 39 അദ്ധ്യാപകേതര ജീവനക്കാർക്കും അവധി അനുവദിച്ചിട്ടുണ്ട്.

ചാത്തമംഗലം സി.ഇ.ഡി.ടി.-ക്ക് സ്ഥലം ഏറ്റെടുത്തപ്പോൾ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയില്ല എന്ന പരാതി

148 [3330] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം സി.ഇ.ഡി.ടി. എന്ന സ്ഥാപനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 13 വർഷമായി ഈ നഷ്ടപരിഹാരം ലഭിക്കാതെ കഴിയുന്ന സ്ഥലം ഉടമകളുടെ ദുരിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ നഷ്ടപരിഹാരത്തുക എന്നത്തേക്ക് കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) കേരള ഹൈക്കോടതിയിൽ സ്ഥലം ഏറ്റെടുത്തതു സംബന്ധിച്ചുള്ള കേസുകൾ തീർപ്പാകാതിരുന്നതാണ് നഷ്ടപരിഹാരം നൽകുന്നതിന് താമസമുണ്ടായത്. കേസുകൾ തീർപ്പായതിനെ തുടർന്ന് ഇതിന് ആവശ്യമായി വരുന്ന തുക ഉപധനാഭ്യർത്ഥന വഴി കണ്ടെത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കരിയർ ഓറിയന്റഡ് കോഴ്സുകൾ കോളേജുകളിൽ തുടങ്ങുന്നതിനുള്ള യു.ജി.സി.-യുടെ പദ്ധതി

143 [3331] ശ്രീ. അടൂർ പ്രകാശ്:

„ തേറമ്പിൽ രാമകൃഷ്ണൻ:

„ ഡൊമിനിക് പ്രസന്റേഷൻ:

„ വർക്കല കഹാർ:

„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിയർ ഓറിയന്റഡ് കോഴ്സുകൾ കോളേജുകളിൽ തുടങ്ങുന്നതിനുള്ള പരിപാടി യു.ജി.സി. ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ സ്കീം അനുസരിച്ച് സംസ്ഥാനത്ത് എത്ര കോളേജുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്;

(സി) അവയ്ക്ക് യു.ജി.സി. എന്ത് ധനസഹായം നൽകും;

(ഡി) ഈ ധനസഹായം എത്ര കാലത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ;

(ഇ) എന്തെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഉറുദു അക്കാദമി

150 [3332] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്ക്കൂളുകളിൽ എത്ര ഉറുദു അദ്ധ്യാപകരുണ്ട് എന്ന് പ്രൈമറി, ഹൈസ്ക്കൂൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഉറുദു ഭാഷാ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(സി) ഉറുദു ഭാഷയും സാഹിത്യവും പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു ഉറുദു അക്കാദമി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രൈമറി സെക്ഷനിൽ 1199 ഉറുദു അദ്ധ്യാപകരും ഹൈസ്ക്കൂൾ സെക്ഷനിൽ 418 ഉറുദു അദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ട്.

(ബി) നിലവിൽ നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഏകദിന വെരിഫിക്കേഷനും തുടർന്നുള്ള ഫിക്സേഷൻ നടപടികളും പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പുനർവിന്യാസവും

151 [3333] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ക്കൂളുകളിൽ ഏകദിന വെരിഫിക്കേഷനെ തുടർന്ന് ഫിക്സേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് സർക്കാർ/എയിഡഡ് സ്ക്കൂളുകളിൽ ആകെ എത്ര ഡിവിഷനുകൾ കുറഞ്ഞു എന്ന് തരം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ ഫലമായി സംസ്ഥാനത്തെ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ എണ്ണം എത്രയെന്ന് പ്രൈമറി/ഹൈസ്ക്കൂൾ വിഭാഗം തരംതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തീകരിച്ചുവോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ ഉള്ള സ്ക്കൂളുകളുടെ ലിസ്റ്റ് ഉപവിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഫിക്സേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി—ഇ) കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല.

എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി. ഓഫീസുകളിൽ നടന്ന അഴിമതിക്കെതിരെ നടപടി

152 [3334] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി. എന്നീ ഓഫീസുകളിൽ നടന്ന അഴിമതികളേയും ക്രമക്കേടുകളേയും പറ്റി സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) അഴിമതിയും ക്രമക്കേടും നടത്തിയ എത്ര ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചു;

(ഡി) ഇതിൽ എത്ര പേരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു?

ഉത്തരം

(എ) ലഭിച്ച പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) 168 പരാതികൾ ലഭിച്ചു. അവയെല്ലാം അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) അഴിമതിയും ക്രമക്കേടും സംബന്ധിച്ച് ഒരാളെ പിരിച്ചുവിടുകയും മറ്റൊരാളെ നിർബന്ധിത റിട്ടയർമെന്റിന് വിധേയമാക്കുകയും ചെയ്തതിന് പുറമേ 23 പേരെ സസ്പെന്റ് ചെയ്യുകയും 40 പേരുടെ വാർഷിക ഇൻക്രിമെന്റ് തടയുകയും 32 പേരെ സെൻഷർ ചെയ്യുകയും 24 പേരെ താക്കീത് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

(ഡി) 23 പേരെ സസ്പെന്റ് ചെയ്തു.

പേരാമ്പ്ര ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

153 [3336] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ഗവൺമെന്റ് കോളേജിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് കോളേജ് അധികൃതർ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(സി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബി.എ. .. ഹിസ്റ്ററി, എക്ണോമിക്സ്
ബി.എസ്സി. .. കണക്ക്
ബി.കോം.
എം.എ. .. ഹിസ്റ്ററി

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കണ്ടറി ഗസ്റ്റ് ലക്ചറർമാരുടെ ദിവസവേതന വർദ്ധനവ് കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്കും നൽകാൻ നടപടി

154 [3337] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്/എയിഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് മണിക്കൂർ വേതന നിരക്കിൽ നൽകുന്ന പരമാവധി പ്രതിമാസ വേതനം 6000 രൂപ ആയി വർദ്ധിപ്പിച്ചത് എന്നാണ്; ഈ നിരക്കിന് എന്നു മുതൽക്കാണ് പ്രാബല്യം നൽകിയിട്ടുള്ളത്;

(ബി) ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് മണിക്കൂർ വേതന നിരക്കിൽ നൽകുന്ന പരമാവധി പ്രതിമാസ വേതനം 6,000 രൂപ ആയി വർദ്ധിപ്പിച്ചത് എന്നാണ്;

(സി) ഈ വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഹയർസെക്കണ്ടറി ഗസ്റ്റ് ലക്ചറർമാരുടെ പ്രതിമാസ വേതനം പരമാവധി 6,000 രൂപ ആയി വർദ്ധിപ്പിച്ചുനൽകിയ തീയതി മുതൽ പ്രാബല്യത്തോടെ കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്കും വേതന വർദ്ധനവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-2003-ൽ 26-11-2001 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് നൽകിയിട്ടുള്ളത്.

(ബി) 2-7-2004-ൽ.

(സി) ഇല്ല.

(ഡി ആന്റ് ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മുൻകാല പ്രാബല്യം നൽകാൻ നിർവ്വാഹമില്ല.

കൊല്ലം ജില്ലയിലെ സ്വകാര്യ മെഡിക്കൽ, ഡെന്റൽ, ഫാർമസി, എഞ്ചിനീയറിംഗ് കോളേജുകൾ

155 [3338] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സ്വകാര്യ മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾക്കും, ഡെന്റൽ കോളേജുകൾക്കും, ഫാർമസി കോളേജുകൾക്കും, എഞ്ചിനീയറിംഗ് കോളേജുകൾക്കും എൻ.ഒ.സി. നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഏതെല്ലാമാണെന്നും ഏത് മാനേജുമെന്റുകൾക്കെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ രണ്ട് മെഡിക്കൽ കോളേജുകൾ, രണ്ട് ഡെന്റൽ കോളേജുകൾ, ഒരു ഫാർമസി കോളേജ്, ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയ്ക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. †

എം.ജി. സർവ്വകലാശാല ഓഫ് ക്യാമ്പസ് സെന്റർ ആരംഭിക്കാനുള്ള തീരുമാനം

156 [3343] ശ്രീ. എം. മുരളി:

" ലൂഡി ലൂയിസ്:

" പ്രയാർ ഗോപാലകൃഷ്ണൻ:

" ജി. പ്രതാപവർമ്മ തമ്പാൻ:

" കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഓഫ് ക്യാമ്പസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്രയെണ്ണം;

(സി) ഇവ പ്രവർത്തിപ്പിക്കാൻ എന്നാണ് തീരുമാനമെടുത്തത്;

(ഡി) ഈ തീരുമാനത്തിന് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഇ) ഈ തീരുമാനമെടുത്തശേഷം പ്രസ്തുത സർവ്വകലാശാല സിൻഡിക്കേറ്റിന്റെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്;

(എഫ്) ഈ യോഗത്തിൽവച്ച് പ്രസ്തുത തീരുമാനത്തിന് സിൻഡിക്കേറ്റിന്റെ അംഗീകാരം നേടാതിരുന്നതെന്തുകൊണ്ടാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 53.

(സി) 2000-ത്തിലാണ് തീരുമാനമെടുത്തത്.

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സിൻഡിക്കേറ്റ് സാധുകരണം നൽകിയിട്ടില്ല.

(ഇ) 33.

(എഫ്) സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും സിൻഡിക്കേറ്റ് പരിഗണനക്കെടുത്തിട്ടില്ല.

എം.ജി. സർവ്വകലാശാല ഓഫ് ക്യാമ്പസ് സെന്റർ
ഫീസ് ഘടന

157 [3346] ശ്രീ. വർക്കല കഹാർ:

" തേറമ്പിൽ രാമകൃഷ്ണൻ:

" അടൂർ പ്രകാശ്:

" ടി. യു. രാധാകൃഷ്ണൻ:

" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാല ഓഫ് ക്യാമ്പസ് സെന്റർ വിദ്യാർത്ഥികളുടെ ഫീസ് ഘടന സംബന്ധിച്ച് തീരുമാനം എന്നാണ് എടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തീരുമാനത്തിന് സിൻഡിക്കേറ്റിന്റെ അംഗീകാരം തേടിയോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) ഓഫ് ക്യാമ്പസ് നിരീക്ഷകർക്ക് പ്രതിഫലം നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനം എന്നാണെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഇ) അതിന് സിൻഡിക്കേറ്റിന്റെ അംഗീകാരമുണ്ടായിരുന്നുവോ?

ഉത്തരം

(എ) 9-10-2001-ൽ തീരുമാനമെടുത്തു.

(ബി) ഇല്ല.

(സി) അന്ന് അധികാരത്തിലുണ്ടായിരുന്ന സിൻഡിക്കേറ്റിലെ അംഗങ്ങൾ ഉൾപ്പെടുന്ന ഉന്നത ഉദ്യോഗസ്ഥരാണ് ഇതിനെ സംബന്ധിക്കുന്ന തീരുമാനം എടുത്തതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) 2-4-2003-ൽ.

(ഇ) സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി ഈ വിഷയം സമർപ്പിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് ലൈബ്രറികളും ക്ലോത്ത് ബുക്കുകളും

158 [3347] ശ്രീ. ലൂഡി ലൂയിസ്:

„ എം. എ. ചന്ദ്രശേഖരൻ:

„ വി. ഡി. സതീശൻ:

„ എൻ. ശക്തൻ:

„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പബ്ലിക് ലൈബ്രറികളുണ്ട്;

(ബി) ഇവയിൽ എവിടെയെല്ലാം ക്ലോത്ത് ബുക്കുകളുണ്ട്;

(സി) ഈ വക ബുക്കുകളുടെ ശേഖരം സ്റ്റേറ്റ് പബ്ലിക് ലൈബ്രറിയിൽ ഉണ്ടോ; ഇവ സൂക്ഷിക്കുവാൻ കഴിയുന്നുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു പബ്ലിക് ലൈബ്രറി ഉണ്ട്.

(ബി) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ക്ലോത്ത് ബുക്കുകൾ ഉണ്ട്.

(സി) ക്ലോത്ത് ബുക്കുകളുടെ ശേഖരം തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ക്ലോസ്ഡ് റഫറൻസായി സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ലൈബ്രേറിയൻ തസ്തിക നികത്താൻ നടപടി

159 [3348] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ (സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി) സ്റ്റേറ്റ് ലൈബ്രേറിയൻ തസ്തിക 2002 നവംബർ മാസം മുതൽ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തസ്തികയിൽ നിയമനം നടത്താൻ കാലതാമസം ഉണ്ടാവുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തിക നികത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയോടു ചേർന്ന് സ്ഥാപിക്കുന്ന ചിൽഡ്രൻസ് ലൈബ്രറിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(ഇ) എന്നേക്ക് ഈ ലൈബ്രറിയുടെ നിർമ്മാണം പൂർത്തിയാവും;

(എഫ്) ഈ ലൈബ്രറി വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ റൂൾ അനുസരിച്ച് ടി തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതിനാലാണ് കാലതാമസം ഉണ്ടാവുന്നത്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 10-7-1996-ൽ.

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ടുപ്രകാരം നിർമ്മാണം 8/04-ൽ പൂർത്തിയാവുമെന്ന് കരുതുന്നു.

(എഫ്) കുട്ടികൾക്ക് മെച്ചമായ ലൈബ്രറി സേവനം ലഭ്യമാക്കുന്നതിനാവശ്യമായ പ്രത്യേക പുസ്തക ശേഖരണത്തിനും ആഡിയോ വീഡിയോ മൾട്ടിമീഡിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കുട്ടികൾക്ക് വേണ്ടി സാംസ്ക്കാരികവും സാഹിത്യപരവുമായ പ്രവർത്തനങ്ങൾ നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

ടി.ടി.ഐ.കളുടെ പുനഃസംഘാടനം

160 [3349] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടി.ടി.ഐ.കൾ പുനഃസംഘാടനത്തിനായി എത്ര കോടി രൂപ കേന്ദ്രഗവൺമെന്റ് കഴിഞ്ഞ വർഷം അനുവദിച്ചിരുന്നു;

(ബി) ഇതിൽ എത്ര തുക ചെലവാക്കി;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിൽനിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ഗവൺമെന്റ് പോളിടെക്നിക്കിന് ആവശ്യമായ കമ്പ്യൂട്ടർ നൽകാൻ നടപടി

161 [3350] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് പോളിടെക്നിക്കിൽ എത്ര കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്;

(ബി) പഠനത്തിനുവേണ്ടി എത്ര കമ്പ്യൂട്ടറാണ് ആവശ്യമായിട്ടുള്ളത്;

(സി) ഈ സ്ഥാപനത്തിന് പുതിയ എത്ര കമ്പ്യൂട്ടർ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുക;

(ഡി) ഈ സ്ഥാപനത്തിന് ആവശ്യമായ കമ്പ്യൂട്ടർ ഇല്ലെങ്കിൽ കമ്പ്യൂട്ടർ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരുപത് എണ്ണം.

(ബി) അമ്പത് എണ്ണം.

(സി ആന്റ് ഡി) ബഡ്ജറ്റ് ലഭ്യത അനുസരിച്ച് കൂടുതൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.

നിർത്തലാക്കാൻ തീരുമാനിച്ച പോളിടെക്നിക്കുകൾ

162 T[3351] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോളിടെക്നിക്കുകളാണ് നിർത്തലാക്കാൻ തീരുമാനിച്ചത്; ഇതിനകം എത്രയെണ്ണം നിർത്തലാക്കി; ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) നിർത്തലാക്കിയതോ, നിർത്തലാക്കാൻ ഉദ്ദേശിക്കുന്നതുമായ പോളിടെക്നിക്കുകളിൽ എത്ര വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്/ഉള്ളത്;

(സി) പ്രസ്തുത പോളിടെക്നിക്കുകളിൽ ഏതെല്ലാം കോഴ്സുകൾ ഉണ്ടായിരുന്നു;

(ഡി) എ.ഐ.സി.ടി.യുടെ അംഗീകാരം ലഭിക്കാത്ത എത്ര പോളിടെക്നിക്കുകൾ സംസ്ഥാനത്തുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) എ.ഐ.സി.ടി.യുടെ നിബന്ധനകൾ എന്തൊക്കെയാണ്; പകർപ്പ് ലഭ്യമാക്കാമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എഫ്) കാലോചിതമായ പഠനസൗകര്യങ്ങൾ ഏർപ്പെടുത്താതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുപകരം, മെച്ചപ്പെട്ട പഠനസൗകര്യം ഏർപ്പെടുത്തി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോളിടെക്നിക്കുകളിൽ ഏർപ്പെടുത്തിയ കാലോചിതമായ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്നും ഇതിലേക്കായി ചെലവഴിച്ച തുക എത്ര എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ജി.ഒ. (ആർ.റ്റി.) നമ്പർ 524/04/ഉ.വി.വ. തീയതി 6-4-2004 പ്രകാരം 10 പോളിടെക്നിക്കുകളിലെ 2004-2005 അദ്ധ്യയന വർഷത്തെ പ്രവേശനം എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായിരിക്കും എന്ന് അറിയിച്ചിരുന്നു. ഇതിൽ 4 പോളിടെക്നിക്ക് കോളേജുകൾക്ക് 2004-2005 വർഷത്തേക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചു എങ്കിലും 16-6-2004-ൽ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.മാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ വർഷം 10 പോളിടെക്നിക് കോളേജുകളിലും പ്രവേശനം നടത്തുവാൻ തീരുമാനമായി. അതനുസരിച്ചുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) 6 എണ്ണം.

(ഇ) എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി കോഴ്സിന് ആവശ്യമായ സ്ഥലം മെട്രോ/തലസ്ഥാന നഗരിയിൽ 5 ഏക്കറും മറ്റു സ്ഥലങ്ങളിൽ 10 ഏക്കറും ഉണ്ടായിരിക്കണം. കൂടുതൽ വിവരങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്ന പകർപ്പിൽ ലഭ്യമാണ്. †

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

(ജി) 1. എ.ഐ.സി.റ്റി.ഇ. അംഗീകാരം ഉള്ള പോളിടെക്നിക്ക് കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും അതിൻപ്രകാരം 2005-2006 വർഷം വരെ തുടർച്ചയായുള്ള അംഗീകാരം എ.ഐ.സി.റ്റി.ഇ. നൽകിയിട്ടുണ്ട്.

2. 2003-2004 അദ്ധ്യയന വർഷം മുതൽ പോളിടെക്നിക്ക് കോളേജുകളിൽ പുതിയ സിലബസ് അനുസരിച്ചുള്ള അദ്ധ്യയനം നടപ്പിലാക്കി കഴിഞ്ഞു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പോളിടെക്നിക്കുകളിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വളരെയധികം തുക ചിലവഴിച്ച് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ 42 ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക്കിന്റെ ഉപയോഗത്തിനായി 333 കമ്പ്യൂട്ടറുകൾ വാങ്ങി നൽകുകയും അതിനുവേണ്ടി 93 ലക്ഷം രൂപ ചെലവാകുകയും ചെയ്തു.

4. സർക്കാർ പോളിടെക്നിക്ക്, നെടുമങ്ങാട്, കുമിളി എന്നിവയ്ക്കു വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ലിയു.ഡി. ടെൻഡർ വിളിക്കുകയും അതനുസരിച്ചുള്ള നടപടികൾ മുന്നോട്ടു പോകുന്നു. മുമ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥലങ്ങളിൽ പണികൾ പുരോഗമിച്ചുവരുന്നു.

പ്രവർത്തനം നിർത്തിവയ്ക്കുന്ന പോളിടെക്നിക്കുകൾ

163 [3352] ശ്രീ. ഇ. എം. അഗസ്തി:

,, കെ. മോഹൻകുമാർ:

,, എം. മുരളി:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര പോളിടെക്നിക്കുകളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) അവ ഗവൺമെന്റ് ഉടമയിലുള്ളതോ സ്വകാര്യ ഉടമയിലുള്ളതോ എന്ന് വ്യക്തമാക്കുമോ;

(സി) അവയുടെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള കാരണങ്ങളെന്താണ്;

(ഡി) ഏതെല്ലാം വിഷയങ്ങൾ പഠിപ്പിക്കുന്ന പോളിടെക്നിക്കുകളുടെ പ്രവർത്തനങ്ങളാണ് നിർത്തിവയ്ക്കുന്നത്;

(ഇ) ഇതേ വിഷയങ്ങൾ പഠിപ്പിക്കുന്ന വേറെ എത്ര പോളിടെക്നിക്കുകൾ നിലവിലുണ്ട്?

ഉത്തരം

(എ) ഒരു പോളിടെക്നിക്കിന്റേയും പ്രവർത്തനം നിർത്തിവച്ചിട്ടില്ല.

(ബി—ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ലാബ് അസിസ്റ്റന്റ്മാർക്ക് വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയി പ്രൊമോഷൻ

164 [3353] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ലാബ് അസിസ്റ്റന്റുമാർക്ക് വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയി പ്രൊമോഷൻ കിട്ടാൻ അർഹതയുണ്ടോ;

(ബി) ചില എയിഡഡ് മാനേജ്മെന്റുകൾ, സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി മേൽ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നില്ലായെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) നിശ്ചിത യോഗ്യതയുള്ള ലാബ് അസിസ്റ്റന്റുമാർക്ക്, വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന ഏതെങ്കിലും ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വൊക്കേഷണൽ ഹയർസെക്കണ്ടറി എയ്ഡഡ് മേഖലയിലെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) 39292/03, 20095/04 എന്നീ നമ്പരിലുള്ള റിട്ട് പെറ്റീഷനുകളിൽ പരാതിക്കാരനെ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പ്രൊമോട്ടു ചെയ്യാൻ കോടതി നിർദ്ദേശിച്ചിരുന്നു.

(ഇ) W.P. No. 39292/03-ലെ പരാതിക്കാരന് വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ആ നിയമനത്തിന് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. W.P. No. 20095/04-ലെ വിധി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഐ. ടി. അറ്റ് സ്ക്കൂൾ പദ്ധതിയിലെ ഓപ്പറേറ്റിംഗ് സിസ്റ്റം

165 [3354] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. അറ്റ് സ്ക്കൂൾ പദ്ധതി പ്രകാരം പത്താം ക്ലാസ്സുവരെയുള്ള കുട്ടികളെ പഠിപ്പിക്കുന്ന കമ്പ്യൂട്ടർ പാഠ്യപദ്ധതിയിൽ ഏതു ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിൽ പത്താം ക്ലാസ്സിലെ സിലബസ് ഈ വർഷം മാറ്റിയിട്ടുണ്ടോ;

(സി) പഴയ സിലബസ് അനുസരിച്ച് പത്താം ക്ലാസ്സിലേക്കുവേണ്ടി എത്ര പുസ്തകങ്ങൾ അച്ചടിച്ചു; ഈ വകയിൽ എത്ര രൂപ ചെലവായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ പാഠ്യപദ്ധതിയിൽ ലിനക്സിനും വിൻഡോസിനും തുല്യ പ്രാധാന്യമുള്ള ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾ ഇതിൽ ഏതെങ്കിലും ഒന്ന് പഠിച്ചാൽ മതിയാകും എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി ആന്റ് സി) പത്താം ക്ലാസ്സിലെ ഐ.ടി. പാഠപുസ്തകം ആദ്യമായി നിലവിൽ വന്നത് 2004-2005 അദ്ധ്യയന വർഷത്തിൽ ആണ്.

കോഴിക്കോട്ടോ കണ്ണൂരോ പാർട്ട്ടൈം ബി. ടെക്. കോഴ്സുകൾ ആരംഭിക്കാൻ നടപടി

166 [3356] ശ്രീ. യു. സി. രാമൻ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽനിന്നും എഞ്ചിനീയറിംഗ് ഡിപ്ലോമയെടുത്തവർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള സാദ്ധ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കോഴിക്കോട്ടോ, കണ്ണൂരോ പാർട്ട് ടൈം ബി. ടെക്. കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാറ്ററൽ എൻട്രി സ്കീം അനുസരിച്ച് തിരുവനന്തപുരം, തൃശൂർ എന്നീ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഒഴികെ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലും ഭൂരിഭാഗം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലും ഡിപ്ലോമക്കാർക്ക് മാക്സിമം 10 ശതമാനം സീറ്റുകൾ റിസർവ് ചെയ്തിട്ടുണ്ട്. ഡിഗ്രി രണ്ടാം വർഷം അഥവാ മൂന്നാം സെമസ്റ്ററിലാണ് പ്രവേശനം ലഭിക്കുന്നത്. സംസ്ഥാന തലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയിൽ നിന്നാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കൂടാതെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ പാർട്ട് ടൈം കോഴ്സ് പഠിക്കുവാനുള്ള സൗകര്യങ്ങളുണ്ട്. സംസ്ഥാനത്തെ 5 പോളിടെക്നിക്ക് കോളേജുകളിൽ ഒരു കൊല്ലത്തെ പോസ്റ്റ് ഡിപ്ലോമാ കോഴ്സും പഠിക്കുവാനുള്ള സൗകര്യങ്ങൾ ഡിപ്ലോമാക്കാർക്കുണ്ട്.

(ബി) ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരീക്ഷകൾ

167 [3357] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരീക്ഷകൾ മുൻകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന മാസങ്ങളിൽനിന്ന് മാറ്റി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് മാർച്ച് മാസങ്ങളിൽത്തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കെ.ജി.ടി.ഇ. പ്രിന്റിംഗ് പരീക്ഷ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം

168 [3358] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന കെ.ജി.റ്റി.ഇ. പ്രിന്റിംഗ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം എങ്ങനെയാണ് നടത്തിവരുന്നത്;

(ബി) ഈ വർഷം ഇതിന് കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്താൻ ഉദ്ദേശിച്ചിരുന്നോ;

(സി) ഈ തീരുമാനം മാറ്റാൻ എന്തായിരുന്നു കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയത്തിൽ വ്യാപകമായ അഴിമതി നടക്കുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഷയത്തിലുള്ള ഈ പരീക്ഷകളുടെ നടത്തിപ്പു ചുമതല സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രിന്റിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ എവിടെ വച്ചാണ് നടത്തുന്നത്; ഇതിനായി പുറത്തുനിന്നുള്ള പരിശോധകരെ നിയമിക്കാറുണ്ടോ;

(എഫ്) പരീക്ഷാർത്ഥികൾക്ക്, പ്രാക്ടിക്കൽ ചെയ്തു പരിശീലിക്കുവാൻ സർക്കാർ പ്രസ്സുകളിൽ അനുവാദം നൽകാറുണ്ടോ; ഏതെല്ലാം സർക്കാർ പ്രസ്സുകളിലാണ് ഇത്തരം അനുവാദം നൽകിയിട്ടുള്ളത്;

(ജി) ഇതിനുള്ള മാനദണ്ഡം എന്ത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന കെ.ജി.റ്റി.ഇ. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം ഹോം വാല്യുവേഷനിലൂടെയാണ് നടത്തുന്നത്. പരീക്ഷാ ബോർഡ് നൽകുന്ന പാനലിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് മൂല്യനിർണ്ണയത്തിന് നിയോഗിക്കുന്നത്. പരീക്ഷാ പേപ്പറുകളിൽ ഫാൾസ് നമ്പർ ഇട്ടതിനുശേഷമാണ് പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയത്തിനായി നൽകുന്നത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) അഴിമതി നടന്നതായി ഇതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ഈ പരീക്ഷകളുടെ നടത്തിപ്പു ചുമതല സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രിന്റിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ സർക്കാർ പ്രസ്സുകളിൽ വച്ചാണ് നടത്തുന്നത്. ഇതിനായി പുറത്തുനിന്നും പരിശോധകരെ നിയമിക്കാറില്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ ജീവനക്കാർ

169 [3359] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിന്ന് പിരിച്ചുവിട്ട ജീവനക്കാരെ സർവ്വീസിൽ പ്രവേശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് എന്ന് വ്യക്തമാക്കുമോ; പിരിച്ചുവിടപ്പെട്ട ജോലിക്കാർക്ക് അവർ ചെയ്ത ജോലിയുടെ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) എന്നാണ് ജീവനക്കാരെ പിരിച്ചുവിട്ടത്; ഇവരെ പിരിച്ചുവിടുമ്പോൾ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതായി കണക്കാക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിരുന്നോ;

(ഡി) എങ്കിൽ പിരിച്ചുവിടുമ്പോൾ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ജീവനക്കാർ സർവ്വീസിൽ ഉണ്ടായിരുന്നോ;

(ഇ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രിന്റിംഗ് ജോലികൾ സ്ഥിരമായി ഏൽപ്പിക്കുന്ന പ്രസ് ഏതാണ്;

(എഫ്) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രസ്സിൽ തന്നെ പൂർണ്ണമായി പ്രിന്റിംഗ് ജോലികൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) കേരളത്തിൽ എവിടെയൊക്കെ ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇവിടെയെല്ലാം ഏതൊക്കെ കാറ്റഗറികളിൽ, എത്ര വീതം ജോലിക്കാർ ഉണ്ട്;

(ഐ) ഇവർക്ക് ഒരു മാസം എത്ര തുക വീതം ശമ്പള ഇനത്തിൽ കൊടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും പുതിയ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യുമ്പോൾ ഇക്കാര്യം ആലോചിക്കാവുന്നതാണ്. സ്ഥാപനത്തിലെ സാമ്പത്തിക പ്രതിസന്ധിമൂലം പിരിച്ചു വിട്ടവർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക പൂർണ്ണമായി നൽകാൻ സാധിച്ചിട്ടില്ല. പല സ്ഥാപനങ്ങളിലും ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെങ്കിലും സെന്ററിന് ഈ ഇനത്തിൽ സർക്കാരിൽ നിന്ന് യാതൊരു സഹായവും ലഭിച്ചിട്ടില്ല. സർക്കാർ സഹായം ലഭ്യമായാൽ ഈ കുടിശ്ശിക ഉടനെ തന്നെ കൊടുത്തുതീർക്കാൻ സാധിക്കും.

(സി) 7-9-2002-ലാണ് ജീവനക്കാരെ പിരിച്ചുവിട്ടത്. ഇവരെ പിരിച്ചുവിടുമ്പോൾ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതായി കണക്കാക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിരുന്നില്ല.

(ഡി) ഉണ്ടായിരുന്നു.

(ഇ) സ്ഥിരമായി ഒരു പ്രസ്സിനേയും ഏൽപ്പിക്കാറില്ല.

(എഫ്) പാഠപുസ്തകങ്ങൾ ഉൾപ്പെടെ വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള എല്ലാ അച്ചടികളും സമയബന്ധിതമായി പൂർണ്ണമായി പൂർത്തീകരിക്കാനുള്ള യന്ത്രസംവിധാനം ഇപ്പോൾ സ്ഥാപനത്തിൽ നിലവിലില്ല. ഈ സംവിധാനം നടപ്പിലായാൽ വിദ്യാഭ്യാസവകുപ്പിന്റെ എല്ലാ അച്ചടി ജോലികളും പൂർണ്ണമായി ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് ചെയ്യാൻ സാധിക്കും.

(ജി—ഐ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

അഫ്സലുൽ ഉലമ വിദ്യാർത്ഥികൾക്ക് റ്റി.റ്റി.സി. പ്രവേശനത്തിന് അർഹത

170 [3360] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഫ്സലുൽ ഉലമ (പ്രിലിമിനറി) പ്രീഡിഗ്രിക്ക് തുല്യമാക്കി ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഫ്സലുൽ ഉലമ (അറബിക് സ്പെഷ്യൽ) പ്രിലിമിനറി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് റ്റി.റ്റി.സി. പ്രവേശനത്തിന് അർഹതയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

സ്കൗട്ട്സ് ആന്റ് ഗൈഡ്സ് വിദ്യാർത്ഥികൾക്കുള്ള ഇൻസന്റീവ് മാർക്ക്

171 [3361] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൗട്ട്സ് ആന്റ് ഗൈഡ്സ് വിദ്യാർത്ഥികൾക്ക് വർഷം തോറും നടത്തിവരുന്ന പരീക്ഷകൾ ഏതെല്ലാം എന്ന് വിശദീകരിക്കുമോ;

(ബി) പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഇൻസന്റീവ് മാർക്ക് ലഭിക്കുന്നുണ്ടോ;

(സി) എങ്കിൽ എത്ര മാർക്ക് വീതമാണ് നൽകുന്നത്;

(ഡി) രാജ്യപുരസ്ക്കാർ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് എത്ര മാർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ രാജ്യപുരസ്ക്കാർ പരീക്ഷ വിജയിച്ചാൽ പ്ലസ്വണ്ണിന് അപേക്ഷിക്കുമ്പോൾ ഈ മാർക്ക് കൂടുതൽ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്ലസ്വൺ അഡ്മിഷന് ഈ മാർക്ക് പരിഗണിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്കൗട്ട്സ് ആന്റ് ഗൈഡ്സ് (1) പ്രവേശ് (2) പ്രഥമ സോപാൻ (3) ദ്വിതീയ സോപാൻ (4) ത്രിതീയ സോപാൻ (5) രാജ്യ പുരസ്ക്കാർ (6) രാഷ്ട്രപതി ബാഡ്ജ് അവാർഡ് എന്നീ ആറ് ബാഡ്ജ് പരീക്ഷകളാണ് നടത്തുന്നത്.

മുകളിൽ പറഞ്ഞ ഒന്നും രണ്ടും ബാഡ്ജുകൾക്ക് യൂണിറ്റ് തലത്തിലും മൂന്നും നാലും ബാഡ്ജുകൾക്ക് ജില്ലാതലത്തിലും ടെസ്റ്റ് നടത്തുന്നു. രാജ്യ പുരസ്ക്കാർ ബാഡ്ജിന് സംസ്ഥാന തലത്തിലും രാഷ്ട്രപതി ബാഡ്ജിന് ദേശീയ തലത്തിലും വർഷംതോറും ടെസ്റ്റ് നടത്തി അർഹത നേടുന്നവർക്ക് ബാഡ്ജും സർട്ടിഫിക്കറ്റും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാജ്യപുരസ്ക്കാർ ബാഡ്ജ് ടെസ്റ്റ് പാസ്സാകുന്നവർക്കും രാഷ്ട്രപതി ബാഡ്ജ് പാസ്സാകുന്നവർക്കും ഇൻസന്റീവായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ്മാർക്ക് ലഭിക്കുന്നുണ്ട്.

(സി ആന്റ് ഡി) രാജ്യപുരസ്ക്കാർ ബാഡ്ജ് നേടുന്ന കുട്ടിയ്ക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 30 മാർക്കും രാഷ്ട്രപതി ബാഡ്ജ് നേടുന്ന കുട്ടിയ്ക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 60 മാർക്കും വീതം ഗ്രെയ്സ് മാർക്കായി നൽകുന്നു.

(ഇ ആന്റ് എഫ്) പ്ലസ്വണ്ണിന് അപേക്ഷിക്കുമ്പോൾ പ്രത്യേക മാർക്ക് നൽകുന്നില്ല.

സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനങ്ങൾ

172 [3362] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുമോ;

(ബി) കേരളത്തിൽ എത്ര സ്കൗട്ട്സ് ആന്റ് ഗൈഡ്സ് കേന്ദ്രങ്ങൾ ഉണ്ടെന്ന് വിശദീകരിക്കുമോ;

(സി) കണ്ണൂർ ജില്ലയിലുള്ള പ്രസ്തുത കേന്ദ്രങ്ങളുടെ പേര് വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിലെ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രസ്ഥാനം വിദ്യാർത്ഥികളിൽ സ്വാവേ രൂപീകരണം, ശാരീരിക ക്ഷമത, നൈപുണ്യം നേടൽ, സേവന മനോഭാവം, രാജ്യസ്നേഹം എന്നിവ ആർജിക്കാൻ ക്രമമായും ചിട്ടയായും പരിശീലനം നേടുന്നതോടൊപ്പം വിവിധ സേവന പദ്ധതികളിൽ പങ്കാളികളായും പ്രവർത്തിക്കുന്നു. വിദ്യാലയ ശുചീകരണം, നഗര ശുചീകരണം, കൊതുക് നശീകരണ പ്രവർത്തനം, ലഹരി മരുന്നിനും മദ്യത്തിനുമെതിരെയുള്ള പ്രചരണ പ്രവർത്തനം, പരിസ്ഥിതി സംരക്ഷണം, വനവൽക്കരണം, മാരക രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം, റോഡ് സുരക്ഷ നിയമം, പൊതുസ്ഥാപനങ്ങളിലെ ശുചീകരണം, സാക്ഷരതാ പ്രവർത്തനം എന്നീ സേവന പ്രവർത്തനങ്ങൾക്ക് പുറമെ ഇപ്പോൾ മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണം, ജൈവവള സംസ്ക്കരണം എന്നിവയുടെ പ്രവർത്തനവും ഏറ്റെടുത്ത് നടത്തുന്നു.

(ബി) കേരളത്തിൽ തിരുവനന്തപുരത്ത് ഒരു സംസ്ഥാന കേന്ദ്രവും 38 വിദ്യാഭ്യാസ ജില്ലകളിൽ ഓരോ ജില്ലാകേന്ദ്രവും പ്രവർത്തിക്കുന്നു.

(സി) കണ്ണൂർ റവന്യൂ ജില്ലയിൽ 2 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

1. കണ്ണൂർ ജില്ലാ കേന്ദ്രം.
2. തലശ്ശേരി ജില്ലാ കേന്ദ്രം.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ മേഖലയിൽ കായികവിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ

173 [3363] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2003-2004 വർഷം ദേശീയ സ്കൂൾ മത്സരങ്ങളിൽ കേരളത്തിന് ഏതെല്ലാം വിഭാഗങ്ങളിൽ നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ വർഷം സ്കൂൾ മേഖലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സിന്റെ വികസനത്തിന് ബജറ്റിൽ ഹെഡ് ഓഫ് അക്കൗണ്ട് 2204-101-96-ൽ എന്ത് തുക വകകൊള്ളിച്ചിട്ടുണ്ട്;

(സി) 2004-2005 വർഷത്തിൽ കേരളത്തിലെ സ്കൂളുകളിലെ സ്പോർട്സിന്റെ ഉന്നമനത്തിനായി ഹെഡ് ഓഫ് അക്കൗണ്ട് 2204-101-96-ൽ വക കൊള്ളിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) കായികമേഖലയിൽ മികച്ചുനിൽക്കുന്ന കേരളത്തിലെ സ്കൂളുകൾക്ക് ബജറ്റിൽ കൂടിയ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്കൂളുകളിലെ കായികതാരങ്ങൾക്ക് ആഹാരത്തിന് ദിനംപ്രതി എത്ര രൂപയാണ് നൽകുന്നത്; ഈ തുക ആഹാരത്തിന് പര്യാപ്തമാണോ;

(എഫ്) ആഹാരത്തിന് നൽകുന്ന തുക ഒരു കൊല്ലത്തേക്ക് ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്കൂളുകൾക്ക് എന്തു തുക വീതമാണ് വേണ്ടിവരുന്നത്; ഇത് രണ്ടു സ്കൂളുകളിലേയും വേർതിരിച്ച് വെളിപ്പെടുത്തുമോ; ഈ സ്കൂളുകളിൽ ഇപ്പോൾ എത്ര കുട്ടികൾ വീതമുണ്ട്;

(ജി) ഈ രണ്ട് സ്കൂളുകളുടേയും ഈ ഇനത്തിൽ 2004-2005 വർഷത്തിലെ ബജറ്റിൽ വകകൊള്ളിച്ച തുക കുട്ടികളുടെ ഒരു കൊല്ലത്തെ ആഹാരത്തിന് പര്യാപ്തമാണോ;

(എച്ച്) കേരളാ സ്കൂൾ മേഖലയിലെ കായിക വിദ്യാഭ്യാസവും, സ്പോർട്സും കേരള സ്പോർട്സ് കൗൺസിലുമായുള്ള ബന്ധം വെളിപ്പെടുത്താമോ;

(ഐ) വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടിയാണോ സ്പോർട്സ് കൗൺസിൽ സ്കൂളുകളുടെ മിനി ഗെയിംസ് നടത്തുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന സ്പോർട്സ് വിദ്യാർത്ഥികൾക്ക് സ്ക്കൂളിൽ ഹാജരാകുവാൻ സാധിക്കാത്തതിന്റെ പേരിൽ പാഠ്യവിഷയങ്ങളും മറ്റും നഷ്ടപ്പെടുന്നതിന് പരിഹാരമായി നൽകിവരുന്ന 10-ാം ക്ലാസ്സിലെ ഗ്രേസ് മാർക്ക് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ ഓർഡർ നമ്പരും തീയതിയും വിശദാംശങ്ങളും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-2004 വർഷം ദേശീയ സ്ക്കൂൾ മത്സരങ്ങളിൽ കേരള ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

(സി) സ്ക്കൂൾ മേഖലയിൽ കായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനായി പദ്ധതിയിനത്തിലാണ് മുൻകാലങ്ങളിൽ വിഹിതം ഉൾക്കൊള്ളിച്ചിരുന്നത്. വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന കായിക പ്രവർത്തനങ്ങൾ ഒരു ഏകീകൃത ഏജൻസിയുടെ (കേരള സ്പോർട്സ് അതോറിറ്റി) നിയന്ത്രണത്തിൽ നടപ്പിലാക്കാനാണ് കേരള സ്പോർട്സ് ആക്ട് വിഭാവന ചെയ്യുന്നത്. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സ്ക്കൂളുകളിലെ കായിക പ്രവർത്തനങ്ങൾക്കായി 2204-01-101-96 എന്ന ശീർഷകത്തിൽ പ്രത്യേക വിഹിതം പദ്ധതിയിനത്തിൽ വകയിരുത്താത്തത്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ജി. വി. രാജ സ്പോർട്സ് സ്ക്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ക്കൂളുകളിലെ കായികതാരങ്ങളുടെ ആഹാരത്തിനായി ഒരു കുട്ടിക്ക് ഒരു ദിവസം 30 രൂപാ ക്രമത്തിലാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(എഫ്) ജി. വി. രാജ സ്പോർട്സ് സ്ക്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ ആഹാരത്തിനായി ഒരു കുട്ടിക്ക് ഒരു ദിവസം 30 രൂപാ ക്രമത്തിൽ ഒരു വർഷത്തേക്ക് 30,24,000 രൂപാ വേണ്ടി വരുന്നു. ജി. വി. രാജ സ്പോർട്സ് സ്ക്കൂളിലെ ഡയറ്റ് ചാർജ്ജിലേക്കായി ഒരു വർഷം 22,68,000 രൂപയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കുട്ടികളുടെ ഡയറ്റ് ചാർജ്ജിലേക്കായി ഒരു വർഷം 7,56,000 രൂപയും വേണ്ടിവരുന്നു.

ജി. വി. രാജ സ്പോർട്സ് സ്ക്കൂളിൽ 8, 9, 10 ക്ലാസ്സുകളിലായി 270 കുട്ടികളും, കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ 90 കുട്ടികളും ഇപ്പോൾ പഠിക്കുന്നുണ്ട്.

(ജി) പര്യാപ്തമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേരളാ സ്ക്കൂൾ മേഖലയിലെ കായിക വിദ്യാഭ്യാസവും, സ്പോർട്സും കേരള സ്പോർട്സ് കൗൺസിലുമായി യാതൊരു ബന്ധവുമില്ല.

(ഐ) അല്ല.

(ജെ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 4-2-2004-ലെ സ.ഉ. (പി) 53/04/പൊ.വി.നമ്പർ സർക്കാർ ഉത്തരവനുസരിച്ച് 2004-2005 അദ്ധ്യയന വർഷം മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രേഡിംഗ് സമ്പ്രദായത്തിൽ 'ഗ്രേസ് മാർക്ക്' നൽകേണ്ടതില്ലായെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

മന്ത്രിമാരുടെ ഓഫീസുകളിലും വസതികളിലും വരുത്തുന്ന പത്രമാസികകൾ

174 [3364] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ ഓഫീസുകളിലും വസതികളിലും വരുത്തുന്ന പത്രമാസികളുടെ ചെലവുവഹിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോഴത്തെ പൊതുഭരണ വകുപ്പ് നിലവിൽ വരുന്നതിനുമുമ്പ് (ഏതാണ്ട് 30 വർഷങ്ങൾക്കുമുമ്പ്) ഉണ്ടായിരുന്ന പൊതുവകുപ്പ് ഇതു സംബന്ധിച്ച ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കോപ്പി ഉടൻ ലഭ്യമല്ല.

പ്രവാസി സംഘടനകളുടെ രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ

175 [3365] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി സംഘടനകൾക്ക് പ്രത്യേക രജിസ്ട്രേഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രവാസി സംഘടനകളുടെ രജിസ്ട്രേഷന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവാസി സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) രജിസ്ട്രേഷൻ സംബന്ധിച്ച മാർഗ്ഗരേഖകൾ പൂർത്തിയായി വരുന്നു.

റൂട്ട്സ് എൻ. ആർ. ഐ. ഡെവലപ്മെന്റ് സൊസൈറ്റി ഇനിഷ്യേറ്റിങ് കമ്പനി

176 [3366] ശ്രീ. മഞ്ഞളാംകുഴി അലി:

„ എ. സി. മൊയ്തീൻ:

„ രാജു എബ്രഹാം:

„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനത്തിനായി 'റൂട്ട്സ് എൻ. ആർ. ഐ. ഡവലപ്മെന്റ് സൊസൈറ്റി ഇനിഷ്യേറ്റിങ്' എന്ന ഒരു കമ്പനി പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത കമ്പനിയുടെ ഘടന വ്യക്തമാക്കാമോ;

(ഡി) 2003-2004 വർഷം ഈ കമ്പനിയുടെ പ്രവർത്തനത്തിനായി ബഡ്ജറ്റിൽ എന്തു തുക ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നും എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ഇ) ഈ വർഷം പ്രസ്തുത കമ്പനി പ്രവാസി മലയാളികൾക്കായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനത്തിനായി നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി 'റൂട്ട്സ് എൻ. ആർ. കെ. ഡവലപ്മെന്റ് സൊസൈറ്റി ഇനിഷ്യേറ്റിങ്' എന്ന ഒരു കമ്പനി പ്രവർത്തിക്കുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ രൂപീകരിക്കുന്ന സാന്ത്വന സഹായ നിധി, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പ്രവാസി സ്വാശ്രയ എന്ന സാമൂഹ്യ സുരക്ഷാ പദ്ധതി, പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമോപദേശം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള നിയമ സമീക്ഷ എന്നിവയാണ് റൂട്ട്സ് നടപ്പിലാക്കുന്ന പ്രധാന ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ. ഉപഭോക്തൃ സംരംഭകത്വ വികസന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ മൈക്രോ ക്രെഡിറ്റ് ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിച്ചു കൊണ്ട് ഉപഭോക്തൃ സംരംഭകത്വ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ റൂട്ടസ് കൈക്കൊള്ളുന്നുണ്ട്. ജോലി തേടി വിദേശത്തേക്ക് പോകുന്ന മലയാളി ആർജ്ജിക്കുന്ന അന്തർദേശീയ ബന്ധം, അനുഭവ ജ്ഞാനം, കാലോചിതമായി പരിഷ്ക്കരിക്കപ്പെട്ട തൊഴിൽ വൈദഗ്ദ്ധ്യം, മെച്ചപ്പെട്ട സമ്പാദ്യം എന്നീ അനുകൂല ഘടകങ്ങൾ ഏകീകരിച്ച് അവരുടെ പുനരധിവാസം ലക്ഷ്യമാക്കുന്ന പദ്ധതികളും റൂട്ട്സ് ആവിഷ്ക്കരിക്കുന്നുണ്ട്.

(സി) 1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സെക്ഷൻ 25 കമ്പനിയാണ് 'റൂട്ടസ് എൻ. ആർ. കെ. ഡവലപ്മെന്റ് ഇനിഷേറ്റീവ്'. 26 ശതമാനം സർക്കാർ പങ്കാളിത്തവും 74 ശതമാനം സ്വകാര്യ വ്യക്തികളുടെ ഓഹരി മുതൽ മുടക്കുമുള്ള പ്രസ്തുത കമ്പനിയുടെ ചെയർമാൻ നോർക്ക വകുപ്പ് മന്ത്രിയും വൈസ് ചെയർമാൻ നോർക്ക വകുപ്പ് സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥനുമായിരിക്കും.

(ഡി) 2003-2004 സാമ്പത്തിക വർഷത്തിൽ റൂട്ട്സിന് 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 19,43,604 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) നിയമസഹായസെൽ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതി, അനധികൃത റിക്രൂട്ട്മെന്റിനെതിരെയുള്ള ബോധവൽക്കരണം, വിദേശ രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും തൊഴിലന്വേഷകരെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനുമുള്ള ഇ-മാപ്പിംഗ് അഥവാ എംപ്ലോയ്മെന്റ് മാപ്പിംഗ് തുടങ്ങിയ പദ്ധതികളാണ് റൂട്ട്സ് പ്രവാസി മലയാളികൾക്കായി ഈ വർഷം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

177 [3367] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിക്കുവേണ്ടി സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യേണ്ടവർക്ക് സർട്ടിഫിക്കറ്റ് സമർപ്പിച്ച് എത്ര ദിവസം കഴിഞ്ഞാണ് ഇപ്പോൾ മടക്കി കൊടുക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്തുകിട്ടാനുള്ള ബുദ്ധിമുട്ടു കാരണം വിദേശത്ത് ജോലി ലഭിക്കുന്നതിന് തടസ്സമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലകൾ തോറും അറ്റസ്റ്റിംഗ് സെന്റർ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന റൂട്ടസ് എൻ. ആർ. കെ. ഡവലപ്മെന്റ് ഇനിഷേറ്റീവിൽ ആരംഭിച്ചിട്ടുള്ള കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക കേന്ദ്രത്തിൽ നിന്നും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലെ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും യു.എ.ഇ. എംബസ്സിയുടെയും സാക്ഷ്യപ്പെടുത്തലുകൾക്ക് ശേഷം പരമാവധി 30 മുതൽ 45 ദിവസം കഴിഞ്ഞ് അപേക്ഷകന് മടക്കി കൊടുക്കുന്നുണ്ട്.

(ബി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. വിദേശകാര്യ മന്ത്രാലയം, യു.എ.ഇ. എംബസ്സി എന്നിവയിൽനിന്നും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി മുംബൈയിലെ യു.എ.ഇ. കോൺസുലേറ്റ് വഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്രവിദേശകാര്യ മന്ത്രാലയം അറിയിച്ചതിൻപ്രകാരം സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ ജോലികൾ കേരളത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം നിലവിൽ വരുന്നതോടെ ഇപ്പോൾ ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വലിയൊരളവുവരെ ഒഴിവാകുന്നതാണ്.

(സി) കോഴിക്കോട്ടും കൊച്ചിയിലും സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

യു.എ.ഇ.-യിൽ പോകുന്നവർക്കുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

178 [3368] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ.-ൽ പോകുന്നവർക്കുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ നടത്തുവാൻ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രവർത്തനം ആരംഭിച്ചോയെന്ന് വെളിപ്പെടുത്താമോ;

(സി) കൂടുതൽ പേരുടെ അറ്റസ്റ്റേഷൻ നടത്തുവാൻ കഴിയുന്ന തരത്തിൽ സംവിധാനം വിപുലപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ ജോലികൾ കേരളത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചുകൊണ്ടുള്ള വിദേശകാര്യ മന്ത്രാലയത്തിന്റെ കത്ത് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സംവിധാനം നിലവിൽ വരുന്നതോടെ കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

വിദേശത്ത് ജോലിയിൽനിന്ന് വിരമിച്ചു വരുന്നവർക്ക് പെൻഷൻ പദ്ധതി

179 [3369] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ ജോലിയിൽനിന്ന് വിരമിച്ച് വരുന്നവർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതിനകം എത്ര പെൻഷനുള്ള അപേക്ഷകൾ കൈപ്പറ്റിയിട്ടുണ്ടെന്നും ഇതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിലെ ജോലിയിൽ നിന്ന് വിരമിച്ചു വരുന്നവർക്ക് പ്രത്യേകമായി പെൻഷൻ പദ്ധതി ഒന്നും പ്രഖ്യാപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

23-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത 3188, 3209, 3225, 3246, 3263, 3269, 3271, 3273, 3292, 3304, 3313, 3321, 3335, 3339, 3340, 3341, 3342, 3344, 3345, 3355 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

II. അടിയന്തിരപ്രമേയം

ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്തത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഫീസ് അടയ്ക്കാൻ നിർവ്വാഹമില്ലാതെ ഗവൺമെന്റ് കോളേജിൽ നിന്നും പുറത്താക്കപ്പെടുകയും ബാങ്ക് ലോൺ നിഷേധിക്കപ്പെടുകയും ചെയ്തതിനാൽ അടൂർ ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജിലെ പട്ടികജാതി വിദ്യാർത്ഥിനിയും വെള്ളറട സ്വദേശിനിയുമായ രജനി എസ്. ആനന്ദ്, (20 വയസ്സ്) ഇന്നലെ പ്രവേശന പരീക്ഷാ കമ്മിഷണർ ആഫീസ് കെട്ടിടത്തിന്റെ ഏഴാമത്തെ നിലയിൽ നിന്നും ചാടി ജീവനൊടുക്കിയിരിക്കുന്നു. ഉന്നത മാർക്ക് നേടി മെറിറ്റിൽ എൻജിനീയറിംഗ് പ്രവേശനം നേടിയ വിദ്യാർത്ഥിനിക്ക് ബാങ്ക് ലോൺ നിഷേധിച്ചതുമൂലം തുടർ പഠനം നടത്താൻ കഴിയാതെ ആത്മഹത്യ ചെയ്തെന്നറിഞ്ഞ് നാട്ടുകാരും ജനങ്ങളുമാകെ കടുത്ത ഉൽക്കണ്ഠയിലായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, അത്യന്തം ദാരുണമായ ഒരു സംഭവത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർമാർ സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിനിക്ക് സംഭവിച്ച ദുരന്തം, ആ കുട്ടിയുടെ ബന്ധുക്കളേയും അയൽവാസികളേയും മാത്രമല്ല ആ വാർത്ത കേട്ടവരേയും തന്നെ അക്ഷരാർത്ഥത്തിൽ നടുക്കിയിരിക്കുകയാണ്. ഗവൺമെന്റിനും എനിക്കും എല്ലാവർക്കും ഈ സംഭവത്തിൽ അഗാധമായ ദുഃഖമുണ്ട്. നിർഭാഗ്യകരമായ ഈ സംഭവത്തിലേയ്ക്ക് വഴി തെളിച്ചതിന്റെ എല്ലാ വിവരങ്ങളും ഇപ്പോഴും ലഭ്യമായിട്ടില്ല. അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കിട്ടിയ പ്രാഥമിക വിവരങ്ങൾ മാത്രമാണ് ഞാൻ സഭയുടെ മുമ്പാകെ വയ്ക്കുന്നത്. കൂടുതൽ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം വെള്ളറട പാട്ടക്കുടിവിള വീട്ടിൽ ശിവാനന്ദന്റെ മകൾ 20 വയസ്സുള്ള രജനി എസ്. ആനന്ദ് 22-7-2004-ന് വൈകുന്നേരം നാലര മണിയോടുകൂടി ചെങ്കൽച്ചൂളയിൽ സ്ഥിതി ചെയ്യുന്ന ഹൗസിംഗ് ബോർഡ് കെട്ടിടത്തിന്റെ ഏഴാം നിലയിൽ നിന്നും താഴോട്ട് ചാടി. ഇതു കണ്ട ഫയർ സ്റ്റേഷനിലെ ഒരു ഫയർമാനും മറ്റൊരാളും ചേർന്ന് ജനറലാശുപത്രിയിൽ എത്തിക്കുകയും അവിടെ വച്ച് ഡോക്ടർമാർ പരിശോധിച്ചതിൽ രജനി മരിച്ചു എന്നറിയിച്ചു. ഈ കാര്യത്തിന് തമ്പാനൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള അടൂർ എൻജിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ എൻജിനീയറിംഗിന് പഠിച്ചിരുന്ന രജനി ആത്മഹത്യ ചെയ്യാനുണ്ടായ കാരണത്തെ പറ്റിയും സാഹചര്യത്തെപ്പറ്റിയും പോലീസ് വിശദമായ അന്വേഷണം നടത്തിവരുന്നു. പട്ടികജാതി മണ്ണാൻ സമുദായത്തിൽപ്പെട്ട രജനി മെറിറ്റ് സീറ്റിൽ പ്രവേശനം നേടി അടൂർ എൻജിനീയറിംഗ് കോളേജിൽ പഠിച്ചിരുന്നതും അവിടെ ഹോസ്റ്റലിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസിച്ചിരുന്നതുമാണ്. എന്നാൽ ഹോസ്റ്റൽ ഫീസും മറ്റു ചെലവുകളും വഹിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ കഴിഞ്ഞ ഒരു വർഷത്തിലധികമായി വീട്ടിൽ നിൽക്കുകയായിരുന്നു എന്നും തുടർന്നു പഠിക്കുന്നതിന് ബാങ്ക് ലോണിന് അപേക്ഷിച്ചിട്ടും ആയത് കിട്ടാത്തതിലുള്ള മനോവിഷമത്തിൽ രജനി കഴിഞ്ഞുവന്നിരുന്നതായും രജനിയുടെ സഹോദരൻ പോലീസിനു നൽകിയ മൊഴിയിൽ പറയുന്നുണ്ട്. അടൂർ കോളേജ് ഓഫ് എൻജിനീയറിംഗിൽ പഠിക്കുന്ന എസ്.സി./എസ്.ടി., ഒ.ഇ.സി. കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യ ഇനത്തിൽ ജൂൺ മാസത്തിൽ 5,19,000 രൂപയുടെ ചെക്ക് നൽകി. കോളേജധികൃതർ ജൂലായ് മാസത്തിൽ അധികമായിട്ടുള്ള 1,45,000 രൂപയുടെ ഡ്രാഫ്റ്റ് മടക്കി ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചു. ഏതായാലും ഈ സംഭവത്തിൽ എനിക്കു കിട്ടിയ പ്രാഥമിക വിവരങ്ങളാണ് ഞാൻ സഭയുടെ മുമ്പിൽ വച്ചത്. ഈ സംഭവത്തിൽ സഭാഗംങ്ങൾക്ക് ഉൽക്കണ്ഠയുണ്ടാകുന്നത് സ്വാഭാവികമാണ്. ഈ സംഭവം ഇന്നലെ ഇലക്ട്രോണിക് മീഡിയയിൽക്കൂടി കേട്ടപ്പോൾ, ഇന്ന് പത്രമാധ്യമങ്ങളിൽ വായിച്ചുകഴിഞ്ഞപ്പോൾ എല്ലാവരും ഈ സംഭവത്തിൽ ഞെട്ടുകയും ദുഃഖിക്കുകയും ചെയ്തു. ഇത് ഗൗരവമായിട്ട് ഗവൺമെന്റ് കാണുകയാണ്. ഇതിന്റെ എല്ലാ കാരണങ്ങളും അടിയന്തിരമായി അന്വേഷിക്കും. ആരുടെയെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടി എടുക്കും. ഏതായാലും സഭയിലുള്ള അംഗങ്ങൾക്കൊപ്പം ഈ സംഭവത്തിൽ എന്റെ ദുഃഖവും അനുശോചനവും അറിയിക്കുന്നു. ഇതാണ് പ്രാഥമികമായി എനിക്കു പറയാനുള്ളത്. കൂടുതൽ അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: സർ, കേരളക്കരയെയാകെ നടുക്കിയ അതിദാരുണമായ സംഭവം, രജനി എന്ന പെൺകുട്ടി ആത്മഹത്യ ചെയ്ത അതിദാരുണമായ ഈ സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ദുഃഖകരമാണെന്ന് വ്യക്തമാക്കുകയുണ്ടായി. അതേ സമയം നിർഭാഗ്യകരവും കൂടിയാണെന്ന് വിശേഷിപ്പിക്കേണ്ടതായിരുന്നു. ഇത്രയും അമ്പരപ്പിച്ച, ഞെട്ടിച്ച ഈ സംഭവം ഉണ്ടായിട്ടും ഇതുപോലുള്ള ഒരു പ്രശ്നത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് പറയാൻ അങ്ങേയ്ക്ക് എങ്ങനെയാണ് മനസ്സു വന്നതെന്ന് ഞാൻ അത്ഭുതപ്പെട്ടുപോകുകയാണ്. ഫീസടയ്ക്കാൻ യാതൊരു ഗത്യന്തരവുമില്ലാതെ അടൂർ ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജിൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഒരു പെൺകുട്ടി സാമ്പത്തികമായി വളരെയേറെ പിന്നിലുള്ള ഒരു കുടുംബം, അലക്കുതൊഴിലാളിയുടെ ഒരു മകൾ, അങ്ങനെയുള്ള രജനി ഒന്നാം വർഷം എൻജിനീയറിംഗ് കോളേജിൽ ആറു മാസം പിന്നിട്ടപ്പോഴാണ് സാമ്പത്തിക പ്രയാസത്തിന്റെ നടുക്കയത്തിൽ അകപ്പെട്ടുപോകുന്നത്. കോളേജ് ഫീസ് അടയ്ക്കാനില്ല, ഹോസ്റ്റൽ ഫീസ് അടയ്ക്കാനില്ല, അങ്ങനെയുള്ള സന്ദർഭത്തിൽ, 6 മാസം കഴിഞ്ഞപ്പോഴാണ് ആ കുട്ടിയെ ഹോസ്റ്റലിൽനിന്നും പുറത്താക്കുന്നത്. ഇന്നലെ നാലര മണിക്ക് നമ്മളെല്ലാം അറിയുന്നത് സെക്രട്ടേറിയറ്റിന്റെ, അങ്ങയുടെ ഓഫീസിന്റെ മുക്കിനുതാഴെ, പരീക്ഷാ കൺട്രോളറുടെ ഓഫീസ് പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡിന്റെ ഏഴാം നിലയിലേയ്ക്ക് ഉറച്ച തീരുമാനമെടുത്തു പോയ

LIBRARY ARCHIVES Kerala Legislative Assembly

ആ കുട്ടി അവിടെനിന്നും ചാടി ആത്മഹത്യ ചെയ്തതായാണ്. ആത്മഹത്യ ചെയ്ത കുട്ടിയുടെ ബാഗ് പരിശോധിച്ചപ്പോൾ കണ്ടെത്തിയത് എന്തായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ. ഒന്നും എഴുതാത്ത ഒരു നോട്ട് ബുക്കിൽ ആ കുട്ടി എഴുതിവച്ചത് ഞാൻ ഈ ലോകത്ത് ജീവിക്കാൻ ആഗ്രഹിക്കുന്നില്ല, ഈ ലോകത്തോട് വിടപറയുകയാണ് എന്നാണ്. അങ്ങയോട് ഞാൻ ചോദിക്കട്ടെ, ആ പെൺകുട്ടിയെ ഇങ്ങനെ ആത്മഹത്യയിലേയ്ക്കെത്തിക്കാനിടയായ സാഹചര്യം അങ്ങ് വിശദീകരിച്ചു, കേരളത്തിൽ അങ്ങയുടെ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തിന്റെ നയത്തിന്റെ ഒരു രക്തസാക്ഷിയായി ഈ കുട്ടി മാറിയിരിക്കുന്നു.....(ബഹളം)..... മനുഷ്യ മനഃസാക്ഷി എന്നതുണ്ടെങ്കിൽ ഈ പ്രശ്നത്തിലെങ്കിലും അപ്പുറത്തിരിക്കുന്നവർ ബഹളം കൂട്ടില്ല. ആനുകൂല്യങ്ങൾ പിൻവലിച്ചു, മണ്ഡുതരത്തിലുള്ള ആനുകൂല്യം കൊടുക്കാൻ പറ്റില്ല, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായാലും അവർക്ക് ഡബിൾ ആനുകൂല്യം കൊടുക്കാൻ പറ്റില്ലെന്ന് നമ്മുടെ ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി ഡോ. എം. എ. കുട്ടപ്പൻ ഈ സഭയിൽ വച്ചുതന്നെയല്ലേ പറഞ്ഞത്? എനിക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയോട് ഒറ്റ ചോദ്യമാണ് ചോദിക്കാനുള്ളത്, എന്തിനാണ് ഹോസ്റ്റലിൽ നിന്നും ഈ കുട്ടിയെ പുറത്താക്കിയത്? മാത്രമല്ല, ഈ കുട്ടി വീണ്ടും കോളേജിൽ പോയി, ഹോസ്റ്റലിൽ പോയി, എനിക്ക് ഹോസ്റ്റൽ ഫീസ് അടയ്ക്കാൻ യാതൊരു നിവർത്തിയുമില്ല, ഇപ്പോൾത്തന്നെ കടംവാങ്ങിയാണ് എന്റെ അച്ഛൻ ഫീസ് അടച്ചിട്ടുള്ളത്, അതുകൊണ്ട് ഹോസ്റ്റലിൽ താമസിക്കാൻ എന്നെ അനുവദിക്കണമെന്ന് ആ കുട്ടി കേണപേക്ഷിച്ചു. പക്ഷേ അനുവദിച്ചില്ല. അവസാനം ടി. സി. ചോദിച്ചപ്പോൾ അടയ്ക്കാൻ ബാക്കിയുള്ള ഫീസ് അടച്ചാലേ ടി. സി. തരികയുള്ളൂ എന്നു പറയുന്ന ക്രൂരത. അതിനുശേഷം ആ കുട്ടിയുടെ പുസ്തകവും ഡ്രസ്സും അവിടെയുണ്ടായിരുന്ന സാധനങ്ങളും തരണമെന്ന് അപേക്ഷിച്ചപ്പോൾപോലും അലിവ് തോന്നാൻ ആ മാനേജുമെന്റിനും ഹോസ്റ്റൽ വാർഡനും കഴിഞ്ഞില്ല എന്നുള്ളത് ഏറ്റവും വലിയ ക്രൂരതയല്ലേ? ആ പെൺകുട്ടിയുടെ മനസ്സിനെ വേദനിപ്പിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണുണ്ടായിട്ടുള്ളത്. ഈ ലോകത്ത് തന്നെ ആരും സാമ്പത്തികമായി സഹായിക്കാനില്ലെന്നുള്ള ഒരവസ്ഥയിൽ എത്തിപ്പെട്ടപ്പോൾ അങ്ങേയറ്റം മനംനൊന്താണ് ആ കുട്ടി ഈ ക്രൂരകൃത്യം ചെയ്തിട്ടുള്ളത്. എസ്. എസ്. എൽ. സി.-ക്കും പ്ലസ് ടുവിനും ഡിസ്റ്റിംഗ്ഷൻ വാങ്ങിയ ബുദ്ധിശക്തിയുള്ള കുട്ടിയാണ് മൺകൂരയിൽ ജനിച്ച് മണ്ണെണ്ണ വിളക്കിന്റെ പ്രകാശത്തിൽ പഠിച്ചാണ് ഈ പെൺകുട്ടി ഇത്രയും ഉയർന്ന മാർക്കു വാങ്ങിയത്. വെള്ളറടയിലും നെയ്യാറ്റിൻകരയിലുമുള്ള ജനങ്ങളുടെയാകെ സ്നേഹത്തിനും ആദരവിനും പാത്രീഭൂതയായ പെൺകുട്ടിയാണ്. ഒരു സാധാരണക്കാരിയായ പെൺകുട്ടിയല്ല. നമ്മുടെ ബഹുമാനപ്പെട്ട തമ്പാനൂർ രവി എം. എൽ. എ.-യുടെ മണ്ഡലമായ നെയ്യാറ്റിൻകരയിലുള്ള കുട്ടിയാണ്, ആ കുട്ടി വളരെയധികം അവാർഡുകൾ വാങ്ങിയിട്ടുണ്ട്. അങ്ങനെ മൺകൂരയിൽ, ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ചുപോയി എന്നുള്ളത് ഒരു കുറ്റമാണോ? ആ പെൺകുട്ടി മുട്ടാത്ത വാതിലുകളില്ല. ഇവിടെ സഭയിൽ വച്ചുതന്നെ പല തവണകളായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമൊക്കെ പറയുകയുണ്ടായത് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

വിഷമം, അവർക്ക് ദാരിദ്ര്യമായാൽപ്പോലും ബാങ്കുകളിൽ നിന്നും വായ്പ കിട്ടും; അത് ജോലി കിട്ടിയതിനുശേഷം തിരിച്ചടച്ചാൽ മതി എന്നാണ്. ഞാൻ അങ്ങയോട് ചോദിക്കുകയാണ്, കേരളത്തിലെ പാവപ്പെട്ട കുടുംബത്തിൽ പിറന്നുപോയവർക്ക് ബുദ്ധിശക്തിയുണ്ടായാലും പഠിക്കാനുള്ള അവസരം നഷ്ടപ്പെട്ടു എന്നതല്ലേ ഇത് വ്യക്തമാക്കുന്നത്? ബാങ്ക് ഉദ്യോഗസ്ഥന്മാർ ഈ പെൺകുട്ടിയുടെ വീട്ടിലേയ്ക്കും വന്നു. ഇന്ത്യൻ ഓവർസീസ് ബാങ്ക് ഉൾപ്പെടെയുള്ള പല ബാങ്കുകളുടേയും ഉദ്യോഗസ്ഥന്മാരെ ആ കുട്ടിയുടെ രക്ഷാകർത്താക്കൾ കണ്ടു. പക്ഷേ ബാങ്ക് ഉദ്യോഗസ്ഥന്മാർ ആ കുട്ടിയുടെ വീടുകണ്ടപ്പോൾ തന്നെ ലോൺ കൊടുക്കാൻ പറ്റില്ലെന്ന് ഉറപ്പിച്ചു. എന്തുകൊണ്ടാണ് ലോൺ കൊടുക്കാത്തത്? രണ്ടുസെന്റ് ഭൂമി മാത്രമേയുള്ളൂ, ഒരു മൺകൂരയാണ്. എന്തുകണ്ടാണ് ലോൺ കൊടുക്കേണ്ടത് എന്നാണ് ഉദ്യോഗസ്ഥന്മാർ ചോദിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പുമന്ത്രിയുമെല്ലാം പറഞ്ഞത് എവിടെപ്പോയി? അതെല്ലാം ജലരേഖയായി മാറിയില്ലേ? ഒരു പെൺകുട്ടിക്ക് ബാങ്കിൽനിന്നും വായ്പ കിട്ടുന്നില്ല, വായ്പ കിട്ടാത്തത് തിരിച്ചടയ്ക്കാൻ കഴിവില്ലാത്തതുകൊണ്ടാണ് എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം പണമുള്ളവർക്കുമാത്രമേ ബാങ്കും കടംകൊടുക്കുകയുള്ളൂവെന്നാണ്. പണമുള്ളവർക്കുമാത്രമേ ഇന്ന് കേരളത്തിൽ പഠിക്കാൻ കഴിയുന്ന ഒരു സാഹചര്യമുള്ളൂ. കഴിഞ്ഞ കാലങ്ങളിലെല്ലാം കേരളത്തിൽ ബുദ്ധിശക്തിയുണ്ടെങ്കിൽ, കഴിവുണ്ടെങ്കിൽ, പഠിക്കാൻ സാമർത്ഥ്യമുണ്ടെങ്കിൽ, ഏതറ്റംവരേയും ഉയർന്നു പഠിക്കാൻ കഴിയുമായിരുന്നു. ഇന്ന് ആ സ്ഥിതിയെല്ലാം മാറി, വിദ്യാഭ്യാസം പൂർണ്ണമായും ലാഭക്കൊതിയന്മാരുടെ കൈയിലേയ്ക്ക് അകപ്പെട്ടുപോയിരിക്കുന്നു. ഇത് ഗവൺമെന്റ് നിയന്ത്രണമുള്ള ഐ.എച്ച്.ആർ.ഡി. കോളേജാണെന്നു പറഞ്ഞിട്ട് കാര്യമില്ല, ഗവൺമെന്റുതന്നെ കനത്ത ഫീസ് ചുമത്തിയിരിക്കുകയാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിൽ ഏറ്റവും വലിയ പിശുക്ക് കാണിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെയൊരു ദുരന്തം നമ്മുടെ കേരളത്തിലുണ്ടായത് ആദ്യത്തേതാണ്, ഇത് അവസാനത്തേതുമാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഇനി കേരളത്തിൽ ഇങ്ങനെയൊരവസ്ഥയുണ്ടാകാൻ അനുവദിക്കരുത്. ഈ കുട്ടിക്കുമാത്രമല്ല ബാങ്ക് ലോൺ നിഷേധിച്ചിട്ടുള്ളത് എന്നെനിക്കറിയാം, നമ്മുടെ ബഹുമാനപ്പെട്ട കെ. കെ. ജയചന്ദ്രൻ ഇടുക്കി ഹൈറേഞ്ചിലെ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ലോൺ നിഷേധിച്ച സംഭവം സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് പരാതി കൊടുക്കുകയുണ്ടായി, ഒരു നടപടിയുമില്ല. ഗവൺമെന്റിന് ഏതിലാണ് ശ്രദ്ധ? കുട്ടികളുടെ പഠന കാര്യത്തിലോ, അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിലോ, അവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പഠിച്ചുയരാൻ കഴിയുന്ന കാര്യത്തിലോ യാതൊരു താല്പര്യവും ഈ ഗവൺമെന്റിനില്ല. നമ്മുടെ കേരളത്തിൽ ഏറ്റവും പരിഗണനയർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണ് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർ. പക്ഷേ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട, പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് യോഗ്യയായ ഒരു പെൺകുട്ടി, എൻട്രൻസ് പരീക്ഷയൊക്കെ വിജയിച്ചുവരികയെന്നു പറഞ്ഞാൽ ഇങ്ങനെയൊരു കുടുംബത്തിൽപ്പെട്ട കുട്ടിക്ക് അത് അത്ര എളുപ്പമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊല്ലം തപസ്സിരുന്ന് ട്യൂഷനെടുത്താണ് പണക്കാരായ പല കുട്ടികളും പ്രൊഫഷണൽ കോളേജുകളിലേയ്ക്ക് പ്രവേശനം നേടിയെടുക്കുന്നത്. കേരളത്തിലെ പാവപ്പെട്ട കുട്ടികളുടെയിടയിൽ നിന്നും ഈ രീതിയിൽ ഏറ്റവും ഉയർന്ന മാർക്കുവാങ്ങി പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന സന്ദർഭത്തിൽ പഠിക്കാൻ കഴിയുന്നില്ല എന്നുള്ള ഒരു ഘട്ടം വരുമ്പോൾ ആത്മഹത്യമാത്രമേ വഴിയുള്ളൂ എന്ന അവസ്ഥ വരികയാണ്, ഇത് അവസാനിപ്പിക്കണം. ഇനി നമ്മുടെ കേരളത്തിൽ ഇത് ആവർത്തിക്കരുത്, കേരളത്തിലെ ജനങ്ങൾക്കാകെ ഏറ്റവും വലിയ അപമാനമാണ് രജനിയുടെ ആത്മഹത്യമൂലമുണ്ടായിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് കേരളത്തെയൊക്കെ നടുക്കിയ, നമ്മെയാകെ അമ്പരപ്പിച്ച, ഏറ്റവുമധികം വേദനയുണ്ടാക്കുന്ന ഈ സംഭവം, രജനിയുടെ ആത്മഹത്യാ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് വളരെ ഗൗരവകരമായ ചർച്ചയ്ക്ക് വിധേയമാക്കണമെന്നും ഇതിനുത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇനി ഈ കേരളത്തിൽ ഇങ്ങനെയൊരു ആത്മഹത്യയുണ്ടാകാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തമ്പാനൂർ രവി: സർ, അത്യന്തം വേദനാജനകവും ദാരുണവും ദൗർഭാഗ്യകരവുമായ ഈ സംഭവത്തിനിരയായ പെൺകുട്ടി രജനി എന്റെ മണ്ഡലത്തിൽ വെള്ളറടയിലുള്ള കുട്ടിയാണ്. എൻട്രൻസ് പരീക്ഷയിൽ വിജയിച്ച് മെറിറ്റിൽ അടൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ കംപ്യൂട്ടർ സയൻസിന് അഡ്മിഷൻ കിട്ടിയ കുട്ടിയാണ്. ഇവിടെ ബഹുമാന്യയായ പി. കെ. ശ്രീമതി ടീച്ചർ ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും പാവപ്പെട്ട കുടുംബത്തിലെ അംഗമാണ്. രണ്ടുസെന്റ് ഭൂമിയാണ് സ്വന്തമായിട്ടുള്ളത്. അവിടെ ഇലക്ട്രിസിറ്റി വെളിച്ചമില്ല, മണ്ണെണ്ണ വിളക്കിലാണ് ആ കുട്ടി പഠിക്കുന്നത്. പക്ഷേ എസ്.എസ്.എൽ.സി.-ക്കും പ്രീഡിഗ്രിക്കുമെല്ലാം ഉന്നതമായ വിജയംനേടി ആ നാട്ടിലുള്ള മുഴുവൻ ആളുകൾക്കും വളരെ സ്നേഹമുള്ള ഒരു കുട്ടിയാണ്. ഈ കുട്ടിക്ക് അഡ്മിഷൻ ലഭിച്ചപ്പോൾ ഹോസ്റ്റൽ ഫീസിന് നിവൃത്തിയില്ലാതെ പല ധനകാര്യ സ്ഥാപനങ്ങളേയും സമീപിച്ചു. അതിന്റെ ഭാഗമായി എന്നേയും ആ രക്ഷാകർത്താക്കൾ വന്ന് കണ്ടിരുന്നു. ഞാൻ പുഴനാട് ഇന്ത്യൻ ഓവർസീസ് ബാങ്കിലെ മാനേജർക്ക് കത്ത് കൊടുക്കുകയും നേരിട്ട് ഫോണിൽ ബന്ധപ്പെട്ട് ഈ കുട്ടിക്ക് ലോൺ കൊടുക്കണമെന്ന് പറയുകയും, കൊടുക്കാമെന്ന് അവർ സമ്മതിക്കുകയും ചെയ്തു. പക്ഷേ നിരന്തരമായി ശ്രമിച്ചിട്ടും പുഴനാട് ഇന്ത്യൻ ഓവർസീസ് ബാങ്ക് ആ കുട്ടിക്ക് പഠിക്കാൻ ലോൺ നൽകിയിട്ടില്ല. എൻട്രൻസ് പരീക്ഷ എഴുതി മെറിറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് ലോൺ കൊടുക്കണമെന്ന റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ വ്യക്തമായ വ്യവസ്ഥയുണ്ട്. നിരന്തരമായി ശ്രമിച്ചിട്ടും ഈ കുട്ടിക്ക് ഈ ധനകാര്യ സ്ഥാപനത്തിൽ നിന്നും ലോൺ ലഭിച്ചിട്ടില്ല. ഇത് രജനിക്കുണ്ടായ ഒരു അനുഭവമായി കാണാൻ പാടില്ല. മേലിൽ കേരളത്തിൽ ഒരു കുട്ടിക്കുപോലും ഇത്തരമൊരു അനുഭവമുണ്ടാകാൻ പാടില്ല. ഐ.എച്ച്.ആർ.ഡി. കോളേജ് വന്നതും അവിടെ ഫീസ് നിശ്ചയിച്ചതും ഇടതുമുന്നണി ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്താണ്. ഈ സംഭവം നമ്മെ പഠിപ്പിക്കുന്ന രണ്ടു മൂന്നു കാര്യങ്ങളുണ്ട്. ഒന്ന് കോളേജ് അധികൃതർ ഈ കുട്ടിയെ പീഡിപ്പിച്ചിട്ടുണ്ടോ? അവിടെ നടന്ന സംഭവങ്ങളെക്കുറിച്ച് വിശദമായ ഒരന്വേഷണം ആവശ്യമാണ്. ഈ കുട്ടിക്ക് അവിടെ നിന്നും ടി.സി. കൊടുത്താൽ വെള്ളറടതന്നെയുള്ള മേരി മാതാ എഞ്ചിനീയറിംഗ് കോളേജിൽ ഫ്രീയായിട്ട് ഈ കുട്ടിയെ പഠിപ്പിക്കാമെന്ന് ആ കോളേജ് മാനേജുമെന്റ് പറഞ്ഞിരുന്നു. ആ കുട്ടിക്ക് അവിടെ നിന്നും ടി.സി. കൊടുത്തിരുന്നുവെങ്കിൽ അവിടെനിന്നും മാറി വെള്ളറട പഞ്ചായത്തിലുള്ള മേരി മാതാ എഞ്ചിനീയറിംഗ് കോളേജിൽ സൗജന്യമായി വിദ്യഭ്യാസം തുടരാമായിരുന്നു. അതിനുള്ള സൗകര്യമുണ്ടായിട്ടില്ല. അതിനെക്കുറിച്ചും വിശദമായ ഒരന്വേഷണം ആവശ്യമാണ്. രണ്ടാമത്തെ ആവശ്യം ബാങ്കുകളുടെ സമീപനമാണ്. റിസർവ് ബാങ്കിന്റെ കർശനമായ നിർദ്ദേശമുണ്ടായിട്ടും ആ കുട്ടിക്ക് വായ്പ കൊടുക്കുന്ന കാര്യത്തിൽ അനാസ്ഥ കാണിച്ച ആ ധനകാര്യ സ്ഥാപനത്തിനെതിരെ കൊലക്കുറ്റത്തിന് കേസെടുത്ത് ശക്തമായ ഒരന്വേഷണം നടത്തണം. മൂന്നാമത്തെ ആവശ്യം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്, ഇതുപോലെ മെറിറ്റോറിയസ്സായി, നല്ല മാർക്കു വാങ്ങി ജയിക്കുന്ന കുട്ടികൾക്ക് പഠിക്കാൻ എന്തെല്ലാം സൗകര്യങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് ചെയ്യുന്നുണ്ട്, അതിൽ എന്തെങ്കിലും കുറവുണ്ടോയെന്ന് പരിശോധന നടത്തിയിട്ട് മിടുക്കൻമാരായി പഠിക്കുന്ന പട്ടികവിഭാഗത്തിലുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും ഹോസ്റ്റൽ ഫീസും നൽകണം. പ്രൊഫഷണൽ കോഴ്സുകളിലെങ്കിലും ഉന്നത വിദ്യാഭ്യാസ ചെലവ് പൂർണ്ണമായി നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതിൽ നിലവിൽ കുറവുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കണം. നാലാമത്തെ ആവശ്യം ഇതുസംബന്ധിച്ച് വിശദമായ ഉന്നതതല അന്വേഷണം ആവശ്യമാണ്. ആരുടെ ഭാഗത്ത് കുറ്റം കണ്ടാലും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് കൊലക്കുറ്റത്തിന് കേസെടുക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയുവാനുള്ളത്. പാവപ്പെട്ട കുട്ടികൾക്ക് അർഹമായ സാമ്പത്തിക സഹായവും പഠനസഹായവും നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഉന്നതതല അന്വേഷണം നേരിടാൻ ഗവൺമെന്റ് ഉടൻ തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ദാരുണമായ ഈ സംഭവത്തിൽ എന്റെ ദു:ഖം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ...(ബഹളം).....(ബഹളം).....എന്റെ മണ്ഡലത്തിലാണ്. .....(ബഹളം)

മി. ഡെ. സ്പീക്കർ: പ്ളീസ്.....പ്ളീസ്.....അദ്ദേഹത്തിന്റെ മണ്ഡലത്തിലല്ലേ ഇത് നടന്നത്. അദ്ദേഹം ഒരു വാക്ക് പറയട്ടെ.....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇത് കേരള മനസ്സാക്ഷിയെ ഞെട്ടിച്ച വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷം ഇതിനെ ഈ രൂപത്തിൽ റിയാക്ട് ചെയ്യുന്നതിൽ എനിക്കുള്ള തീവ്രമായ ദു:ഖവും വേദനയും ഞാൻ രേഖപ്പെടുത്തുകയാണ്. അടൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചുകൊണ്ടിരുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥി രജനിക്കുണ്ടായ ദുഖകരമായ സാഹചര്യത്തെക്കുറിച്ച് അടിയന്തിര അന്വേഷണം നടത്തണം. കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടിയെടുക്കണം. ആ കുടുംബത്തെ സഹായിക്കുന്നതിന് മുന്നോട്ടു വരണം.

LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷൻ ലോണിനുവേണ്ടി കൊളാറ്ററൽ സെക്യൂരിറ്റി ഒരു ബാങ്കും വാങ്ങരുതെന്നുള്ള നിബന്ധന ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.....(ബഹളം)..... .....(ബഹളം).....

മി. ഡെ. സ്പീക്കർ : ഇങ്ങനെയൊരു പ്രീസിഡന്റ് ഇല്ല...അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള ഒരു കാര്യമായതുകൊണ്ട് സ്പെഷ്യലായിട്ട് ചെയർ അനുവദിച്ചതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഇത്രയും ദാരുണമായ ഒരു സംഭവത്തിന്റെ പേരിൽ നമ്മൾ പരസ്പരം രാഷ്ട്രീയ തർക്കം വേണോ? .....(ബഹളം).....ഈ സംഭവം നമുക്കെല്ലാം ദുഃഖമുണ്ടാക്കിയ ഒരു സംഭവമാണ്. ഈ സഭയ്ക്കും ഈ നാടിനും ദുഃഖമുണ്ട്. മനസ്സാക്ഷിയുള്ളവർക്കൊക്കെ ദുഃഖമുള്ള ഒരു കാര്യമാണ്. അതിനുള്ള പരിഹാരമെന്തെന്നല്ലേ നമ്മൾ ചർച്ച ചെയ്യേണ്ടത്. മറ്റുതരത്തിൽ അങ്ങോട്ടും ഇങ്ങോട്ടും കീഴ്പ്പെടുത്താനുള്ള ഒരവസരമായി ഇത് ഉപയോഗിക്കണോ? അതിന് എന്തെല്ലാം അവസരങ്ങൾ ഇനി വരും. അതുപയോഗിച്ചാൽ പോരെ. ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ഈ അടിയന്തിര പ്രമേയം ഉന്നയിച്ചപ്പോൾ ഗവൺമെന്റിന്റെ സ്വാശ്രയ വിദ്യാഭ്യാസനയത്തിന്റെ പരിണിതഫല മാണെന്നും, അതിന്റെ രക്തസാക്ഷിയാണെന്നും പറഞ്ഞു. ഈ കോളേജ് സ്വകാര്യ കോളേജല്ല. ഐ.എച്ച്.ആർ.ഡി. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കോളേജാണ്. ഐ. എച്ച്. ആർ. ഡി. കോളേജ് തുടങ്ങിയത് കഴിഞ്ഞ മൂന്നു വർഷം കൊണ്ടല്ലേ.....(ബഹളം).....കേരളത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ സ്ഥാപനങ്ങൾ വർഷങ്ങളായി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഐ.എച്ച്.ആർ.ഡി.-കോളേജിൽ ഏറ്റവും ഉയർന്ന ഫീസ് നിശ്ചയിച്ചത് ഇടതുപക്ഷ മുന്നണി ഗവൺമെന്റാണ്. ഞാൻ പറയാൻ ആഗ്രഹിച്ചതല്ല. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് 35,000 രൂപയായി ഫീസ് നിശ്ചയിച്ചത്. കുട്ടികൾക്ക് താങ്ങാൻ വയ്യാത്ത 35,000 രൂപ ഫീസ് നിശ്ചയിച്ചത് ആ കാലഘട്ടത്തിലാണ്. .....(ബഹളം).....ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടത് അന്നും ഇന്നും ഐ.എച്ച്.ആർ.ഡി ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലും മെറിറ്റ് സീറ്റിൽ കുറഞ്ഞ ഫീസാണ്. 12,000 രൂപയായിരുന്ന പേമെന്റ് സീറ്റിലെ ഫീസ് 35,000 രൂപയായി വർദ്ധിപ്പിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. വസ്തുതയാണ്. ഇതുപറയാൻ എന്നെ പ്രേരിപ്പിച്ചത് ഞങ്ങളെ നിങ്ങൾ കുറ്റം പറഞ്ഞുകൊള്ളുക. പരുക്കനായിട്ടുതന്നെ കുറ്റം പറഞ്ഞുകൊള്ളുക. കാരണം ഭരണത്തിലിരിക്കുന്നവർ വിമർശനം കേൾക്കാൻ ബാദ്ധ്യസ്ഥരാണ്. ഐ. എച്ച്. ആർ. ഡി. സ്ഥാപനം ഒരു സ്വകാര്യ സ്ഥാപനമല്ല, ഗവൺമെന്റ് സ്ഥാപനമാണ്. കൊല്ലങ്ങളായി പ്രവർത്തിക്കുന്ന ആ ഐ. എച്ച്. ആർ. ഡി. സ്ഥാപനത്തിലെ ഇന്നത്തെ ഉയർന്ന ഫീസ് നിശ്ചയിച്ചത് ഈ ഗവൺമെന്റല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ഇത് പറഞ്ഞെന്നേയുള്ളു. ഐ. എച്ച്. ആർ. ഡി. കോളേജിലായാലും ഗവൺമെന്റ് കോളേജിലായാലും സ്വാശ്രയ കോളേജിലായാലും

LIBRARY ARCHIVES Kerala Legislative Assembly

എസ്.സി./എസ്.ടി കുട്ടികൾക്ക് ഫീസ് സൗജന്യമുണ്ട്. സ്വാശ്രയ കോളേജിലെ ആഫീസ് സൗജന്യത്തിന്റെ തുക സർക്കാർ കൊടുക്കും. ഇവിടെ നിലവിൽ എസ്.സി./എസ്.ടി. കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതിന് ഒരു
10.00 a.m.] വ്യവസ്ഥയുണ്ട്. ഫീസ് സൗജന്യം. സർക്കാർ ഹോസ്റ്റലിലാണെങ്കിൽ സൗജന്യം. പുറത്ത് താമസിച്ചാൽ 315 രൂപ പ്രതിമാസം കൊടുക്കും. ഫീസ് സൗജന്യം പൂർണ്ണമായി. 315 രൂപ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി മാസം കൊടുക്കും. ഇതാണ് കാലാകാലങ്ങളിൽ ഇവിടെ നിലനിൽക്കുന്ന വ്യവസ്ഥ. ഈ കുട്ടി താമസിച്ചിരുന്നത് പ്രൈവറ്റ് ഹോസ്റ്റലിലാണ്. ഗവൺമെന്റ് കൊടുക്കുന്ന ഫീസ് സൗജന്യം കൊണ്ടു മാത്രം കുട്ടിക്ക് പഠിക്കാൻ ഹോസ്റ്റൽ ഫീസിന്റെ ബുദ്ധിമുട്ട് വന്നു. അതുകൊണ്ടാണ് ബാങ്ക് ലോണിന് അപേക്ഷിച്ചത്. കഴിഞ്ഞ വർഷം ഈ കുട്ടി കോളേജിൽ പോയില്ല. ബാങ്ക് ലോണിന് അപേക്ഷിച്ചു. ലോൺ കിട്ടിയില്ല. ഇതാണ് എന്റെ പ്രാഥമികമായ വിവരം. ഈ സംഭവത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കുന്നു. സംഭവിക്കാൻ പാടില്ലാത്തതാണ്. നമ്മുടെ നാട്ടിലെ ഒരു ചെറിയ കുട്ടിയുടെ മരണം ചെറുതായി കാണുന്നില്ല. അതുകൊണ്ട് അതിന്റെ മുഴുവൻ കാര്യങ്ങളും അന്വേഷിക്കും. അവിടെ ഗവൺമെന്റ് ഹോസ്റ്റലില്ല. അതേയവസരത്തിൽ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ നാലു ലക്ഷം രൂപ വരെ കോളേജിലെ കുട്ടികൾക്ക് കൊടുക്കാൻ റിസർവ് ബാങ്കിന്റെ ഗൈഡ്ലൈൻ ഉണ്ട്. ഞാൻ കഴിഞ്ഞ മാസം വിളിച്ചുകൂട്ടിയ ദേശസാൽകൃത ബാങ്കിന്റെ പ്രതിനിധികളുടെ യോഗത്തിൽ ഇതു സംബന്ധിച്ച് പരാതി വന്നു. തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ, അദ്ദേഹത്തിനുണ്ടായ അനുഭവത്തെക്കുറിച്ച് സൂചിപ്പിച്ചു. ബാങ്കുകളോട് അന്നുതന്നെ കർശനമായി പറഞ്ഞതാണ്. റിസർവ് ബാങ്കിന്റെ വാഗ്ദാനത്തെ വിശ്വസിച്ചുകൊണ്ട്, ഇൻഡ്യാ ഗവൺമെന്റിന്റെ വാഗ്ദാനത്തെ വിശ്വസിച്ചുകൊണ്ട്, നാലു ലക്ഷം രൂപവരെ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ . . . . . ഫീസ് സൗജന്യമാണ്. കൊടുത്തു. ഇക്കൊല്ലം തന്നെ 5,19,000 രൂപയുടെ ചെക്ക് ജൂണിൽ കൊടുത്തു. (. . . ബഹളം . . .) ഈ സംഭവത്തിൽ ഗവൺമെന്റിന് അറിയാവുന്ന വസ്തുതകൾ വേണമെന്നുണ്ടെങ്കിൽ എനിക്ക് സംസാരിക്കാൻ സാവകാശം തരിക. തുടർച്ചയായി തടസ്സപ്പെടുത്തിക്കൊണ്ട് എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ എനിക്ക് ഒന്നും പറയാൻ പറ്റുകയില്ല. ഈ സംഭവത്തിൽ നടുങ്ങാത്ത ആരാണ് ഉള്ളത്? ഇതു കേട്ടവരെല്ലാം വിഷമിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ടാണ് ഇതൊരു ദുരന്തമാണെന്ന് ഞാൻ പറഞ്ഞത്. ഇത് അങ്ങോട്ടുമിങ്ങോട്ടും കടിപിടി കൂട്ടേണ്ട വിഷയമല്ല. ടീച്ചർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതുപോലുള്ള സംഭവങ്ങൾ ഇനി ഇവിടെ ആവർത്തിക്കരുത്, ഒന്ന്: പ്രശ്നം, രണ്ട്: ഇതുപോലെതന്നെ എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് ഫീസ് സൗജന്യമുണ്ട്. പക്ഷേ അപ്രൂവ്ഡ് ഹോസ്റ്റലിൽ അല്ലെങ്കിൽ 315 രൂപ മാത്രമേ കൊടുക്കുകയുള്ളൂ. അങ്ങനെയുള്ള കേസ്സുകളിലാണ് ബാങ്ക് ലോണിന് പോകുന്നത്. ബാങ്ക് ലോണിന് പോകുമ്പോൾ ഇന്ന് ഇൻഡ്യാ ഗവൺമെന്റ് നൽകിയിരിക്കുന്ന വാഗ്ദാനം, റിസർവ് ബാങ്കിന്റെ നേരത്തേയുള്ള വാഗ്ദാനം, നാലു ലക്ഷം രൂപവരെ കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ കൊടുക്കുമെന്നാണ്. അത് ഇപ്പോൾ അമെന്റ് ചെയ്തു. പുതിയ ഭേദഗതി അനുസരിച്ച് ഏഴര ലക്ഷം രൂപവരെ കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ കൊടുക്കുമെന്ന് പറയുന്നുണ്ട്. ഈ വാക്ക് വിശ്വസിച്ചുകൊണ്ട് പ്രൊഫഷണൽ കോളേജുകളിൽ വിദ്യാഭ്യാസത്തിനുപോയ ആയിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുണ്ട്. നിങ്ങൾക്ക് സെക്യൂരിറ്റിയില്ല, ഒന്നോ രണ്ടോ സെന്റ് ഭൂമിയേയുള്ളൂ, അല്ലെങ്കിൽ ഭൂമിയില്ല, തിരിച്ചടയ്ക്കാൻ വരുമാനമില്ലായെന്നുള്ള കാരണം പറഞ്ഞുകൊണ്ട് ബാങ്കുകൾ വാഗ്ദാനം ചെയ്ത പണം കൊടുക്കുന്നില്ല. അത് കേരളത്തിൽ ഒട്ടേറെ ഗുരുതരമായ പ്രശ്നം ഉണ്ടാക്കുകയാണ്. ഗവൺമെന്റ് ഈ പ്രശ്നം ഗൗരവമായി കാണുകയാണ്. ഈ സംഭവത്തിന്റെ വെളിച്ചത്തിൽ ഇതുപോലുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ ഈ പ്രശ്നം ഗവൺമെന്റ് അടിയന്തിരമായി ബാങ്കുകളുമായി ഏറ്റെടുക്കാൻ പോകുകയാണ്. ഈ പ്രത്യേക പ്രശ്നത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അന്വേഷിച്ചതിനുശേഷം അതിന്റെ കാരണക്കാർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കും. കാരണം ഇതിനകത്ത് ഗവൺമെന്റിന് യാതൊരു ദാക്ഷിണ്യവും വിട്ടുവീഴ്ചയുമില്ല. കേരളത്തിൽ പ്രത്യേകിച്ച് തലസ്ഥാന നഗരിയിൽ ഇതുപോലുള്ള ഒരു സംഭവം ഉണ്ടാകാൻ പാടില്ലായിരുന്നു. ഈ പ്രശ്നം ഗവൺമെന്റ് ഗൗരവമായി കാണുന്നു. ഗവൺമെന്റിന് ദു:ഖമുണ്ട്. ഇതിൽ ആർക്കെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കും. ഇതിന്റെ പ്രാഥമിക വിവരമാണ് ഞാൻ പറഞ്ഞത്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഇതിനെക്കുറിച്ച് വിശദമായി അന്വേഷിക്കും. എല്ലാം വസ്തുതകളും കണ്ടെത്തും. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഇതിന്റെ മാനുഷിക പ്രശ്നങ്ങളും പ്രയാസങ്ങളുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഇതു സംബന്ധിച്ച് അന്വേഷിക്കാം. അന്വേഷിച്ചതിനുശേഷം കുറ്റക്കാർ ആരെങ്കിലുമുണ്ടെങ്കിൽ നടപടി എടുക്കാം. അതുപോലെ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകാം. ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കരുതെന്ന് ബാങ്കുകളോട് പറയാം. ബാങ്കുകൾ കേട്ടില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി ഈ പ്രശ്നം ഏറ്റെടുക്കാം. കേന്ദ്ര ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താം. ആവശ്യമെങ്കിൽ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. കുട്ടികൾക്ക് ലോൺ കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും ചെയ്യാം. നിങ്ങളുടെ വികാരംതന്നെയാണ് ഈ കാര്യത്തിൽ ഗവൺമെന്റിനുള്ളത്. ടീച്ചറിന്റെ വികാരംതന്നെയാണ് എനിക്കുള്ളത്. ഈ സഭാംഗങ്ങൾക്കെല്ലാം ഈ കാര്യത്തിൽ ഒരേ വികാരമാണ്. അതുകൊണ്ട് ചർച്ച ചെയ്ത് വികാരം പ്രകടിപ്പിക്കണ്ട. ഇതിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ടിരിക്കുകയാണ്. ടീച്ചർ പറഞ്ഞ പ്രശ്നത്തിൽ മുഴുവൻ വികാരങ്ങളും ഉൾക്കൊള്ളുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ച് ആദ്യം എന്നോട് സംസാരിച്ചത് ശ്രീ. തമ്പാനൂർ രവിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമാണ്. പക്ഷേ അവർ പ്രതിപക്ഷാംഗങ്ങൾ അല്ലാത്തതുകൊണ്ട് അടിയന്തിര പ്രമേയം അവതരിപ്പിക്കാൻ സാധിച്ചില്ല. രാവിലെ അവർ എന്നോടുവന്ന് പറഞ്ഞതാണ്. ടീച്ചറിന്റേയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റേയും ശ്രീ. തമ്പാനൂർ രവിയുടേയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റേയും ഈ സഭയിലെ എല്ലാ അംഗങ്ങളുടേയും വികാരം ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നു. നമ്മളെല്ലാപേരും ഇക്കാര്യത്തിൽ ഒരേ വികാരമുള്ളവരാണ്. ഇതിനെക്കുറിച്ച് അടിയന്തിരമായി അന്വേഷിക്കും. അന്വേഷിച്ച് ആരെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കും. അതുപോലെ ബാങ്കുകളുമായി ഈ പ്രശ്നം ഗവൺമെന്റ് ഏറ്റെടുക്കും. ഈ സാഹചര്യത്തിൽ എന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലായെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ലെന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് ഭരണകക്ഷി പ്രതിപക്ഷാംഗങ്ങൾ എല്ലാപേർക്കും ഒരേ വികാരമാണ് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ ഒരേ വികാരമല്ല. ഒരേ വികാരമായിരുന്നെങ്കിൽ കുറ്റവാളികളെ സംബന്ധിച്ച് മുഖ്യമന്ത്രി വിരൽ ചൂണ്ടുമായിരുന്നു. ഇതിൽ രണ്ട് കൂട്ടരാണ് കുറ്റവാളികൾ. ഒന്ന്, സൗജന്യമായി ആ കുട്ടിയെ ഞങ്ങളുടെ കോളേജിൽ പഠിപ്പിക്കാം എന്ന് വേറൊരു കോളേജ് ഓഫർ ചെയ്തിട്ട് ടി.സി കൊടുക്കാൻ ആ കോളേജിലെ പ്രിൻസിപ്പാൾ തയ്യാറായില്ല. ഒന്നാമത്തെ കുറ്റക്കാരൻ ആ പ്രിൻസിപ്പാൾ ആണ്. അതേപോലെ തുല്യപ്രാധാന്യമുള്ള കുറ്റം ചെയ്ത മറ്റൊരാൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ മന്ത്രിയായിട്ടുള്ള ശ്രീ. എം. എ. കുട്ടപ്പനാണ്. എന്തുകൊണ്ടെന്നാൽ, ഹോസ്റ്റൽ ഫീസ് കൊടുക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ സൗജന്യമായിട്ട് ഇതേപോലുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് ഫീസ് ആനുകൂല്യങ്ങളും മറ്റും മുൻ ഗവൺമെന്റിന്റെ കാലത്ത് ചെയ്തിരുന്നതാണ്. മറ്റ് ഫീസ് അൽപ്പം വർദ്ധിപ്പിച്ചു എന്ന് മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങൾ നിഷേധിക്കുന്നില്ല. എന്നാൽ പട്ടികവർഗ്ഗ കുട്ടികൾക്ക് ഒരു തരത്തിലുള്ള ഫീസും ഇല്ല എന്നിരിക്കേ ആ ഫീസ് വാങ്ങാൻ നിർബ്ബന്ധിച്ചതിന് കാരണക്കാരനായത് ഈ ഗവൺമെന്റിന്റെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് കൈകാര്യം ചെയ്യുന്ന മി. കുട്ടപ്പനല്ലേ? അപ്പോൾ ഇങ്ങനെയുള്ള രണ്ട് ആളുകളുടെ പേരിൽ വിരൽ ചൂണ്ടാതെ ബാങ്കുകൾ...ബാങ്കുകൾ എന്ന് പറഞ്ഞുകൊണ്ട് കുറ്റവാളികളെ രക്ഷപ്പെടുത്താനുള്ള ശ്രമമാണ് മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ദീർഘമായ വിശദീകരണത്തിലൂടെ ഇവിടെ നടത്തിയിരിക്കുന്നത്. അതുകൊണ്ട് കുറ്റവാളികൾക്കെതിരായിട്ടുള്ള ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറുണ്ടോ എന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. സൗജന്യമായി ഈ കുട്ടിക്ക് ഫീസ് നൽകാൻ ഒരു കോളേജ് ഓഫർ ചെയ്തു എന്ന് കുട്ടി താമസിക്കുന്ന സ്ഥലത്തെ എം.എൽ.എ. തന്നെ പറഞ്ഞു. അങ്ങോട്ട് പോകുവാൻ അനുവാദം കൊടുക്കാതിരുന്ന കോളേജിന്റെ പ്രിൻസിപ്പാൾ, ആ പ്രിൻസിപ്പാളിനെ നയിക്കുന്ന വിദ്യാഭ്യാസ വകുപ്പും കുറ്റം ചെയ്തതാണ്. ഒരു വിലപ്പെട്ട ജീവനൊടുക്കാൻ ഇടയാകത്തക്ക വിധത്തിലുള്ള കുറ്റമല്ലേ ഇവർ ചെയ്തത്? അതേപോലെ തന്നെ പട്ടികവകുപ്പ് താങ്ങിപ്പിടിച്ചുകൊണ്ട് പട്ടിക വകുപ്പിനെ ഉദ്ധരിക്കുന്നു എന്ന് പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ കുറ്റത്തിൽ നിന്ന് എങ്ങനെയാണ് അദ്ദേഹത്തിനെ രക്ഷപ്പെടുത്താൻ കഴിയുക? ഹോസ്റ്റൽ ഫീസാണ് കൊടുക്കാൻ നിർവ്വാഹമില്ലാത്തതെങ്കിൽ ഹോസ്റ്റൽ ഫീസിനാണ് സൗജന്യം ഉണ്ടായിരുന്നത്. ഈ സൗജന്യം നിങ്ങളുടെ ഗവൺമെന്റ് വന്നതിനുശേഷം വേറൊരു തരത്തിൽ പ്രാകൃതമാക്കി മാറ്റിയതിന്റെ ഫലമായി ഈ കുട്ടിയും അവരുടെ കുടുബവും എവിടെയെല്ലാം അലഞ്ഞുതിരിഞ്ഞു. അപ്പോൾ ഈ രണ്ട് കുറ്റവാളികളുടേയും ഗൗരവതരമായ കുറ്റത്തിന്റെ ഫലമാണ് ഇങ്ങനെ സംഭവിച്ചത്. അതിസമർത്ഥയായ ഈ കുട്ടി ഒരു പാവപ്പെട്ട സമൂഹത്തിൽ ജനിച്ചു പോയി. ഒരു

LIBRARY ARCHIVES Kerala Legislative Assembly

മൺകൂരയിൽ രണ്ട് സെന്റ് സ്ഥലത്ത് മാത്രം ജീവിക്കേണ്ട ഗതികേട് ആ കുട്ടിക്കുണ്ടായി. അല്ലെങ്കിൽ എങ്ങനെയാണ് ഈ ദൗർഭാഗ്യം സംഭവിക്കുക എന്നത് നാം ആലോചിക്കേണ്ടതാണ്. സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ ഒരു കുട്ടിയും വിദ്യാഭ്യാസം മുടക്കാൻ ഇടയാകില്ല എന്ന് ഇൻഡ്യാ രാജ്യത്തിന്റെ പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന അവസരത്തിൽ, അദ്ദേഹത്തിന്റെ പാർട്ടിക്കാർ മുഖ്യമന്ത്രിയായിരിക്കുന്ന ഇത്തരുണത്തിൽ, ഈ ദൗർഭാഗ്യകരമായ സ്ഥിതി ഉണ്ടായിരിക്കുന്നു എന്നുള്ളത് വളരെ ലജ്ജാഭാരത്തോടുകൂടിയല്ലാതെ നമുക്ക് ചിന്തിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് കൂക്കുവിളിയെല്ലാം നിങ്ങൾ നടത്തിക്കോ. കാരണം നിങ്ങളുടെ നേതാവിനെ രക്ഷിക്കാൻവേണ്ടി നിങ്ങൾക്ക് ഇത്തരത്തിൽ പ്രാകൃതമായ കൂക്കുവിളിയും ഒച്ചയും ഇടാതിരിക്കാൻ സാദ്ധ്യമല്ല എന്ന് എനിക്കറിയാം. അതുകൊണ്ട് ആവോളം നടത്തിക്കോളൂ. പക്ഷേ ഞങ്ങൾക്ക് പറയാനുള്ളത്, ഇത് സഭ നിർത്തി വച്ച് ചർച്ച ചെയ്ത് അപ്പുറത്തും ഇപ്പുറത്തും ഉള്ള ആളുകൾക്ക് സ്വതന്ത്രമായി അഭിപ്രായം പറയാനുള്ള അവസരം നൽകണം. അതിന് അപ്പുറത്തെ നേതാക്കൻമാർ ഭയപ്പെടുന്നു. അതല്ലെങ്കിൽ എന്തുകൊണ്ട് സഭ നിർത്തി വച്ച് ചർച്ച ചെയ്തുകൂടാ. വിങ്ങിപ്പൊട്ടിക്കൊണ്ടാണ് അപ്പുറത്തിരിക്കുന്ന ആളുകൾ തങ്ങൾക്കുള്ള അഭിപ്രായം പറയാൻ കാത്തു നിൽക്കുന്നത്. അവരെ അതിന് സമ്മതിക്കുന്നില്ല. സമ്മതം വേണമെങ്കിൽ നിർത്തി വച്ച് ചർച്ച ചെയ്യണം. അതുകൊണ്ട് ഈ സഭ നിർത്തി വച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിച്ച് ഈ സഭയിൽ നിന്നും വാക്കൗട്ട് ചെയ്യുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ ഈ സഭയിലെ മുഴുവൻ അംഗങ്ങളും പ്രകടിപ്പിച്ച ഉത്കണ്ഠയും വികാരവും മാനിച്ച് അടിയന്തിരമായി ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ റവന്യൂ വകുപ്പ് സെക്രട്ടറിയെ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് തരും. റിപ്പോർട്ട് കിട്ടിയാലുടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിർദ്ദേശം പര്യാപ്തമല്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടേയും പ്രശ്നത്തെ സംബന്ധിച്ച് ഒരു പാവപ്പെട്ട സെക്രട്ടറിയെ കൊണ്ട് അന്വേഷിപ്പിക്കുന്നത് ഇത് ഒരു പ്രഹസനമാക്കി മാറ്റുന്നതിനാണ്. അത് തൃപ്തികരമല്ല. ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറുണ്ടോ? ഉണ്ടെങ്കിൽ ഞങ്ങൾ മുഖ്യമന്ത്രിയുടെ ഓഫർ സ്വീകരിക്കുന്നതാണ്. സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം നിഷേധിക്കുന്ന സാഹചര്യത്തിൽ അതിനെ പ്രതിഷേധിച്ച് ഞങ്ങൾ ഈ സഭയിൽ നിന്നും വാക്കൗട്ട് ചെയ്യുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): അങ്ങ് സഭയിൽനിന്നും ഇറങ്ങി പോകേണ്ട. ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഇതിനെക്കുറിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്താം.

(ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് മുഖ്യമന്ത്രി സഭയ്ക്ക് ഉറപ്പ് നൽകിയതിനെതുടർന്ന് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തിയില്ല.)

LIBRARY ARCHIVES Kerala Legislative Assembly

III. ശ്രദ്ധക്ഷണിക്കൽ

(1) മലയോര-പിന്നോക്ക തീരദേശ ജില്ലകളിൽ ബിരുദ പഠനങ്ങൾക്കായി ആർട്ട്സ് ആന്റ് സയൻസ് ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണവും വിദ്യാഭ്യാസം നൽകുന്ന ഉത്തരവാദിത്വത്തിൽ നിന്നും സർക്കാരിന്റെ പിൻവാങ്ങലും കാരണം മലയോര-പിന്നോക്ക-തീരദേശ മേഖല ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾ കേരളത്തിൽ ഉയർന്നു വരുകയാണ്. ഇത്തരം സംഭവങ്ങൾ വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച ചരിത്ര നേട്ടങ്ങളുടെമേൽ കൂടുതൽ വീഴുകയാണ്. വിദ്യാഭ്യാസപരമായി ഒട്ടേറെ നേട്ടങ്ങൾ കേരളം കൈവരിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ പല ജില്ലകളിലും നിലനിൽക്കുന്നു എന്ന വസ്തുതയിലേയ്ക്ക് ഞാൻ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. നവോത്ഥാന പ്രസ്ഥാനങ്ങളും പുരോഗമന സർക്കാരുകളും നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി വിദ്യാഭ്യാസ രംഗത്ത് ഒരുപാട് നേട്ടങ്ങൾ നമുക്ക് ഉണ്ടായിട്ടുണ്ട്. ഓരോ വർഷവും പതിനായിരക്കണക്കിന് കുട്ടികൾ പ്ലസ് ടു പാസാകുന്നുണ്ട്. ഇതിൽ ആയിരക്കണക്കിന് കുട്ടികൾ ഡിസ്റ്റിംഗ്ഷനും ഫസ്റ്റ്ക്ലാസും നേടുന്നവരാണ്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾ കാണിക്കുന്ന താൽപ്പര്യം മറ്റ് ഏത് കാലത്തേക്കാളും വർദ്ധിച്ചു വരുന്നു. അതിന്റെ ഫലമായി പ്ലസ് ടു റിസൽറ്റ് അളവിലും നിലവാരത്തിലും മെച്ചപ്പെട്ടു വരുകയാണ്. പ്രധാനപ്പെട്ട പ്രശ്നം, ഈ നാട്ടിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ ഉയർന്ന നിലവാരത്തിൽ പ്ലസ് ടു പാസ്സായാലും ബിരുദ പ്രവേശനത്തിനുള്ള സാഹചര്യം ലഭിക്കാത്ത അനുഭവമാണ് പല ജില്ലയിലും ഉള്ളത്. കാസർഗോഡ്, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രത്യേകിച്ച് കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ പൊതുവേയും വിദ്യാഭ്യാസപരമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന കേന്ദ്രങ്ങൾ ഇപ്പോഴും ഉണ്ട്. സർക്കാരിന്റെ സാമ്പത്തിക റിവ്യൂവിലും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ റിപ്പോർട്ടുകളിലും ഉള്ള കണക്കുകൾ ഇത് വ്യക്തമാക്കുന്നുണ്ട്.. വിദ്യാഭ്യാസ രംഗത്ത് ഈ ജില്ലകൾ നേരിടുന്ന പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ട് പ്ലസ് ടു പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ബിരുദപഠനത്തിന് സർക്കാർ ആവശ്യമായ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആധുനിക കോഴ്സുകളോടുകൂടി നടപ്പാക്കണം എന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. പ്ലസ് ടു പാസാകുന്ന മുഴുവൻ വിദ്യാർത്ഥികളും എഞ്ചിനിയറിംഗിനോ മെഡിസിനോ അതുപോലുള്ള കോഴ്സുകൾക്കോ ചേരണമെന്നുള്ള തെറ്റായ കാഴ്ചപ്പാടാണ് നമുക്ക് ഇപ്പോൾ ഉള്ളത്. അതിന്റെ ഫലമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സർക്കാർ മേഖലയിൽ ബിരുദപഠനത്തിനുള്ള കോളേജുകൾ പല പിന്നോക്ക സ്ഥലങ്ങളിലും ഇല്ല. കേരളത്തിൽ നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഭൂരിപക്ഷവും ടൗൺ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് ഇരിക്കുന്നത്. അതിന്റെ ഫലമായി നിരവധി കിലോമീറ്റർ സഞ്ചരിച്ചാണ്, പ്ലസ് ടു പാസ്സാകുന്ന കുട്ടികൾ ഇന്നും ബിരുദ പഠനത്തിന് പോകുന്നത്. കോഴിക്കോട് ജില്ലയിൽ ഉദുമ മണ്ഡലത്തിൽ ഇപ്പോൾ ഒരു കോളേജ് പോലും സർക്കാർ മേഖലയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, കാസർകോഡ് ജില്ലയിലെ തൃക്കരിപ്പൂർ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ ഓരോ ഡിഗ്രി കോളേജുകൾ മാത്രമാണ് ഉള്ളത്. സർ, ടൗൺ മേഖലയിലെ കേന്ദ്രീകരണത്തിന് ഒരു ഉദാഹരണം, കേരളത്തിലെ തിരുവനന്തപുരം, കോട്ടയം, എറണാകുളം തുടങ്ങിയ നഗരങ്ങളിൽ ഉള്ളത്ര കോളേജുകൾ കാസർകോഡ്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന കണ്ണൂർ സർവകലാശാലയിൽ ആകെകൂടി ഇല്ല എന്നതാണ് വസ്തുത. ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾ 30, 40, കിലോമീറ്റർ ദൂരം ദിവസേന യാത്രചെയ്ത് കോളേജുകളിൽ എത്തുന്നവരാണ്. അതിന്റെ ഫലമായി പല അസൗകര്യങ്ങളും ഉണ്ടാകുന്നുണ്ട്. ഈ അസംതൃലിതാവസ്ഥയുടെ ഫലമായിട്ടാണ് ആത്മഹത്യയുൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ പിന്നോക്ക പ്രദേശങ്ങളായ, പ്രത്യേകിച്ച് മലയോര പ്രദേശങ്ങൾ അതുപോലെ തീരദേശ പ്രദേശങ്ങൾ കണ്ടെത്തി ആ പ്രദേശങ്ങളിൽ ഡിസ്റ്റിംങ്ഷനും, ഉന്നതമാർക്കും വാങ്ങി പ്ളസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ബിരുദപഠനം നടത്താൻ ആവശ്യമായ നല്ല കോഴ്സുകളോടുകൂടിയ ബിരുദപഠന കോളേജുകൾ സർക്കാർ തലത്തിൽ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ഒരു തെറ്റായ അവസ്ഥയുണ്ട്, മാനവിക വിഷയങ്ങൾ പഠിക്കേണ്ടതില്ല എന്ന ഒരു തെറ്റായ ഒരു ധാരണയിൽ നാം എത്തുകയാണ്. മാനവിക വിഷയങ്ങൾ മാത്രമല്ല ശാസ്ത്ര വിഷയങ്ങളും വിദ്യർത്ഥികൾ പഠിക്കേണ്ടതില്ല എന്ന ഒരു കാഴ്ചപ്പാടിൽ നാം എത്തിച്ചേർന്നിരിക്കുന്നു. അതുകൊണ്ട് ശാസ്ത്രവിഷയങ്ങളും മാനവിക വിഷയങ്ങളും ഉൾപ്പെടെയുള്ള ആധുനിക കോഴ്സുകളോടുകൂടിയ ബിരുദപഠന കോളേജുകൾ കേരളത്തിലെ വിദ്യാഭ്യാസ പിന്നോക്ക പ്രദേശങ്ങളിൽ സ്ഥാപിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. അതിന് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ ഹയർ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദപഠനം പ്രത്യേകിച്ച് ഉത്തര കേരളത്തിലെ അവികസിത പ്രദേശങ്ങളിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ആധുനിക കോഴ്സുകളോടുകൂടിയ കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ അദ്ദേഹംപെടുത്തിയിരിക്കുകയാണ്. സർ, ഇപ്പോൾ ഹയർ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദപഠനത്തിന് പോകുന്നു എന്ന് പറയാനാകില്ല. കാരണം സമൂഹത്തിന്റെ തന്നെ കാഴ്ചപ്പാടിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. തൊഴിൽ അധിഷ്ഠിതമായ ഉപരിപഠനത്തിനാണ് ഇന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും കൂടുതലും താൽപ്പര്യം കാണിക്കുന്നത്. സർ, നമ്മുടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലവിലുള്ള ഗവൺമെന്റ് സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് ഗവൺമെന്റിന് അറിയാം. അദ്ദേഹം പറഞ്ഞത് കഴിഞ്ഞ പത്തു കൊല്ലത്തെ കാര്യങ്ങളാണ്. കഴിഞ്ഞ മൂന്നു കൊല്ലമായി ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സമീപനം ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികളും പരാധീനതകളും കണക്കിലെടുത്തുകൊണ്ട് സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടി സ്ഥാപിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

ഈ കുറവ് പരിഹരിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഹയർ സെക്കന്ററി പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥികളും സാങ്കേതിക പഠനത്തിന് പോകുന്നില്ല. തൊഴിലധിഷ്ഠിതമായ കോഴ്സുകൾക്കാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും താൽപ്പര്യം കാണിക്കുന്നത്. സമൂഹത്തിന്റേയും വിദ്യാർത്ഥികളുടേയും പൊതുവായിട്ടുള്ള കാഴ്ചപ്പാട്—വിദ്യാഭ്യാസത്തെ ഒരു തൊഴിലിന് വേണ്ടിയിട്ടുള്ള ഉപാധിയായി അവർ കാണുന്നിടത്തോളം കാലം ഈ നിലപാട് തുടരുക തന്നെ ചെയ്യും. പക്ഷെ മെമ്പർ സൂചിപ്പിച്ചതനുസരിച്ച് കേരളത്തിൽ ഇപ്പോൾ 254 ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ ഉണ്ട്, ചില പ്രദേശങ്ങളിൽ നിരവധി കോളേജുകൾ— അത് ഗവൺമെന്റ് കോളേജ് മാത്രമല്ല, സ്വകാര്യ കോളേജുകളും ഉയർന്നുവന്നിട്ടുള്ളത് ആ പ്രത്യേക പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ഒരു പ്രതിഭാസമാണ്. കാസർകോഡ് ജില്ലയിൽ ഇതുപോലുള്ള ബുദ്ധിമുട്ടുണ്ട്. തീർച്ചയായിട്ടും ആ ബുദ്ധിമുട്ട് അവഗണിക്കപ്പെടേണ്ടതാണ് എന്ന അഭിപ്രായം ഗവൺമെന്റിന് ഇല്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയാണ് ഇത്തരത്തിലുള്ള അസൗകര്യങ്ങൾ പരിഹരിക്കുന്നതിന് പ്രതിബന്ധമായിട്ട് നിൽക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാർ മേഖലയിൽ ആധുനിക കോഴ്സുകളോടുകൂടിയ കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അത്തരത്തിലുള്ള ഒരു അവസ്ഥയിൽ തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യം ഗവൺമെന്റ് ഗൗരവമായിട്ട് പരിഗണിക്കുമെന്ന് ഞാൻ മെമ്പർക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, ഈ വിദ്യാഭ്യാസ പിന്നോക്ക പ്രദേശങ്ങളിൽ ഇത്തരം കോളേജുകൾ ആരംഭിക്കുമെന്ന് ഈ സഭയിൽ തന്നെ നേരത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചിരുന്നതാണ്. വിദ്യാഭ്യാസ പിന്നോക്ക പ്രദേശങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി അത്തരം പ്രദേശങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബിരുദ കോളേജുകൾ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. എം. ഹസ്സൻ: സർക്കാർ മേഖലയിൽ തീർച്ചയായിട്ടും ഇത്തരത്തിലുള്ള ആധുനിക കോഴ്സുകളോടുകൂടിയ കോളേജുകൾ ആരംഭിക്കുന്ന സന്ദർഭത്തിൽ ഇതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ആയിരിക്കും ഗവൺമെന്റ് ആ കാര്യം പരിഹരിക്കാനുള്ള തീരുമാനം എടുക്കുന്നത്.

(2) കുളനട-ആറന്മുള റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

ശ്രീമതി മാലേത്ത് സരളാദേവി: സർ, ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട കുളനട-ആറന്മുള റോഡിന്റെ കാര്യമാണ്. ശബരിമല സീസൺ ആയാൽ വളരെയേറെ വാഹനങ്ങൾ കടന്നുപോകുന്ന റോഡാണ് ഇത്. ആറന്മുള ഉത്തൃട്ടാതി വള്ളംകളി, മരാമൺ, ചെറുകോൽപ്പുഴ കൺവെൻഷനുകൾ തുടങ്ങിയ ഉൽസവ കാലങ്ങളിൽ ആയിരക്കണക്കിന് വാഹനങ്ങൾ ഈ നിരത്തിൽക്കൂടി പോകുന്നു. ഇങ്ങനെ വളരെയേറെ പ്രാധാന്യമുള്ള പൊതുനിരത്താണ് ഇത്. അറ്റകുറ്റപ്പണികൾ ചെയ്യാതെ സഞ്ചാര യോഗ്യമല്ലാത്ത സ്ഥിതിയിൽ ഇപ്പോൾ ആയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ജൂലായ് മാസം 9-തീയതിയിലെ ദേശാഭിമാനി പത്രത്തിൽ ഒരു വാർത്ത വന്നു, "ആറന്മുള-കുളനട ദേശീയപാത നാടിന് നഷ്ടമാകുന്നു" ഇതായിരുന്നു ആ വാർത്ത, ഈ പത്രത്തിലാണ് വന്നത് (മെമ്പർ പത്രം ഉയർത്തിക്കാണിച്ചു) ആ വാർത്തയിൽ പറഞ്ഞിരിക്കുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 1999-ൽ കേന്ദ്ര റോഡ് ഫണ്ടിലേയ്ക്ക് സംസ്ഥാന സർക്കാർ കൈമാറിയ സംസ്ഥാനത്തെ രണ്ടു റോഡുകളിൽ ഒന്നായിരുന്നു കുളനട-ആറന്മുള റോഡെന്നും നാഷണൽ ഹൈവേയിൽ ഉൾപ്പെടുന്നില്ല എന്നും, നാൽക്കാലിക്കൽ പാലം പുനർനിർമ്മിച്ചതിനുശേഷം ബാക്കി 11.5 കിലോമീറ്റർ നീളത്തിൽ 15 മീറ്റർ വീതിയിൽ രണ്ട് റീച്ചായി റോഡ് പണി ടെൻഡർ ചെയ്യാൻ വരെയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിരുന്നു എന്നും അതുപോലെ തന്നെ ഈ റോഡിന്റെ ഭാഗങ്ങളിലെ വളവുകൾ ഇല്ലാതാക്കാനും വീതി കൂട്ടാനും തീരുമാനിച്ചിട്ടുണ്ട് എന്നൊക്കെയായിരുന്നു. എന്നാൽ ഈ റോഡ് കിടങ്ങന്നൂർ ഭാഗം തകർന്ന മട്ടിലാണ് ഇപ്പോഴത്തെ സ്ഥിതി. മഴ സമയത്ത് ഓടകൾ ഇല്ലാത്തതുകൊണ്ട് വെള്ളം കെട്ടിക്കിടന്ന് സമീപത്തുള്ള ഹയർസെക്കന്ററി സ്കൂളിലെ കുട്ടികളും സമീപത്തുള്ള വീടുകളിലെ ആളുകളും വെള്ളം കടന്ന് യഥാസ്ഥാനത്ത് എത്തിച്ചേരാൻ കഴിയാതെ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കി, ഇത് എൻ.എച്ച്.-ന് കൈമാറിയതുകൊണ്ട് പി.ഡബ്ല്യു.ഡി പുനരുദ്ധാരണ പദ്ധതികൾ എടുക്കുന്നില്ല എന്ന വികാരം ജനങ്ങളിൽ ഒരുപക്ഷം തൽപ്പര കക്ഷിക്കാരായ ആളുകൾ വരുത്തിത്തീർക്കുകയാണ്. എൻ.എച്ച്. വിഭാഗമാകട്ടെ തങ്ങൾ നിർമ്മാണം നടത്താത്ത റോഡിൽ അറ്റകുറ്റപ്പണികൾ നടത്താൻ ബാദ്ധ്യസ്ഥരല്ല എന്നും പറയുന്നു. ജനപ്രതിനിധിയെന്ന നിലയിൽ മുൻപും ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുള്ളതാണ്. കുളനട-ആറന്മുള റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 2002-2003, 2003-2004 എന്നീ സംസ്ഥാന ബഡ്ജറ്റിൽ 32 ലക്ഷം രൂപ വകക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്രോച്ച് റോഡ് പണിയുന്നതിനുവേണ്ടി 49 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്. നാൽക്കാലിക്കൽ പാലം ഉൽഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി ആറന്മുളയിൽ എത്തിയപ്പോൾ അങ്ങ് നേരിട്ട് കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളതുമാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ ആകട്ടെ എൻ.എച്ച്. ആയിട്ട് ഉയർത്തിയിട്ടും നിർമ്മാണം നടക്കുന്നില്ല എന്ന പത്രവാർത്തകൾ ജനങ്ങളെ വളരെയേറെ ദു:ഖിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ആറന്മുള-കുളനട റോഡ് ദേശീയപാതയായി ഉയർത്തിയതാണോ, പി.ഡബ്ല്യു.ഡി.-ക്ക് അവകാശപ്പെട്ടതാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിത്തരണം. അതോടൊപ്പം തന്നെ ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ സർക്കാരിന്റെ കാലത്ത് എന്തെല്ലാം ചെയ്തിട്ടുണ്ടെന്നും ഈ സർക്കാർ എത്ര പൈസ ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും അങ്ങ് വിശദമാക്കാമോ? ഈ കാര്യങ്ങളെല്ലാം മനസ്സിൽ വച്ചുകൊണ്ട് ഈ ആറന്മുള-കുളനട റോഡ് ഗതാഗത യോഗ്യമാക്കി തീർക്കുന്നതിനുള്ള അടിയന്തിര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ആദ്യമായി പറയട്ടെ, ആറന്മുള-കുളനട റോഡ് ദേശീയപാതയല്ല, ആറന്മുള-കുളനടയിൽ സെൻട്രൽ ഗവൺമെന്റിന്റെ സി.ആർ.എഫ്. ഉപയോഗിച്ചുകൊണ്ട് ഒരു വർക്ക് നടത്തിയെന്ന് മാത്രം. സി. ആർ. ഫണ്ട് ഉപയോഗിക്കുന്ന റോഡൊക്കെ ദേശീയപാതയാണ് എന്ന തെറ്റിദ്ധാരണയാണ് ഈ ഒരു വാർത്തയ്ക്ക് കാരണം. ദേശീയപാതയായി സെൻട്രൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള, കൃത്യമായി അവർ സർവേ ചെയ്ത് അവർ പറഞ്ഞിട്ടുള്ള റോഡുകൾ വേറെയുണ്ട്. സി.ആർ.എഫ്. എന്നുപറയുന്നത് സ്റ്റേറ്റ് റോഡിലേയ്ക്ക് സെൻട്രൽ റോഡ് ഫണ്ടിൽ നിന്ന് നൽകുന്ന സഹായമാണ്. ആ സഹായം അവിടെ ചെയ്തതുകൊണ്ട് ആ റോഡ് ദേശീയപാതയാകുന്നില്ല എന്ന് ആദ്യമായി പറയാൻ ആഗ്രഹിക്കുന്നു. ഈ ദേശീയപാത വിഭാഗത്തിൽ നിന്നും അല്ലെങ്കിൽ സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും നമുക്ക് ലഭിച്ചത് 170 ലക്ഷം രൂപയാണ്. അതിൽ 180 ലക്ഷം രൂപ ചെലവാക്കേണ്ടിവന്നു. കാരണം പ്രധാനപ്പെട്ട ഒരു പാലം നിർമ്മിക്കാൻ വേണ്ടി സി.ആർ.എഫ്. ഉപയോഗിക്കേണ്ടി വന്നു. അതോടുകൂടി സി.ആർ.എഫ്. കഴിഞ്ഞു. ആ സി.ആർ.എഫ്. വർക്ക് എടുക്കുന്നതിനുവേണ്ടി ദേശീയപാത വിഭാഗം ആ സന്ദർഭത്തിൽ അത് ഏറ്റെടുത്ത് ആ പണി നടത്തി എന്നുള്ളതുകൊണ്ട്, ഇപ്പോൾ സി.ആർ.എഫ്. വർക്ക് തീർന്ന സാഹചര്യത്തിൽ അത് സ്റ്റേറ്റ് റോഡിലേയ്ക്കുതന്നെ തിരിച്ചുവരികയാണ്. ആറന്മുള റോഡിൽ ബാക്കിയുള്ള പുനരുദ്ധാരണം നടത്താൻ സ്ഥലമെടുപ്പ് ആവശ്യമുണ്ട്. 480 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ സൂചിപ്പിച്ചതുപോലെ പരിഗണന കൊടുത്തുകൊണ്ട് A.S.നൽകി, എൽ.എ. നടപടികളടക്കം പൂർത്തീകരിച്ച് ആ റോഡ് അഭിവൃദ്ധിപ്പെടുത്താൻ തീർച്ചയായും ഗവൺമെന്റ് തയ്യാറാകും. ഏതായാലും നമ്മൾ വിഷമിക്കേണ്ട, കാരണം, വാർത്തയിൽതന്നെ പറയുന്ന ഒരു കാര്യമുണ്ട്. ഈ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണ്. പതിനഞ്ചു വർഷമായി അറ്റകുറ്റപ്പണികൾ നടത്തിയിട്ട് എന്ന്, നമ്മൾ വന്നിട്ട് മൂന്നു വർഷമല്ലേ ആയിട്ടുള്ളൂ, അപ്പോൾ അറ്റകുറ്റപ്പണികൾ കഴിഞ്ഞ 15 വർഷമായിട്ട് നടത്താത്തതിൽ ആരൊക്കെ ഉൾപ്പെടുമെന്നുള്ളത് അതിൽ നിന്നുതന്നെ വ്യക്തമാണ്. ഏതായാലും നമ്മുടെ ആവശ്യം ആറന്മുള -കുളനട റോഡ് നന്നാക്കുകയെന്നുള്ളതാണ്. അതിന്റെ എൽ. എ. നടപടികൾ ആരംഭിച്ചു. നമുക്ക് ഈ വരുന്ന വർഷംതന്നെ അതിന്റെ പ്രവൃത്തികൾ ആരംഭിക്കാനുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്.

ശ്രീ. മാലേത്ത് സരളാദേവി: സർ, തുക ബഡ്ജറ്റിൽ വകയിരുത്തി പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. കെ. മുനീർ : ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ട്, എന്നുള്ളതു കൊണ്ട് നമുക്ക് A. S. പരിഗണന കൊടുക്കുമ്പോൾ ഈ റോഡുകൾ അതിൽ എടുക്കണമെന്ന് മാത്രം.

LIBRARY ARCHIVES Kerala Legislative Assembly

IV. സബ്മിഷൻ

(1) ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പ്രവർത്തനം സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, കേരളാ ഗവൺമെന്റിന്റെ അധീനതയിലുള്ള ഡൽഹിയിലെ കേരളാ ഹൗസിൽ രണ്ടു ഡസനിലേറെ സർക്കാർ ജോലി സ്വകാര്യ കോൺട്രാക്ടർമാരെ ഏൽപിക്കാൻവേണ്ടി തുനിയുന്നു എന്നു പറഞ്ഞുകൊണ്ട് അവിടത്തെ റെസിഡന്റ് കമ്മിഷണർ കേരളാ ഹൗസിലെ അംഗീകൃത ട്രേഡ് യൂണിയൻ നേതാക്കളെ വിവരം അറിയിച്ചിരിക്കുകയാണ്. കേരളാ ഹൗസിലെ വിവിധ സർവീസുകൾ കരാർ അടിസ്ഥാനത്തിൽ നൽകുന്നത് സംബന്ധിച്ചാണ് മേൽ സൂചിപ്പിച്ചിട്ടുള്ള കത്ത്. ഈ വിഭാഗം ജോലിക്കാരെ കരാർ വ്യവസ്ഥയിൽ നൽകാൻ ഗവണ്മെന്റ് ആലോചിക്കുന്നു എന്ന് കേരളാ എൻ.ജി.ഒ. യൂണിയൻ, കേരളാ ഹൗസ് എംപ്ലോയീസ് അസ്സോസിയേഷൻ, കേരളാ ഹൗസ് ന്യൂ ഡെൽഹി, കേരളാ എൻ.ജി.ഒ. അസോസിയേഷൻ, കേരളാ ഹൗസ്, ന്യൂ ഡെൽഹി, എന്നീ യൂണിയൻ നേതാക്കൾക്ക് റെസിഡൻസ് കമ്മിഷണർ കൊടുത്ത കത്തിലാണ് പറഞ്ഞിട്ടുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്ന നിയമന നിരോധനം വഴി കേരളത്തിലെ 42 ലക്ഷത്തോളം വരുന്ന നിർഭാഗ്യവാൻമാരായ, അഭ്യസ്തവിദ്യരായ, തൊഴിൽ രഹിതരായവർ വേഴാമ്പലിനെപ്പോലെ ജോലിക്ക് കാത്തിരിക്കുന്ന സന്ദർഭത്തിലാണിത് ചെയ്യുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ ആദ്യം 15 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുമെന്നു പറഞ്ഞിരുന്നു. അതിൽ അഞ്ചു ലക്ഷത്തോളം സ്ഥിരം സർവീസിലുള്ള ജോലിയുമാണ് വാഗ്ദാനം ചെയ്തത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ബോർഡ് വച്ചു.-- നിയമനനിരോധനം എന്നായിരുന്നു ആ ബോർഡ്. ആ നിയമന നിരോധനം വഴി ലക്ഷക്കണക്കിന് നിർഭാഗ്യവാന്മാരായ യുവതീയുവാക്കളുടെ വയറ്റിൽ മണ്ണടിച്ചതിനുപുറമേ ആ മണ്ണടി തുടരുന്നു എന്നാണ്. കേരളാ ഹൗസിൽ ഇതുവരെ ടൈപ്പിസ്റ്റ്, അസിസ്റ്റന്റ്, സ്റ്റെനോ ടൈപ്പിസ്റ്റ്, റിസപ്ഷനിസ്റ്റ്, സ്റ്റോർ കീപ്പർമാർ എന്നിങ്ങനെയുള്ള ആളുകളെ പി.എസ്.സി. വഴി നിയമനം നടത്തിയിരുന്നു. ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ വയ്ക്കണം എന്നാണ് റെസിഡന്റ് സ് കമ്മിഷണർക്ക് കൊടുത്ത കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. അവിടത്തെ ഇലക്ട്രീഷ്യനായിരുന്ന ഒരാൾ ദൗർഭാഗ്യവശാൽ മരണപ്പെട്ടു. അതിനെത്തുടർന്ന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരാളിനെ റെസിഡന്റ് കമ്മിഷണർ നിശ്ചയിച്ചു. മുമ്പ് ഇലക്ട്രീഷ്യന് മാസം 7,000 രൂപയായിരുന്നു ശമ്പളം. ഒരു വർഷം 84,000 രൂപ അല്ലെങ്കിൽ 90,000 രൂപ ചെലവായിരുന്ന സ്ഥാനത്ത് രണ്ടര ലക്ഷം രൂപയാണ് ഇലക്ട്രീഷ്യന് ചാർജായി സ്വകാര്യ വ്യക്തിക്ക് കോൺട്രാക്ട് കൊടുത്തത്. സ്വകാര്യ വ്യക്തികൾക്ക് കോൺട്രാക്ട് കൊടുത്തത് ലാഭമല്ല. ക്രമവിരുദ്ധമാണ്, നഷ്ടമാണ് എന്ന് ബോദ്ധ്യമായിട്ടും അവിടെയുള്ള രണ്ടു ഡസനിലേറെ ഒഴിവുകൾ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട് കൊടുക്കുകയാണ്. ഇത്തരത്തിൽ ആർക്കൊക്കെയോ പ്രതിഫലം നേടാൻവേണ്ടി കേരളത്തിൽ നിലനിൽക്കുന്ന ചട്ടങ്ങളെ ലംഘിച്ചുകൊണ്ട്, നിർലജ്ജം ലംഘിച്ചു എന്നു മാത്രമല്ല, നിർഭാഗ്യവാൻമാരായ നമ്മുടെ യുവതീയുവാക്കളെ വീണ്ടുംവീണ്ടും ചതിക്കാൻ വേണ്ടിയുള്ള ശ്രമം നടക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശം റെസിഡന്റ്സ് കമ്മിഷണർക്ക് നൽകിയിട്ടുണ്ടോ; എന്താണ് അതിന്റെ സ്ഥിതി? അങ്ങനെയല്ലെങ്കിൽ അത് കർശനമായി നിർത്തി, പി.എസ്.സി. വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ ക്രമപ്രകാരം നിയമനം നടത്തുന്നതിനുവേണ്ടിയുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ എന്നുള്ളത് അറിയേണ്ടതായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) : സർ, സബ്മിഷന്റെ വിഷയം കേരളാ ഹൗസുകമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. സബ്മിഷനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേരളത്തിലൊട്ടാകെയുള്ള തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ പ്രശ്നംകൂടി ഉന്നയിക്കുകയുണ്ടായി. അതിനെ കുറിച്ച് ഒരു പരാമർശം നടത്താതെ കടന്നുപോകുന്നത് ശരിയല്ല. നിയമന നിരോധനം കേരളത്തിലുണ്ടായിരുന്നു. ആ നിയമന നിരോധനം പിൻവലിച്ചിരിക്കുകയാണ്. 1997 മുതൽ സംസ്ഥാനം നേരിടേണ്ടിവന്ന അസാധാരണമായ സാമ്പത്തിക കുഴപ്പത്തിന്റെ തുടർച്ചയായി ട്രഷറി നിയന്ത്രണം, ശമ്പളം കൊടുക്കാൻപോലും 15 ശതമാനം മുതൽ പതിനേഴര ശതമാനംവരെ പലിശയ്ക്ക് പണം കടം എടുക്കേണ്ട സാഹചര്യങ്ങളുമെല്ലാം വളർന്നുവന്നപ്പോൾ മുൻ ഗവണ്മെന്റിന്റെ കാലത്താണ് നിയമന നിരോധനം ഏർപ്പെടുത്തിയത്. മുൻ ഗവൺമെന്റ് ഏർപ്പെടുത്തിയ നിയമന നിരോധനം ഇന്നത്തെ ഗവൺമെന്റിനും കുറേക്കാലം തുടരേണ്ട സാഹചര്യമുണ്ടായി. പക്ഷേ, കേരളത്തിലെ യുവജന സംഘടനകളുടേയും ചെറുപ്പക്കാരുടേയും പൊതുവായ വികാരം കണക്കിലെടുത്തുകൊണ്ട് ഈ ഗവണ്മെന്റ് നിയമന നിരോധനം എടുത്തു കളഞ്ഞു. ഇപ്പോൾ നിയമന നിരോധനം കേരളത്തിൽ ഇല്ല. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് യഥാർത്ഥത്തിൽ മുൻ ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ നിയമിച്ചതിനേക്കാൾ വളരെക്കൂടുതൽ ചെറുപ്പക്കാരെ സർക്കാർ സർവീസിൽ നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് നിയമന നിരോധനത്തിന്റെ പ്രശ്നം നമ്മളൊരു വിവാദ വിഷയമാക്കരുത്. നിയമന നിരോധനമില്ല. പി.എസ്.സി. നൽകുന്ന ജോലി കൊണ്ടുമാത്രം കേരളത്തിലെ 42 ലക്ഷത്തോളം തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമല്ല. ടൂറിസം മേഖലയിലും, സർവീസ് മേഖലയിലും, കാർഷിക മേഖലയിലും നമുക്ക് തൊഴിലുണ്ടാക്കാൻ സാധിക്കണം. അതിനുള്ള പ്രവർത്തനങ്ങളെല്ലാം നടക്കുന്നുണ്ട്. കേരളാ ഹൗസ് ഇപ്പോഴൊരു വലിയ വിവാദത്തിന് കാരണമായിരിക്കുന്നു. കേരളാ ഹൗസിലെ സർവീസ് മെച്ചമല്ല. തൊട്ടടുത്തുള്ള അയൽ സംസ്ഥാനങ്ങളുടെ ഹൗസുകളുമായി നോക്കുമ്പോൾ കേരളാ ഹൗസിൽ മെച്ചപ്പെട്ട സർവീസ് കിട്ടുന്നില്ല എന്ന് അവിടെ പോയി വരുന്ന ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടരെത്തുടരെ ഗവണ്മെന്റിലേയ്ക്ക് പരാതി അയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ ചില പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. സർവീസ് മെച്ചപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് കേരളാ ഹൗസ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾ സംബന്ധിച്ച നിർദ്ദേശം പരിഗണിച്ചപ്പോൾ, കാറ്ററിംഗ്, ഹൗസ് കീപ്പിംഗ്, റിസപ്ഷൻ തുടങ്ങിയ മേഖലയിൽ പുറമേയുള്ളവരെ ഏൽപ്പിച്ച് കഴിഞ്ഞിട്ട് പരിശോധിച്ച് അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 8-6-2004-ൽ സർക്കാർ റെസിഡന്റ് കമ്മിഷണർക്ക് കത്തെഴുതി. അതു സംബന്ധിച്ച മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ എൻ.ജി.ഒ. അസോസിയേഷൻ പ്രസിഡന്റിന്റെ പരാതി 30-6-2004-ൽ കേരളാ സർക്കാരിന് ലഭിച്ചു. കേരളാ ഹൗസിലെ ഈ വിഭാഗം ജീവനക്കാരുടെ പ്രതിഷേധയോഗം 7-7-2004-ൽ നടന്നു. ഈ സാഹചര്യത്തിൽ ഈ പ്രശ്നം മുന്നോട്ടുകൊണ്ടു പോകുന്നതിനു മുമ്പായി ജീവനക്കാരുമായി ആശയവിനിമയം നടത്തി ഒരു ധാരണയിൽ എത്തിയതിനുശേഷം മാത്രമേ സർവീസ് ചട്ടങ്ങളിൽ ഏത് തരത്തിലുള്ള ഭേദഗതിയും വരുത്തുകയുള്ളൂ എന്ന് ജീവനക്കാർക്ക് ഉറപ്പു നൽകാൻ ഗവണ്മെന്റിൽനിന്നും റെസിഡന്റ് കമ്മിഷണർക്ക് 8-7-2004-ൽ നിർദ്ദേശം നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രകടിപ്പിച്ച ഉൽക്കണ്ഠയ്ക്ക് കാര്യമില്ല. ഇപ്പോൾ എല്ലാം നിറുത്തിവച്ചിരിക്കുന്നു. കേരളാ ഹൗസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ജീവനക്കാരുമായി ചർച്ച നടത്തി ഒരു പൊതുധാരണയിൽ എത്തിയെങ്കിൽ മാത്രമേ ഇനി ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കൂ.

(2) കൊടകര കല്ലൂർ വില്ലേജിലെ വട്ടക്കോട് പ്രദേശത്ത് തേക്ക്, ഈട്ടി എന്നിവ മുറിക്കാൻ അനുവദിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ കല്ലൂർ വില്ലേജിൽ വട്ടക്കോട് എന്ന പ്രദേശത്ത് ഏകദേശം 124 കുടുംബങ്ങൾക്ക് 1960-ൽ ഗവൺമെന്റ് മൂന്ന് മുതൽ മൂന്നര ഏക്കർ വരെയുള്ള സ്ഥലം കൃഷി ചെയ്യുന്നതിനായി അന്ന് പതിച്ചുകൊടുത്തിരുന്നു. ആ പതിച്ചുകൊടുത്ത ഭൂമിയിൽ 1970-ലത്തെ ഗവൺമെന്റ് അവർക്ക് മുഴുവൻ പട്ടയവും നൽകി. പക്ഷേ ഈ ഭൂമി മുഴുവൻ റിസർവ് വനമായിരുന്നു. അത് ഡിസ്റിസർവ് ചെയ്തിരുന്നില്ല. അതുകൊണ്ട് അതിൽ നിൽക്കുന്ന, അവർ നട്ടുവളർത്തിയ തേക്ക്, ഈട്ടി മുതലായ മരങ്ങൾ ഇപ്പോൾ മുറിക്കാൻ സാധിക്കുന്നില്ല. വീണുകിടക്കുന്ന മരങ്ങളായാലും മുറിച്ച് മാറ്റുന്നതിന് വനംവകുപ്പ് അധികൃതർ അനുവദിക്കുന്നില്ല. അതുകൊണ്ട് ഈ ഭൂമി ഡിസ്റിസർവ് ചെയ്ത് എത്രയും വേഗത്തിൽ അവിടുത്തെ പാവപ്പെട്ട കൃഷിക്കാരന് മരം മുറിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : ഇത് 1960 കാലഘട്ടത്തിൽ Grow more food Programme-ൽ ഗവൺമെന്റ് കൃഷിക്കാർക്ക് നൽകിയിരിക്കുന്ന ഭൂമിയാണ്. 1970-ൽ പട്ടയം നൽകിയി ട്ടുണ്ട്. പക്ഷേ ഈ ഭൂമിയുടെ പട്ടയം നൽകുമ്പോഴും ഭൂമി കൃഷിക്കാർക്ക് പതിച്ചുകൊടുക്കുമ്പോഴും നിലവിലുള്ള ചട്ടങ്ങൾക്കെതിരെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർക്ക് അവകാശമില്ല. അത് സർക്കാരിൽ നിക്ഷിപ്തമാണ്. കൊടുക്കുമ്പോഴുള്ള മരത്തിന് പുറമെ കർഷകർ നട്ടുവളർത്തിയ മരമാണെങ്കിൽപ്പോലും അവർക്ക് മുറിക്കാൻ അവകാശമില്ല. സ്വത്തിനോ ജീവനോ അപകടമുണ്ടെങ്കിൽപ്പോലും ആ മരം മുറിക്കാനും അത് സർക്കാരിലേക്ക് മുതൽകൂട്ടാനുമാണ് വ്യവസ്ഥ. ഈ മരം മുറിക്കണമെങ്കിൽ Kerala Forest Preservation Reproduction and Disposal of Trees and Timber belonging to Government but grown on land in the occupation of private persons, 1975-ലെ ചട്ടങ്ങൾ അനുസരിച്ചാണ്. അവർക്ക് കൊടുത്ത പട്ടയത്തിൽ തന്നെ വ്യവസ്ഥ വച്ചിരിക്കുന്നതിൽ നമ്പർ വൺ വ്യവസ്ഥയാണിത്. അനുവദിച്ചു കിട്ടിയ സ്ഥലത്തിന് അകത്തുള്ളതും പട്ടയത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വനവൃക്ഷങ്ങളുടെയും പൂർണ്ണഅവകാശം വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതും ആ ഭൂമിയിൽ പതിച്ചുകൊടുക്കുന്ന സമയത്തുള്ളതോ അതിനുശേഷം ഉണ്ടാകുന്നതോ ആയ എല്ലാ വൃക്ഷങ്ങളും സംരക്ഷിക്കാൻ പതിച്ചു കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ മുറിക്കാനും ഉപയോഗിക്കാനും അവർക്ക് അവകാശമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് അവിടുത്തെ മാത്രം പ്രശ്നമല്ല. അത് മലയോര പ്രദേശത്തെ ആയിരക്കണക്കിന് കർഷകരെ ബാധിക്കുന്ന പ്രശ്നമാണ്. ഇടുക്കിയിലെ എല്ലാ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.മാരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ്. ഇത് അനുചിതമാണ്. നിലവിലുള്ള ചട്ടങ്ങൾ അനുചിതമാണ് എന്നതിൽ ഗവൺമെന്റിന് സംശയമില്ല. ന്യായമായ അവകാശമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഭൂമി ഡിസ്റിസർവ് ചെയ്യാനുള്ള നടപടികൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ക്യാബിനറ്റ് അനുമതിയോടുകൂടി ഗവൺമെന്റ് അനന്തര നടപടികൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(3) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ കിണറിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണം

ശ്രീ. പി. നാരായണൻ: സർ, വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായി 12.35 ലക്ഷം രൂപ മുതൽമുടക്കി നടത്തുന്ന കിണറിന്റേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവർത്തനം നടന്നുവരവെ കിണറിന്റെ പ്രവർത്തനം ഇടക്കാലത്ത് പലവട്ടം സ്തംഭിച്ചുപോയി. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ഗൗരവം മനസ്സിലാക്കി വീണ്ടും ഉദ്യോഗസ്ഥൻ മാരുടെ യോഗം വിളിച്ചുകൂട്ടി അടിയന്തിരമായി വർക്ക് ചെയ്തു തീർക്കുവാൻ വേണ്ടി നിർദ്ദേശം കൊടുത്തിരുന്നു. എന്നിട്ട് 8 മാസം കഴിഞ്ഞിട്ടും

LIBRARY ARCHIVES Kerala Legislative Assembly

വർക്ക് ചെയ്ത് തീർക്കാൻ കോൺട്രാക്റ്റർ തയ്യാറാകുന്നില്ല. ഇതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങൾ കോൺട്രാക്റ്റർ പാലിക്കുന്നില്ല. വൈക്കത്തെ കുടിവെള്ളത്തിന്റെ രൂക്ഷത മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കോൺട്രാക്റ്ററുടെ കരാർ പണികൾ റദ്ദ് ചെയ്യാൻ വേണ്ട നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കണമെന്നും അതുപോലെ തന്നെ കിണറിന്റെ വർക്ക് റീടെൻഡർ ചെയ്തും ടാങ്കിന്റെയും പൈപ്പ് ലൈനിന്റെയും വർക്ക് അടിയന്തിരമായി ചെയ്ത് തീർക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): വൈക്കം ഓഗ്മെന്റേഷൻ സ്കീമിന്റെ പണിയിൽ ബഹുമാനപ്പെട്ട ശ്രീ. നാരായണൻ പറഞ്ഞതുപോലെ അൽപ്പം ചില തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. കിണറിന്റെ പണി ഏറ്റെടുത്തിരിക്കുന്ന കരാറുകാരന് പണി പൂർത്തിയാക്കാൻവേണ്ടി നീട്ടിക്കൊടുത്ത കാലാവധി അവസാനിച്ചത് 5-5-2004-ലാണ്. പണിയുടെ പ്രോഗ്രസ് വളരെ മോശമായതുകൊണ്ട് എം.എൽ.എ തന്നെ എനിക്ക് പെറ്റീഷൻ തന്നു. ഞാൻ വർക്ക് ഓർഡർ ടെർമിനേറ്റ് ചെയ്തുകൊണ്ട് അനന്തര നടപടികൾ സ്വീകരിക്കാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തു. അതിന്റെയടിസ്ഥാനത്തിലുള്ള നടപടികൾ ആരംഭിച്ചുവരികയാണ്. ഇനി നോട്ടീസ് കൊടുക്കേണ്ട കാര്യം മാത്രമേയുള്ളു. എത്രയും പെട്ടെന്ന് ഈ സ്കീം പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) നെൻമാറ-നെല്ലിയാമ്പതി റോഡ്

ശ്രീ. കെ. എ. ചന്ദ്രൻ: സർ, നെൻമാറ-നെല്ലിയാമ്പതി റോഡ് അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ അത്യാവശ്യം സംബന്ധിച്ചാണ് ഈ സഭയിൽ ഉന്നയിക്കുന്നത്. നെല്ലിയാമ്പതി ഒരു ടൂറിസ്റ്റ് മേഖലയാക്കി വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടി റോഡ് സൗകര്യം മെച്ചപ്പെടുത്തേണ്ടതിന്റെ അത്യാവശ്യം പറയാതെ നമുക്കെല്ലാവർക്കുമറിയാം. അതിനുവേണ്ടി ടൂറിസം വകുപ്പും മന്ത്രിയും നിതാന്ത ശ്രദ്ധ ചെലുത്തി ആന്ധ്രയിൽ നിന്ന് 29-9-2001-ൽ നബാർഡ് 25 കോടി രൂപ ഈ റോഡ് വികസനത്തിനായി അനുവദിച്ച് പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് ഇനി റോഡ് വികസന പ്രവൃത്തികൾ നടത്തേണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥൻമാരും അടിമുതൽ മുടി വരെ നിതാന്ത ജാഗ്രതയോടുകൂടി താൽപ്പര്യപൂർവ്വം ഇതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. എന്നിരിക്കിലും ഇത് 0/00 മുതൽ 8/00 വരെ നെൻമാറയിൽ നിന്നും പോത്തുണ്ടി വരെയുള്ള വർക്ക് തുടങ്ങി. അത് മെച്ചപ്പെട്ട നിലയിൽ പോയ്ക്കൊണ്ടിരിക്കുന്നു. അതിന് 208 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ബാക്കി വരുന്ന 2292 ലക്ഷം രൂപയുടെ വർക്ക് തുടർന്ന് നടത്തേണ്ടതുണ്ട്. ഇത് പൂർത്തിയാക്കിയെങ്കിൽ മാത്രമേ നെല്ലിയാമ്പതി ടൂറിസം മേഖല മെച്ചപ്പെടുകയുള്ളു. ഈ സാമ്പത്തിക വർഷത്തിലെങ്കിലും മുഴുവൻ പണിയും പൂർത്തിയാക്കാനുള്ള നടപടിയുണ്ടാകണം. ആന്ധ്രയിൽനിന്ന് ഇത്രയും തുക

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ട് വർഷമായി ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നില്ല. അതുകൊണ്ട് വർഷകാലത്തുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യാനും കൂടി പി.ഡബ്ല്യു.ഡി. വകുപ്പിൽ പണം വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): നെൻമാറ-നെല്ലിയാമ്പതി റോഡ് നബാർഡ് RIDF VII -ൽപ്പെടുത്തി 25 കോടി രൂപയുടെ പ്രോജക്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ 0/00 മുതൽ 8/00 വരെയുള്ള നിരപ്പായ പ്രദേശം 208 ലക്ഷം രൂപയുടെ റ്റി.എസ്. നൽകി എസ്റ്റിമേറ്റ് തുകയുടെ 17.10 ശതമാനത്തിന് താഴെയായി അറേഞ്ച് ചെയ്യുകയും ചെയ്തു. പണി ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ബാക്കി 8/00 മുതൽ 29/688 വരെയുള്ള മലമ്പ്രദേശത്തിന്റെ വിശദമായ സർവ്വേ നടത്താൻ ലാൽബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെ ഏൽപ്പിക്കുകയും അവർ സർവ്വേ നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞു. ആയതിന്റെ പണി ഉടൻതന്നെ തുടങ്ങുന്നതാണ്. അതുവരെയാവശ്യമായ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുമെന്നും സൂചിപ്പിക്കുന്നു.

(5) മാക്ഡവൽ കമ്പനിയിലെ ബ്രീവറീസ് വിഭാഗം അടച്ചുപൂട്ടുന്നത് സംബന്ധിച്ച്

ഡോ. തോമസ് ഐസക്: ചേർത്തലയിലെ മാക്ഡവൽ കമ്പനിയിലെ ബ്രീവറീസ് വിഭാഗം സെപ്റ്റംബർ ഒന്നു മുതൽ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിന്റെ വിശദാംശങ്ങൾ അറിയാം എന്നതുകൊണ്ട് ഞാൻ അവയിലേക്ക് കടക്കുന്നില്ല. 29-ാം തീയതി മുതൽ തൊഴിലാളികളെ കമ്പനിയിൽ പ്രവേശിപ്പിക്കുന്നില്ല. ഇതിന്റെ ഗൗരവമായിട്ടുള്ള പ്രശ്നം തൊഴിൽ വകുപ്പ് വിളിച്ചുചേർത്ത യോഗത്തിലുണ്ടായ ധാരണയിലെ ഒത്തുതീർപ്പ് ഏകപക്ഷീയമായിട്ട് കമ്പനി ലംഘിച്ചാണ് ഇപ്പോൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരിക്കുന്നത്. സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യുന്ന കാര്യം തീരുമാനിച്ചു. ഇങ്ങനെ കമ്പനികളുടെ ഉടമസ്ഥർ ഏകപക്ഷീയമായിട്ട് ധിക്കാരപൂർവ്വം തൊഴിൽ പ്രശ്നങ്ങളിൽ നിലപാട് എടുക്കുന്നത് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. പലപ്പോഴും നമുക്ക് ഫലപ്രദമായി ഇടപെടുന്നതിന് ചില പരിമിതികൾ പുതിയ സാഹചര്യത്തിൽ വന്നിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ, മാക്ഡവലിന്റെ ഏറ്റവും വലിയ വിപണി കേരളമാണ്. ആ വിപണിയിലേക്ക് കേരള സർക്കാർവഴിയല്ലാതെ കടക്കുന്നതിന് ഈ കമ്പനിക്ക് കഴിയില്ല. അതുകൊണ്ട് ഏകപക്ഷീയമായിട്ട് കേരളത്തിൽ ലോക്കൗട്ടുകൾ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്ന തൊഴിലുടമകൾക്ക് ഒരു മെസ്സേജ് നൽകുന്നതിന് വേണ്ടി എക്സൈസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് കർശനമായ ഒരു നിലപാട് മാക്ഡവൽ കമ്പനിയിലെ അടച്ചുപൂട്ടൽ ഭീഷണിക്കെതിരെ എടുക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി മുൻകയ്യെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട ഡോക്ടറടക്കമുള്ള അവിടുത്തെ ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ഞങ്ങൾ ഇതിനെ സംബന്ധിച്ചുള്ള ചർച്ചയിലിരിക്കുമ്പോഴാണ് മാക്ഡവൽ കമ്പനി closure -നുള്ള നോട്ടീസ് തന്നത്. നൂറിൽ താഴെ തൊഴിലാളികൾ ഉള്ളതുകൊണ്ട് നിയമപരമായിട്ട് നോട്ടീസ് ഇല്ലാതെ തന്നെ closure -ലേക്ക് പോകാം. പക്ഷേ എങ്കിലും closure നോട്ടീസ് തന്നപ്പോൾ തന്നെ അതിനകത്ത് ഇടപെട്ടു. കഴിഞ്ഞ ദിവസം ഞാൻ ട്രേഡ് യൂണിയൻ നേതാക്കൻമാരെ വിളിപ്പിച്ച് യാതൊരു കാരണവശാലും ആ സ്ഥാപനം ക്ലോസ് ചെയ്യുന്നതിന് അനുവദിക്കില്ലെന്ന് അവരോട് പറഞ്ഞിട്ടുണ്ട്. അവർ നഷ്ടത്തിന്റെ കുറേ കണക്കുകളൊക്കെ അവതരിപ്പിച്ചു. അത് പരിഹരിക്കാൻ തൊഴിലാളി യൂണിയനുമായി ചേർന്ന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഡോക്ടർ ചൂണ്ടിക്കാണിച്ചതു പോലെ ഇപ്പോൾ വന്നിരിക്കുന്ന ഒരു പ്രത്യേകത, മാനേജുമെന്റുകൾ പലപ്പോഴും അവരുടെ കുറേ കണക്കുകളും ന്യായങ്ങളും പറഞ്ഞ് യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ തുനിയുന്ന സാഹചര്യമുണ്ട്. ഇത് മനസ്സിലാക്കിക്കൊണ്ട് തൊഴിലാളികളും വളരെയധികം വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്നു. എങ്കിലും മാക്ഡവൽ കമ്പനിയിലെ യു.ബി. എന്നുപറയുന്ന കമ്പനിയിലെ മാനേജുമെന്റിന്റെ സമീപനമൊക്കെ അങ്ങേയ്ക്ക് അറിയാം. പക്ഷേ എങ്കിലും കഴിഞ്ഞ ദിവസം അവരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ അടുത്ത ആഴ്ച വീണ്ടും അവരെ ചർച്ചയ്ക്ക് വിളിക്കുന്നുണ്ട്. അതിനകം കമ്പനി നടത്തിക്കൊണ്ടു പോകുന്നതിന് വയബിളായിട്ടുള്ള പ്രൊപ്പോസലുമായി അവർ ചർച്ചയ്ക്ക് വരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്ക് ശ്രമിക്കാം. മാക്ഡവൽ കമ്പനിയുടെ പ്രധാന മാർക്കറ്റ് കേരളമാണ്. ഇപ്പോൾ അങ്ങനെയല്ല. കേരളത്തിൽ ഉണ്ടാക്കുന്നത് കേരളത്തിൽ വിൽക്കുന്നു, തമിഴ്നാട്ടിൽ ഉണ്ടാക്കുന്നത് തമിഴ്നാട്ടിൽ വിൽക്കുന്നു, ആന്ധ്രയിൽ ഉണ്ടാക്കുന്നത് ആന്ധ്രയിൽ വിൽക്കുന്നു. കേരളത്തിൽ ഉണ്ടാക്കി കേരളത്തിൽ വിറ്റില്ലെങ്കിൽ കേരളത്തിലെ ഫാക്ടറി അടയ്ക്കുമെന്നുള്ളതാണ് അവർ എടുക്കുന്ന സമീപനം തീർച്ചയായിട്ടും ഈ സ്ഥാപനം പൂട്ടാതിരിക്കുന്നതിന് ഗവൺമെന്റും ശക്തമായ നടപടികൾ സ്വീകരിക്കാം.

(6) കോഴിക്കോട് വനിതാ ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

ശ്രീ. എ. സുജനപാൽ : സർ, കോഴിക്കോട് വനിത ഐ.ടി.ഐ.യുടെ ശോചനീയാവസ്ഥയെ കുറിച്ചാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 1987-ൽ വെള്ളയിലെ താൽക്കാലിക ഷെഡിലേയ്ക്ക് അത് മാറ്റി. സ്ഥിരമായി കെട്ടിടത്തിനുവേണ്ടി വേങ്ങേലിയിൽ സ്ഥലം എടുത്ത് അതിന്റെ പ്രവൃത്തിയും ആരംഭിച്ചു. പക്ഷേ രണ്ട് വർഷമായി അതിന്റെ പ്രവൃത്തി മുടങ്ങി കിടക്കുകയാണ്. അതുകാരണം എൻ.സി.ഐ.ബി.ടി.-യുടെ അഫിലിയേഷൻവരെ റദ്ദ് ചെയ്യുമെന്നുള്ള ഭീഷണി മുഴക്കിയ സാഹചര്യമാണുള്ളത്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി അതിന്റെ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ അനുവദിച്ച കമ്പ്യൂട്ടർ, ഹൗസ് കീപ്പിംഗ്, റിസപ്ഷനിസ്റ്റ് തുടങ്ങിയ കോഴ്സുകൾ തുടങ്ങാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ കെട്ടിടത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് നൽകണം. അവിടെ ആവശ്യമായിട്ടുള്ള എക്വിപ്മെന്റ്സ് നൽകണം. അതുപോലെ തന്നെ പുതിയ കോഴ്സുകൾ ആരംഭിക്കണം. അതിന് എൻ. സി. പി. ടി.-യുടെ അംഗീകാരം റദ്ദു ചെയ്യുന്ന സാഹചര്യത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കണം. റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ കുട്ടികൾക്ക് പഠനം തുടർന്നു കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടുണ്ടാകും. അത് വിദ്യാർത്ഥികളുടെ ഇടയിലും രക്ഷിതാക്കളുടെ ഇടയിലും ഒരുപാട് ആശങ്കകൾ ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ കുറെ കാലമായി സമരത്തിലാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അറിയാവുന്ന കാര്യമാണ്. അദ്ദേഹം കഴിഞ്ഞ വർഷം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പക്ഷേ അതിന് വേഗത പോര എന്നുള്ളതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അടിയന്തിരമായി അവിടെ കെട്ടിടത്തിന്റെ പണി പൂർത്തികരിക്കാനും അവിടുത്തെ അഫിലിയേഷൻ പുനഃസ്ഥാപിക്കാനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കോഴിക്കോട് വനിത ഐ.ടി.ഐ. ക്ക് 90 ലക്ഷം രൂപയുടെ കെട്ടിടത്തിന്റെ പണി 1997-ൽ നൽകിയതാണ്. 1998-ൽ അതിന്റെ പ്രവർത്തനം തുടങ്ങി. അതിന്റെ സ്ട്രക്ച്ചറെല്ലാം പൂർത്തിയായി കഴിഞ്ഞപ്പോൾ കോൺട്രാക്ടർ, അത് പഴയ റേറ്റിലുള്ള അതായത് 1996-ലെ ഷെഡ്യൂളുകൾ അനുസരിച്ചുള്ള കരാറാണ്, അത് നടത്തിക്കൊണ്ട് പോകാൻ കഴിയില്ല എന്ന് കാണിച്ചുകൊണ്ട് ഒരു നോട്ടീസ് കൊടുത്തു. അതിന്റെ പ്രവർത്തനം നിർത്തിവച്ചു. ഇപ്പോൾ ആവശ്യപ്പെട്ടത് 95.5 ശതമാനം റേറ്റ് വർദ്ധനവാണ്. അവരുമായിട്ടും പി.ഡബ്ല്യു.ഡി.-യുമായിട്ടും ഈ കാര്യങ്ങൾ ചർച്ച ചെയ്തു. 17-7-2004 മുതൽ വീണ്ടും കെട്ടിടത്തിന്റെ പണി പുനരാരംഭിച്ചിട്ടുണ്ട്. പണി എത്രയും പെട്ടെന്നു പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. അവിടുത്തെ എല്ലാ കോഴ്സുകൾക്കും അഫിലിയേഷനുണ്ട്. അഫിലിയേഷന് പ്രശ്നമില്ല. പക്ഷേ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഈ വർഷം 7,68,029 രൂപയുടെ സാങ്ഷൻ കൊടുത്തിട്ടുണ്ട്. അത് കെൽട്രോണിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. കോഴ്സുകൾക്ക് അഫിലിയേഷൻ നിലനിർത്തിക്കൊണ്ടുതന്നെ ഈ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കി ഐ. ടി. ഐ.-യുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(7) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുടിയിറക്ക് ഭീഷണി

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുടിയിറക്ക് പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. മണ്ണാർക്കാട് യു.ഡി.എഫും എൽ.ഡി.എഫും ഇന്ന് ഈ കുടിയിറക്കിനെതിരായി സമരത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിലെ അഗളി പഞ്ചായത്തിലെ കൂറുക്കൻകുണ്ട്, ചിരപുരാതനമായ ഒരു റോമാപള്ളി സ്ഥിതി ചെയ്യുന്ന സ്ഥലമാണ്, അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ചോലക്കാട്, മണ്ണാർക്കാട് പഞ്ചായത്തിലെ ആനമൂളി , കോട്ടോപ്പാടം പഞ്ചായത്തിലെ ഗവൺമെന്റ് പോളിടെക്നിക്കിന് വേണ്ടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് റവന്യൂ വകുപ്പ് കൈമാറിയ 12 ഏക്കർ സ്ഥലം, അതുപോലെ കൊടുവാളിപ്പുറം തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ ഫോറസ്റ്റുകാർ പാവപ്പെട്ട നാമമാത്ര കർഷകരെ, രണ്ടേക്കറിൽ താഴെയുള്ള കൃഷിക്കാരെ, 30,000 മുതൽ 50,000 രൂപവരെ മാത്രം ഏക്കറിന് വിലയുള്ള ഭൂമിയിൽ നിന്ന് ഇറക്കിവിടാൻ ശ്രമിക്കുകയാണ്. ഇത് എന്റെ നിയോജക മണ്ഡലത്തിൽ വലിയ വാർത്തയായിരിക്കുകയാണ്. അവിടുത്തെ കർഷകരിൽ നിന്ന് കക്ഷി രാഷ്ട്രീയത്തിന് അതീതമായി പ്രതിഷേധം ഉയർന്നുവന്നിരിക്കുകയാണ്. വർഷങ്ങളായി അവരുടെ ഭൂമിയിൽ താമസിക്കുന്ന ആളുകളെ കുടിയിറക്കാൻ 1969-ൽ ആരംഭിച്ചതാണ്. അന്ന് ബഹുമാന്യനായ സി. എച്ച്. മുഹമ്മദ് കോയ ആഭ്യന്തര മന്ത്രിയായിരന്നു. ശ്രീ. ഡി. ബാബുപോൾ പാലക്കാട് കളക്ടറായിരുന്നു. അന്നൊക്കെ എല്ലാവരും ചെറുത്തു. ആ ചെറുത്തു നിൽപ്പ് ഇപ്പോഴും തുടരുകയാണ്. ഈ സാഹചര്യത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഞാൻ മേൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ കുടിയിറക്ക് അടിയന്തിരമായി നിർത്തണമെന്ന് ഞാൻ ഒരു സബ്മിഷനിലൂടെ വനം വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ, നിരവധി തവണ ഈ നിയമസഭയിൽ പരാമർശിച്ച വിഷയമാണ്. ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ ആകാംക്ഷയും ആശങ്കയും മനസ്സിലാക്കുന്നു. പക്ഷേ 1-1-1977-നു ശേഷമുള്ള കയ്യേറ്റ സ്ഥലങ്ങൾ ഒഴിപ്പിക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയമാണ്. അത് ഗവൺമെന്റിന്റെ നയം മാത്രമല്ല. ഇപ്പോൾ സുപ്രീംകോടതിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും മൂന്നു മാസം കൂടുമ്പോഴുള്ള ഇവാല്യൂവേഷന് വിധേയമാകുന്ന ഒരു സബ്ജക്ടായി ഈ കുടിയിറക്ക് മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മണ്ണാർക്കാട് ഡിവിഷനിലെ അഗളി; മണ്ണാർക്കാട് റെയിഞ്ചിൽപ്പെട്ട ഭൂമികൾ ഇതിൽപ്പെട്ട ഭൂമികളാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് ഉണ്ടായിരുന്നു. ആ കേസിന്റെ വിധി പ്രകാരം ഇത് നിക്ഷിപ്ത വനഭൂമിയാണ് എന്ന് കോടതിയുടെ ഉത്തരവ് നിലവിലുണ്ട്. അപ്പോൾ ഗവൺമെന്റിന് ജോയിന്റ് സർവ്വേ നടത്തി ഒഴിപ്പിക്കുകയല്ലാതെ മാർഗ്ഗമില്ല. ഇത് മൂന്നു മാസം കൂടുമ്പോൾ സുപ്രീംകോടതി ഇവാല്യൂവേറ്റ് ചെയ്യുന്നു. സുപ്രീം കോടതി നിശ്ചയിച്ച എംപവർ കമ്മിറ്റി ഇവാല്യൂവേറ്റ് ചെയ്യുന്നു. എന്തുകൊണ്ട് കയ്യേറ്റക്കാരെ ഇറക്കിവിടുന്നില്ല എന്ന് ഗവൺമെന്റിനോട് ചോദിക്കുന്നു. ഗവൺമെന്റിന് ഇക്കാര്യത്തിൽ നിസ്സഹായതയാണ്. ജനങ്ങളുടെ പ്രതിഷേധത്തെ ഞാൻ ഉൾക്കൊള്ളുന്നു. അംഗത്തിന്റെ ആകാംക്ഷ ഞാൻ ഉൾക്കൊള്ളുന്നു. പക്ഷേ നിയമവിധേയമായി ഗവൺമെന്റിന് എങ്ങനെ പ്രതികരിക്കാൻ സാധിക്കും എന്നത് ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ആധികാരിക രേഖവെച്ച് വിശ്വസനീയമായ ജി.ടി.മേപ്പ് വച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തി കയ്യേറ്റ ഭൂമി എന്നു തെളിഞ്ഞ ഭൂമി മാത്രമാണ് ഇപ്പോൾ കുടിയിറക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നത്. അതുകൊണ്ട് അവിടെ ജോയിന്റ് സർവ്വേ നടത്തിയില്ല എന്ന ആക്ഷേപം ഉണ്ടെങ്കിൽ ജോയിന്റ് സർവ്വേ നടത്താം. ബഹുമാനപ്പെട്ട അംഗത്തിന്റെ ആകാംഷയെ മാനിച്ചുകൊണ്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുനപരിശോധനനടത്താൻ ഗവൺമെന്റ് തയ്യാറാണ്. താൽക്കാലികമായി അവിടെ കൂടിയിറക്ക് നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അത് എന്നന്നേക്കുമല്ല. കയ്യേറ്റക്കാരാണെങ്കിൽ ഇറക്കാതെ നിവൃത്തിയില്ല എന്ന കാര്യം കൂടി ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

V. റിപ്പോർട്ട് സമർപ്പണം

2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. പ്രത്യേക പരാമർശം

(1) ചട്ടങ്ങൾ മേശപ്പുറത്തു വയ്ക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ നിയമസഭയിൽ ഒരു നിയമം കൊണ്ടുവന്ന് ബില്ല് പാസാക്കി അത് ആക്ട് ആയി കഴിഞ്ഞാൽ ഏറ്റവും അടുത്ത നിയമസഭാ സമ്മേളനത്തിൽ അതിന്റെ ചട്ടങ്ങൾ മേശപ്പുറത്തു വയ്ക്കണമെന്നുള്ളത് ഈ നിയമ നിർമ്മാണത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. റവന്യു വകുപ്പിൽ നിന്ന് പുറത്തിറക്കിയ രണ്ട് ചട്ടങ്ങൾ ഈ നിയമസഭയിൽ വച്ചിട്ടില്ല. 25-ാം തീയതി നിയമസഭ സമ്മേളനം ആരംഭിച്ചു. 28-6-2004-നും 9-7-2004-നും ഗവൺമെന്റ് റിപ്പോർട്ടുകളും എസ്. ആർ. ഒ.-കളും ഈ സഭയിൽ വച്ചിട്ടുള്ളതാണ്. ഞാൻ അതെല്ലാം പരിശോധിച്ചു. രണ്ട് എസ്. ആർ. ഒ., S. R. O. No. 500/2004 dt. 14-5-2004, S. R. O. No. 979/2003 dt. 22-10-2003, ഈ രണ്ട് എസ്. ആർ .ഒ.-കളിൽ ഒന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്—വളരെ ഗൗരവമായ ഒരു പ്രശ്നം—പാട്ടത്തുക വെട്ടിക്കുറച്ചു സർക്കാരിന് നഷ്ടം ഉണ്ടാക്കിയതുസംബന്ധിച്ച് വളരെ വ്യക്തമായ കണക്കുകൾ സഹിതം ഇവിടെ സംസാരിച്ച് ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ അതിന് മറുപടി പറയുന്ന കൂട്ടത്തിൽ മേശപ്പുറത്തു വയ്ക്കുന്നു എന്ന് പറഞ്ഞു, ഈ നിയമസഭയിൽ ഒരു മന്ത്രിയുടെ ഉത്തരവാദിത്തമാണ് ആ ചട്ടങ്ങൾ ഇവിടെ വയ്ക്കേണ്ടത്. അതിന്റെ ഭാഗമായി ഈ ചട്ടം വച്ചത് പരിശോധിച്ചപ്പോൾ ഇത് ഇറങ്ങിയിട്ടുള്ളത് 2004 മെയ് 18-നാണ്. മെയ് 14 ഡേറ്റുള്ള ഈ ജി. ഒ. ഇറങ്ങിയത്. ജി.ഒ.പി.നമ്പർ 126/2004/ആർ.ഡി. റവന്യു ഡിപ്പാർട്ടുമെന്റ്.2004 മെയ് മാസം 14 അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചത് ഇറങ്ങിയത് മെയ് മാസം 18 ആണ്. അതിനുശേഷം ഈ സഭയിൽ 25-6-2004-നും 9-7-2004-നും നിങ്ങൾ ഈ എസ്. ആർ. ഒ.-കൾ വച്ചപ്പോഴും,

LIBRARY ARCHIVES Kerala Legislative Assembly

പാട്ടത്തുക വെട്ടിക്കുറച്ചതിന്റെ എസ്. ആർ. ഒ. ഇവിടെ വച്ചില്ല. രണ്ടാമത്തേത് എസ്. ആർ.ഒ. 979/2003 ഡേറ്റഡ് 22-10-2003 അത് ബഹുമാനപ്പെട്ട

11.00 a.m.] റവന്യൂ വകുപ്പും അതുപോലെ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടുമായി ബന്ധപ്പെട്ട് ശ്രീ. ചന്ദ്രമോഹനൻ ചെയർമാനായിരുന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി പരിഗണിച്ച എസ്.ആർ.ഒ ആണ്. അതിന്റെ ചട്ടങ്ങളാണ്. ഈ സഭയിൽ വച്ചു. ഞാൻ അത് വായിച്ചു. അതിനു മുമ്പ് 26-3-1986-ൽ ഏഴാം കേരള നിയമസഭയുടെ സമ്മേളനത്തിൽ എം. വി. മാണി ചെയർമാനായിരുന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനഞ്ചാമത്തെ റിപ്പോർട്ടിൽ ചട്ടങ്ങൾ ഉണ്ടാക്കിയാൽ സഭയിൽ എങ്ങനെ വയ്ക്കണം, ഡിപ്പാർട്ടുമെന്റ് എങ്ങനെ അത് സൂക്ഷിക്കണം, സെക്രട്ടേറിയറ്റ് നടപടിക്രമങ്ങൾ എന്താണ്, അതിന്റെ ഫോം എന്താണ്, അത് എങ്ങനെ രജിസ്റ്റർ ചെയ്യണം, നമ്പർ ചെയ്യണം, എല്ലാ കാര്യങ്ങളുമുണ്ട്. ഇതിനൊക്കെ വിരുദ്ധമായി, ഇതൊന്നും പാലിക്കാതെ നിയമസഭയിൽ, ഏറ്റവും പ്രധാനപ്പെട്ട സഭയിൽവന്ന ഗൗരവമുള്ള രണ്ടു വിഷയങ്ങൾ പാട്ടത്തുക വെട്ടിക്കുറച്ചതും അതുപോലെ നദീതീരവും മണൽ വാരലുമായി ബന്ധപ്പെട്ടതുമാണ്. അതിന്റെ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് രഹസ്യമാക്കി വെച്ചു. ഈ സഭയിൽ വയ്ക്കണ്ടേ? സഭയിൽ വച്ചാൽ ഞങ്ങൾക്കുള്ള അവകാശമാണ് അതിൽ ഭേദഗതി നിർദ്ദേശിക്കുവാൻ. പതിനാലു ദിവസം ഈ സഭയിൽ ലേ ചെയ്യണം. ഞങ്ങൾക്ക് അംഗങ്ങൾക്ക് അത് വായിച്ചു നോക്കണം. ഞങ്ങൾക്ക് ഭേദഗതി നിർദ്ദേശിക്കണം. അതിനു ശേഷം മാത്രമേ ആ ചട്ടം നടപ്പാക്കുവാൻ പറ്റുകയുള്ളൂ. എന്നാൽ ഇത് സാധാരണ ഗസറ്റ് ആയിട്ട് ചട്ടം ഇറക്കി കാര്യങ്ങളൊക്കെ നിർവ്വഹിച്ചതിനുശേഷം സഭയിൽ വയ്ക്കാതെ സഭ അറിയാതെ ബൈപാസ് ചെയ്തു പോകുന്നത് ഈ നിയമസഭാ നടപടിക്രമങ്ങൾക്ക് എതിരല്ലേ? നമ്മുടെ ചട്ടങ്ങൾക്ക് വിരുദ്ധമല്ലേ? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. ഹസ്സൻ പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഞങ്ങളെയെല്ലാം വിളിച്ചിരുത്തി ഗൗരവമായി ചർച്ച നടത്തി. മുഖ്യമന്ത്രിയും വന്നു. അവിടെ അംഗങ്ങൾ പ്രകടിപ്പിച്ചത് എന്താണ്? ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള മുഴുവൻ അംഗങ്ങൾ പ്രകടിപ്പിച്ചത് എന്താണ്? നിയമനിർമ്മാണസഭയിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉണ്ടാകുന്ന വീഴ്ചകളും ഗുരുതരമായ പാളിച്ചകളാണ്. ആ സാഹചര്യത്തിൽ എങ്ങനെ ഇത് പരിശോധിച്ച്, റവന്യൂ വകുപ്പിന് എതിരായി ഗുരുതരമായ ആക്ഷേപങ്ങളും ആരോപണങ്ങളും ഞങ്ങൾ ഉന്നയിക്കപ്പെട്ട സാഹചര്യം കണക്കിലെടുത്ത് ഇത്തരം ചട്ടങ്ങൾ സഭയിൽ വയ്ക്കാതെ ബൈ-പാസ് ചെയ്തുപോയി നടപ്പാക്കുന്ന രീതി, അത് അനുവദിക്കുവാൻ കഴിയുകയില്ല, അങ്ങ് ഇതിൽ ഇടപെടണം. ഗൗരവമായ രീതിയിൽ ഇത് പരിഹരിച്ച് ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, വളരെ കൊല്ലങ്ങളായി ആ ഭാഗത്തും ഈ ഭാഗത്തും ഇരിക്കുന്ന അംഗങ്ങൾ നോക്കുമ്പോൾ ശ്രീ. രാജേന്ദ്രൻ പറഞ്ഞ കാര്യം 238 വളരെ പ്രസക്തമായ കാര്യമാണ്. അദ്ദേഹം പറഞ്ഞത്, റൂൾ 238 I will quote that--"an Act of the Legislature confers powers to make rules on the Government or other statutory authority, all such rules shall be placed before the appropriate Subject Committee in draft form for its scrutiny" എന്നാണ്. ഈ ഒരു റൂൾ ഡ്രാഫ്റ്റായിട്ട് അതാത് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വന്നതിനുശേഷം മാത്രമേ റൂൾ ഉണ്ടാക്കുവാനും പ്ലാൻ ചെയ്യുവാനും പോലും പറ്റുകയുള്ളൂ. ഈ സംസ്ഥാനത്ത് വളരെ വർഷങ്ങളായി രണ്ടു ഭാഗം ഭരിക്കുമ്പോഴും ഈ റൂൾ സബ്ജക്ട് കമ്മിറ്റിക്ക് വയ്ക്കുന്നില്ല. സബ്ജക്ട് കമ്മിറ്റി കൂടുന്നില്ല. ഡ്രാഫ്റ്റ് പോയിട്ട് ഇതുപോലും വയ്ക്കാത്ത സാഹചര്യം ഇവിടെയുണ്ട്. അതുണ്ടാകരുതെന്നാണ് അതിനെ പിന്താങ്ങി എനിക്ക് പറയാനുള്ളത്.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. ആര്യാടൻ മുഹമ്മദും പറഞ്ഞത് നല്ല ഉദ്ദേശ്യത്തോടുകൂടിയാണ്. അത് ഗവൺമെന്റ് മനസ്സിലാക്കുന്നു. ആദ്യത്തെ എസ്.ആർ.ഒ. ഇന്നലെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഇവിടെ നിയമസഭയിൽ മേശപ്പുറത്തു വച്ചു. ഏറ്റവും വേഗത്തിൽ വയ്ക്കുകയാണ്. രണ്ടാമത് ഒരു എസ്.ആർ.ഒ. ഇവിടെ പറയുന്നുണ്ട്. ഇന്ന് ഇവിടെ നോട്ടീസ് കൊടുത്തതിനകത്ത് ഒരു പിശകുണ്ട്. അത് ഒന്നു കറക്ട് ചെയ്യണം. അല്ലെങ്കിൽ രേഖയിൽ വരും. അതായത് ഇന്ന് എഴുതി തന്നിരിക്കുന്നതിനകത്ത് രണ്ടാമത്തെ എസ്.ആർ.ഒ. 500 എന്നുള്ളതല്ല, 969/03 ആണ്. ആദ്യം എഴുതിയത് ശരിയായിട്ടുണ്ട്. രണ്ടാമത്തേത് എടുത്ത് എഴുതിയപ്പോൾ തെറ്റിപ്പോയി. അല്ലെങ്കിൽ നമ്മുടെ രേഖയിൽ ഇങ്ങനെ വരുകയുള്ളൂ. അത് എത്രയും വേഗത്തിൽ നിയമസഭയിൽ വയ്ക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ചെയറിന്റെ റൂളിംഗ് വേണമെന്നു പറയുന്നത് ഉദ്യോഗസ്ഥന്മാർകൂടി അത് അനുസരിക്കുവാൻ ബാധ്യസ്ഥരായതുകൊണ്ടാണ്. ചെയർ പറയണം. മന്ത്രിമാർക്ക് ഉത്തരവാദിത്വമുണ്ട്. ഉദ്യോഗസ്ഥന്മാർക്കുമുണ്ട്. ചെയറിന്റെ റൂളിംഗ് വേണം. മന്ത്രിയുടെ വിശദീകരണം നാളെവച്ചുകൊള്ളാം എന്നാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗൗരവമായി ഇവിടെ ആരോപണം ഉന്നയിച്ചപ്പോഴല്ലേ മാണി സാർ അത് വച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇപ്പോൾത്തന്നെ വ്യക്തമായി റൂളിംഗ് ഉണ്ട്. അതിന് ഡയറക്ഷൻ ഉണ്ടാകും. അത് എല്ലാവരും വ്യക്തമായി പാലിക്കണം.

(2) കോട്ടയം ജില്ലയിലെ പി. എസ്. സി. എൽ. ഡി. ക്ളാർക്ക് റാങ്ക് ലിസ്റ്റ് സംബന്ധിച്ച്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എനിക്ക് പറയാനുള്ളത് ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രശ്നമാണ്. പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പർ തിരുവനന്തപുരത്തും കൊല്ലത്തും ചോർന്നതിനെ തുടർന്ന് വിജിലൻസ് അന്വേഷിച്ച് ആ ലിസ്റ്റ് ക്യാൻസൽ ചെയ്തു. എന്റെ മണ്ഡലത്തിലെ പരവൂരിൽ ഒരു വീട്ടിൽ നാലു പേരാണ് ആ ലിസ്റ്റിൽ കടന്നുകൂടിയത്. നാലുപേരും ഡി.വൈ.എഫ്.ഐ. പ്രവർത്തകരാണ്. എനിക്ക് ഇപ്പോൾ പറയാനുള്ളത്, കോട്ടയത്തും കണ്ണൂരും ലോവർ ഡിവിഷൻ ക്ളാർക്ക് പരീക്ഷാ ചോദ്യപേപ്പർ ചോർന്നതായി പത്രവാർത്ത വന്നു. അതിനെത്തുടർന്ന് ക്രൈം ബ്രാഞ്ച് കേസ്സെടുത്ത് കോട്ടയം പി.എസ്.സി. ഓഫീസിലെ ഒരു ഉദ്യോഗസ്ഥന് പങ്കുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. പക്ഷേ അയാൾ ദുരൂഹ സാഹചര്യത്തിൽ മരിച്ചു. അതിനെത്തുടർന്ന് ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ടില്ല എന്നു മാത്രമല്ല ആ ലിസ്റ്റിൽനിന്ന് 125 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിരിക്കുകയാണ്. അതുപോലെ കണ്ണൂർ ജില്ലയിലും ചോദ്യപേപ്പർ ചോർന്നതായി വാർത്ത വന്നിരുന്നു. ഇന്നലെ ദീപിക, കൗമുദി, തുടങ്ങിയുള്ള പത്രങ്ങളിൽ സി.പി.എം. ഇടപെട്ട് ഇക്കാര്യം ഒതുക്കി തീർക്കുവാൻ ശ്രമിക്കുന്നുവെന്ന് വാർത്ത വന്നു. ഇക്കാര്യത്തെ കുറിച്ച് സമഗ്രമായി ഒരു അന്വേഷണം നടത്തണമെന്നും സംശയമുള്ള ലിസ്റ്റുകൾ ക്യാൻസൽ ചെയ്യണമെന്നുമാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കോട്ടയം ജില്ലയിൽ ലോവർ ഡിവിഷൻ ക്ളാർക്ക് തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി ആരോപിച്ചുകൊണ്ട് പി.എസ്.സി.-യ്ക്ക് ലഭിച്ച പരാതികൾ പി.എസ്.സി.യുടെ വിജിലൻസ് വിഭാഗം അന്വേഷിച്ച് ആരോപണം അടിസ്ഥാനരഹിതമാണെന്നതിന്റെ വെളിച്ചത്തിൽ 30-12-2003-ൽ പ്രസിദ്ധീകരിച്ച പ്രസ്തുത ലിസ്റ്റിൽ നിന്നും 21-6-2004-ന് നിയമന ശുപാർശകൾ നല്കിയിട്ടുള്ളതാണെന്നാണ് പി.എസ്.സി.അറിയിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ ആരോപണം ഉന്നയിച്ച ഏതാനും ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും കോടതി പരാതി തള്ളിക്കളഞ്ഞതായും പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ പോലീസിലെ ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങൾ വിഭിന്നമായ വിവരമാണ് നല്കിയിട്ടുള്ളത്. കോട്ടയം ജില്ലയിൽ ലോവർ ഡിവിഷൻ ക്ളാർക്ക് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും 27-9-2003-ൽ നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പറുകൾ കോട്ടയം പി.എസ്.സി. ഓഫീസിലെ പ്യൂൺ തോമസ്, പുതുപറമ്പിൽ കുട്ടൻ മകൻ ബാബു എന്നിവർ ചോർത്തുകയും, അന്ന് പരീക്ഷയ്ക്ക് പങ്കെടുത്ത നിരവധി ഉദ്യോഗാർത്ഥികളിൽനിന്ന് വൻ തുക പ്രതിഫലം പറ്റിക്കൊണ്ട് അതിന്റെ കോപ്പികൾ വിതരണം നടത്തിയതായും കണ്ടെത്തി. അതനുസരിച്ച് തോമസിനും ബാബുവിനുമെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു. അതിനിടെ പി.എസ്.സി. ഓഫീസ് പ്യൂൺ ശ്രീ. തോമസ് 7-4-2004-ൽ മങ്ങാനത്തുള്ള കള്ളുഷാപ്പിൽവച്ച് ആത്മഹത്യ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 30-12-2003-ൽ പ്രസിദ്ധീകരിച്ച ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റ് കാൻസൽ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ക്രൈം ബ്രാഞ്ച് പി.എസ്.സി. ചെയർമാന് നേരിട്ട് കത്തെഴുതിയിട്ടുണ്ട്.

(3) കൃഷിക്കാർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. ഷിബു ബേബിജോൺ : സർ, ഈ സഭയുടെ ഇരുഭാഗങ്ങളും വളരെ ഗൗരവമായി ചർച്ച ചെയ്യുകയും കണക്കിലെടുക്കുകയും ചെയ്ത ഒരു വിഷയമാണ് കാർഷിക മേഖലയിലെ ആത്മഹത്യ. കടത്തിനുള്ള മോറട്ടോറിയം ഗവൺമെന്റ് ഇവിടെ പ്രഖ്യാപിച്ചതാണ്. അതു പോര. ആ നടപടികൾക്കുപരി ആത്മഹത്യയെ ഫലപ്രദമായി ചെറുത്തു നില്ക്കുന്നില്ല എന്നു പറഞ്ഞ് പ്രതിപക്ഷം ഇവിടെനിന്നൊക്കെ ഇറങ്ങി പോകുന്നതാണ്. ഈ സഭയോടുള്ള അവഹേളനമാണ്. ഇപ്പോഴും പല സഹകരണ ബാങ്കുകളിൽനിന്നും ജപ്തി നടപടികൾക്കുള്ള നോട്ടീസ് ഇഷ്യൂ ചെയ്യുന്നുണ്ട്. ഇത് വീരണംകാവ് സർവ്വീസ് സഹകരണ ബാങ്ക് ഇന്നലെ അയച്ച ഒരു നോട്ടീസ് ആണ്. ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. കാർത്തികേയൻ മന്ത്രിയുടെ മണ്ഡലമാണ്. അദ്ദേഹം വളരെ ഗൗരവമായി ഈ കാര്യം എടുത്തിട്ടുണ്ട്. നിർഭാഗ്യവശാൽ അവിടെ ഭരിക്കുന്നത് എൽ.ഡി.എഫ് ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അവിടെ മാത്രമല്ല, പലേടത്തും നടക്കുന്നുണ്ട്. പല സംഘങ്ങളിലും നടക്കുന്നുണ്ട്.

ശ്രീ. ഷിബു ബേബിജോൺ: ഞാൻ ആക്ഷേപങ്ങളൊന്നും ഉന്നയിക്കുന്നില്ല. അതുകൊണ്ട് ആരാണ് ഇതിന് ഉത്തരവാദി എന്നു പറഞ്ഞാൽ, ഗവൺമെന്റ് നടപടി അട്ടിമറിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുത്ത് ഗവൺമെന്റ് നയം നടപ്പിലാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഇതുസംബന്ധിച്ച് വീരണംകാവിലെ ഒരു കൃഷിക്കാരന്റെ ഹർജി ലഭ്യമായിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കാർഷിക കടങ്ങൾക്ക് ജപ്തി നടപടി ഇപ്പോൾ ഇല്ല. ഒരു കൊല്ലത്തേക്ക് ഗവൺമെന്റ് മാറ്റി വച്ചിരിക്കുകയാണ്. ഒരു കൊല്ലത്തെ പലിശ കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ നോട്ടീസയച്ച് ബുദ്ധിമുട്ടിക്കുന്ന ഉത്തരവാദപ്പെട്ട സംഘങ്ങളുടെയും അതിനുത്തരവാദിയായ ആളുകളുടെയും മേൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പാറശ്ശാല മണ്ഡലത്തിലെ പൊൻവിള സർവ്വീസ് സഹകരണ സംഘത്തിൽനിന്നും ജപ്തി നടപടിക്ക് നോട്ടീസ് അയച്ചിരിക്കുകയാണ്. നടപടിയെടുക്കണം.

ശ്രീ. എം.വി. രാഘവൻ: നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഗവൺമെന്റിന്റെ തീരുമാനം ഉണ്ടായിക്കഴിഞ്ഞിട്ടും പലഭാഗത്തും ജപ്തി നടപടികൾ സഹകരണ ബാങ്ക് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം പറഞ്ഞു. കഴിഞ്ഞയാഴ്ച ചില അംഗങ്ങൾ കണ്ണൂർ ജില്ലയിലെ ചില പ്രദേശത്തുണ്ടായ കാര്യങ്ങൾ പറഞ്ഞു. ഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം സഹകരണ ബാങ്കിന്റെ മാത്രമല്ല ഈ സംസ്ഥാനത്തെ കാർഷിക കടങ്ങൾക്കുള്ള ജപ്തി ഒരു വർഷത്തേക്ക് ഏത് ബാങ്കിന്റേതാണെങ്കിലും നടത്തിക്കൊടുക്കേണ്ട എന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുവാൻ കഴിഞ്ഞ മന്ത്രിസഭാ യോഗം തീരുമാനം എടുത്തിരിക്കുകയാണ്. ആ തീരുമാനം എല്ലാവരേയും അറിയിക്കുകയാണ്.

(4) നിയമസഭ പാസ്സാക്കാതെ ധനവിനിയോഗം നടത്തിയതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: നമ്മുടെ ഭരണഘടനയുടെ 204-ാം അനുച്ഛേദമനുസരിച്ച് നിയമസഭ പാസാക്കുന്ന ഒരു നിയമം വഴി അല്ലാതെ സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്ന് യാതൊരു തുകയും പിൻവലിക്കാൻ പാടില്ല, ചെലവഴിക്കാൻ പാടില്ല. 205-ാം അനുച്ഛേദ പ്രകാരം അധികചെലവ് ഉണ്ടാകുകയാണെങ്കിൽ അതിനെ സംബന്ധിച്ച് ധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിക്കുകയും അംഗീകാരം തേടുകയും വേണം എന്ന് വ്യവസ്ഥയുണ്ട്. 1983-84 മുതൽ ഇങ്ങോട്ട് കഴിഞ്ഞ ഇരുപതു വർഷക്കാലത്തെ കണക്കുകൾ മൊത്തമായി എടുത്തു പരിശോധിച്ചാൽ 1810 കോടി രൂപ നിയമസഭയറിയാതെ നമ്മൾ പാസാക്കിക്കൊടുക്കാതെ അധിക ചെലവ് വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യാതൊരു നിയമവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം ചർച്ചയ്ക്കു വരുന്നത് 27-ാം തീയതിയാണ്. അന്ന് പറയാൻ അവസരം നൽകാം.....പ്ലീസ്.....

ശ്രീ. എം.വി. ജയരാജൻ: ഞാനിത് അവതരിപ്പിക്കേണ്ട?

മി. ഡെപ്യൂട്ടി സ്പീക്കർ: 27-ാം തീയതി അവതരിപ്പിച്ചാൽ മതി.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം

(ശ്രീ. പിരപ്പൻകോട് മുരളി 9-7-2004-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയത്തിന്റെ തുടർച്ചർച്ച)

ശ്രീ. പിരപ്പൻകോട് മുരളി: സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ 500 കോടി രൂപയുടെ പദ്ധതി അടിയന്തിരമായി നടപ്പിലാക്കി തകർച്ച നേരിടുന്ന പ്രസ്തുത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ പ്രമേയം കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ പ്രാചീന സമ്പദ്ഘടനയുടെ നട്ടെല്ല് കൃഷിയും അതുപോലെ പരമ്പരാഗത വ്യവസായങ്ങളുമായിരുന്നു. നിർഭാഗ്യവശാൽ ആധുനികവൽക്കരണത്തിന്റെയും ടെക്നോളജിയുടെ വളർച്ചയുടെയും ഫലമായി പരമ്പരാഗത വ്യവസായം കാലാകാലങ്ങളായി അതിശക്തമായ പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ രംഗത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളേയും അതുപോലെ കുടുംബങ്ങളേയും സംരക്ഷിക്കാൻ ഭാവനാപൂർണ്ണമായ നിരവധി പദ്ധതികൾ നടപ്പിലാക്കി. കഴിഞ്ഞ മൂന്നു വർഷക്കാലമായി അതി ക്രൂരമായ അവഗണനയാണ് പരമ്പരാഗത വ്യവസായങ്ങളോടും അതുമായി ബന്ധപ്പെട്ട കുടുംബങ്ങളോടും പുലർത്തി വരുന്നത്. ഇത് രാഷ്ട്രീയ പ്രചോദിതമായി പറയുന്നതല്ല. ജൂൺ മൂന്നാം തീയതി മലയാള മനോരമയിൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവന വന്നു. മനോരമ റിപ്പോർട്ട് ചെയ്തതിന്റെ പ്രസക്തമായ ഭാഗം വായിക്കുകയാണ്. "പരമ്പരാഗത വ്യവസായത്തിനും കൃഷിക്കും ഊന്നൽ", "മുൻഗണന മാറ്റും", സ്വന്തം ലേഖകൻ. "ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സർക്കാർ മുൻഗണന വിഷയങ്ങൾ മാറ്റാൻ തീരുമാനിച്ചുവെന്നും ഇനി കൃഷിക്കും പരമ്പരാഗത വ്യവസായത്തിനുമായിരിക്കും മുൻഗണന നൽകുകയെന്നും മുഖ്യമന്ത്രി എ.കെ. ആന്റണി അറിയിച്ചു. ജനങ്ങൾക്ക് പ്രയാസമുണ്ടാക്കിയ നടപടികൾ പുനഃപരിശോധിക്കണം. കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കും". ഈ പ്രസ്താവനതന്നെ കുറ്റസമ്മതമാണെന്ന് ഞാൻ പറയാതെതന്നെ നിങ്ങൾക്ക് അറിയാം. അദ്ദേഹം തന്നെ പറയുന്നു കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ ഗവൺമെന്റിന് ഈ സമൂഹത്തോട് നീതിപാലിക്കാൻ സാധിച്ചിട്ടില്ലെന്ന്. ഏത് കാര്യം പറഞ്ഞാലും ഒരു പാക്കേജ് പറയും. കേട്ടുകേട്ട് മടുത്ത ഒരു വാക്കാണ് പാക്കേജ്. ഉറച്ചു തുമ്മിയാൽ ഒരു പാക്കേജ് പ്രഖ്യാപനം പറയും. പക്ഷെ പ്രഖ്യാപനമല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പാക്കേജും ഇതുവരെ നടപ്പിലായിക്കണ്ടിട്ടില്ല. നമ്മുടെ കയർ, കശുവണ്ടി, കൈത്തറി, നെയ്ത്ത്, കരകൗശലം, ഖാദി തുടങ്ങിയ വളരെ ദരിദ്രമായ ജനവിഭാഗങ്ങൾ, അവരുടെ ഉപജീവനത്തിനുവേണ്ടി നടത്തുന്ന പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ 500 കോടി രൂപയുടെ ഒരു പാക്കേജാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. കൃഷിവകുപ്പു മന്ത്രി ഇല്ലാത്തതുകൊണ്ട് കുറച്ച് ആശ്വാസത്തോടുകൂടി പ്രസംഗിക്കാം. അല്ലെങ്കിൽ അവർ വലിയ അസഹിഷ്ണുത കാണിക്കും. ഈ പാക്കേജ് പ്രഖ്യാപനമല്ലാതെ ഇതുവരെ ഒന്നും നടന്നില്ല. സാധാരണ ഒരു രാജ്യം അല്ലെങ്കിൽ ഒരു ജനസമൂഹം ചെയ്യേണ്ട പ്രത്യേകതയുണ്ട്. ആ രാജ്യത്തിന്റേതായ, ജനസമൂഹത്തിന്റേതായ ഒരു പ്രത്യേകത. കൃഷിയുടെ രംഗത്തായാലും ചെറുകിട വ്യവസായ രംഗത്തായാലും പരമ്പരാഗത വ്യവസായത്തിന്റെ കാര്യത്തിലായാലും ഒരു സാമൂഹ്യ റിസർവേഷൻ ഈ രംഗത്ത് ഉണ്ടാവുക സ്വാഭാവികമാണ്. നിർഭാഗ്യവശാൽ 1960 മുതൽ തന്നെ കേരളത്തിലെ കാർഷിക രംഗത്ത് ഈ റിസർവേഷൻ ഇല്ലാതെ പോയി. ഞാൻ മനസ്സിലാക്കിയിടത്തോളം കൃഷിയെ സംബന്ധിച്ചും വ്യവസായത്തെ സംബന്ധിച്ചുമെല്ലാം ശാസ്ത്രീയമായി ചിന്തിച്ചിട്ടുള്ള രാജ്യങ്ങൾ ഏതേതു രാജ്യങ്ങളെന്നു പ്രത്യേകം പേരു പറയുന്നില്ല. അല്ലെങ്കിൽ പേരു പറയാം. ചൈനയിൽ പരമ്പരാഗത കൃഷി നിലനിർത്തിക്കൊണ്ടുതന്നെയാണ് അവിടെ പല പരീക്ഷണങ്ങളും നടത്തിയത്. ടെക്നോളജിയുടെ വളർച്ച ഉപയോഗിച്ചുകൊണ്ടുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്തുപയോഗിച്ചത്. പരമ്പരാഗത കാർഷിക രീതിയെ സംരക്ഷിക്കാൻ പ്രത്യേകമായ ഒരു മേഖല കണ്ടെത്തിയിരുന്നു. കൃഷിയുടെ രംഗത്തായാലും, വ്യവസായ രംഗത്തായാലും തെരഞ്ഞെടുക്കപ്പെട്ട മേഖലകളിലെ പരീക്ഷണം നടത്തുന്നുള്ളൂ. ഇവിടെ സ്ഥാനത്തും അസ്ഥാനത്തും സൗകര്യം വരുമ്പോൾ എല്ലാം ചൈനയെക്കുറിച്ചും, ബംഗാളിനെക്കുറിച്ചും മറ്റുമൊക്കെ പറയാറുണ്ട്. പക്ഷേ അവിടുത്തെ നല്ല കാര്യങ്ങളെക്കുറിച്ച് ആരും പറഞ്ഞു കേട്ടിട്ടില്ല. പക്ഷേ ചൈനീസ് കൃഷി സമ്പ്രദായം എന്നു പറയുമ്പോൾ വളരെ പഴയ കാർഷിക സമ്പ്രദായമാണ്. അതുകൊണ്ടുതന്നെ അവർക്ക് ഭക്ഷ്യവസ്തുക്കളെ സംബന്ധിച്ച് യാതൊരു ആശങ്കയുമില്ല. അതേസമയം ആധുനിക ടെക്നോളജി പ്രയോജനപ്പെടുത്തുകയും ചെയ്യണം. നമ്മളെ സംബന്ധിച്ചിടത്തോളം കയർ, കശുവണ്ടി, ഈറ്റ, പനമ്പ്, നെയ്ത്ത്, തഴപ്പായ, ഖാദി, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഒരർത്ഥത്തിൽ കൃഷിയുടെ ഒരു ഭാഗം തന്നെയാണ്. കേരളത്തിലെ കയർ വ്യവസായം — നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. കയറും കയർ തൊഴിലാളികളും — നമുക്ക് ചെറിയ വിഷയമല്ല. നമ്മുടെ ദേശീയ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ഭാഗമാണ്. ഏതാണ്ട് പത്തെഴുപത്തെട്ട് ശതമാനത്തോളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന രംഗമാണ്. "കയറുപിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്ജ്വല സമരകഥ" എന്ന് നമ്മുടെ വയലാർ പാടിയ കവിത നമ്മുടെ മനസ്സിലുണ്ട്. ആ കയർ തൊഴിലാളികളാണ് പട്ടിണിയിൽ. ഇടശ്ശേരി ഗോവിന്ദൻ നായരെപ്പോലെയുള്ള ആളുകൾ "ചകിരിക്കുഴിയിൽ" എന്ന കവിത

LIBRARY ARCHIVES Kerala Legislative Assembly

എഴുതാൻ നിർബന്ധമായതും ഈ വിഭാഗത്തിന്റെ ദാരിദ്ര്യം ഓർത്തിട്ടാണ്. ഈ പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളും നടപടികളും എനിക്കു ശേഷം സംസാരിക്കുന്ന ശ്രീ. ദേവകുമാർ പറയും. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട ഈ വ്യവസായം നേരിടുന്ന പ്രതിസന്ധിയുണ്ട്. കയറിന്റെ കാര്യം പറയുമ്പോൾ ഏറ്റവും കൂടുതൽ തെങ്ങ് കേരളത്തിലാണ്. 13-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച മാർക്കോപോള എഴുതിയിട്ടുള്ളത് കേരളത്തിലെ കയർ വളരെ പ്രശസ്തമാണ് എന്നാണ്. അറബിക്കപ്പലുകളുടെ പായ് കെട്ടാൻ ഉപയോഗിച്ചിരുന്ന കയർ കേരളത്തിലെ കയറാണ്. ആലപ്പുഴ കയർ മേഖലയിൽ നിന്ന് പിരിച്ചെടുത്ത ഒന്നാംതരം കയറാണ് വടമായിട്ട് അറബി കപ്പലിൽ ഉപയോഗിച്ചത് എന്നാണ്. 13-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മാർക്കോപോള കേരളം സന്ദർശിച്ചപ്പോൾ പറഞ്ഞിട്ടുള്ളത്. അത്ര പ്രഗൽഭമായ ലോകമാർക്കറ്റ് തന്നെ കീഴടക്കിയ ആ കയറുൽപ്പന്നങ്ങൾ ഇന്ന് പ്രതിസന്ധിയിലാണ്. ആവശ്യത്തിന് ചകിരി കിട്ടുന്നില്ല. Water water everywhere, but not a drop to drink എന്ന കവിതപോലെ എവിടെ നോക്കിയാലും തെങ്ങാണ്, പക്ഷെ ആവശ്യത്തിന് ചകിരി കിട്ടുന്നില്ല. 30% ചകിരി മാത്രമേ നമുക്ക് കിട്ടുന്നുള്ളൂ. അതുപോലെ തന്നെ ആധുനിക ടെക്നോളജിയും നമ്മുടെ പരമ്പരാഗത രീതികളും തമ്മിലുള്ള ചില വൈരുദ്ധ്യങ്ങളുണ്ട്. അത് പരിശോധിച്ചുകൊണ്ട് കയർ വ്യവസായത്തെ സംരക്ഷിക്കാൻ ഈ പാക്കേജ് പ്രാവർത്തികമാക്കണം. സ്വപ്നതുല്യമായാൽ സാധ്യമല്ല. അതുപോലെ കശുവണ്ടിയെ സംബന്ധിച്ച്, കശുവണ്ടി മേഖലയെ സംബന്ധിച്ച് മൃതപ്രായമായിക്കൊണ്ടിരിക്കുന്ന വ്യവസായമായി മാറുകയാണ്. രണ്ടര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന, കശുവണ്ടി മേഖല, ലക്ഷങ്ങൾ പണിയെടുക്കുന്ന കൈത്തറി, മത്സ്യബന്ധനം, ഈറ്റ, പനമ്പ് തുടങ്ങിയ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പാവപ്പെട്ട ആളുകൾ അവരെല്ലാം നേരിടുന്ന അതിരൂക്ഷമായ പട്ടിണിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഓരോ സ്ഥാപനങ്ങളെ സംബന്ധിച്ചും അതിന്റെ ഇന്നത്തെ പ്രതിസന്ധികളെക്കുറിച്ചും മനസ്സിലാക്കാൻ, അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് അങ്ങ് കഴിഞ്ഞ ജൂൺ 3-ാം തീയതി നടത്തിയ പ്രഖ്യാപനം.....

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): അങ്ങയുടെ പ്രസംഗം മുഴുവൻ ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. പ്രത്യേകിച്ച് കയറിന്റെ കാര്യം ഞാൻ ശ്രദ്ധിച്ചു കേട്ടു.

ശ്രീ. പിരപ്പൻകോട് മുരളി : ഞാൻ ഒരു വിഷയം മാത്രം എടുക്കുന്നില്ല. അതിൽ രാഷ്ട്രീയം ഒരുപാടുണ്ട്. കാരണം ഇത് കയറിന്റെയും പരമ്പരാഗത വ്യവസായത്തിന്റെയും പ്രശ്നമായതുകൊണ്ടാണ്. ഈ പ്രമേയം കൊണ്ട് മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിച്ചു എന്നുള്ളതിൽ അങ്ങേയറ്റം നന്ദിയുണ്ട്. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. ടി. കെ. ദേവകുമാർ : സർ, വ്യവസായ രംഗത്തെ പ്രതിസന്ധി പരമ്പരാഗത അസംഘടിത മേഖലയെയാണ് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്. പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ താരതമ്യേന കുടുതലുള്ള കേരളത്തിലെ തൊഴിലാളികളാണ് ഈ കെടുതികൊണ്ട് ഏറ്റവും ബുദ്ധിമുട്ടുന്നത്. കയർ മേഖലയിലെ കാര്യങ്ങൾ പറഞ്ഞു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തൊണ്ട് സംഭരിക്കാൻ സ്വാശ്രയ സംഘങ്ങളെ സഹായിക്കും എന്ന് വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. പക്ഷേ ഇന്ന് കിട്ടിയ ചോദ്യത്തിന്റെ മറുപടിയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് അങ്ങനെ സ്വാശ്രയ സംഘങ്ങളെകൊണ്ട് തൊണ്ട് സംഭരിപ്പിക്കാൻ യാതൊരു പരിപാടിയുമില്ലെന്നാണ്. ഇറക്കുമതി ചെയ്യുന്ന ചകിരി കസ്റ്റംസിന്റെയും വിവിധ വകുപ്പുകളുടേയും നൂലാമാലകളിൽ കുടുങ്ങി കെട്ടിക്കിടക്കുകയാണ്. അത് വിതരണം ചെയ്യാൻ കഴിയുന്നില്ല. വടക്കേ മലബാറിൽ സ്ഥാപിച്ച മുഴുവൻ ഡീഫൈബർ മില്ലുകളും ഇന്ന് പ്രവർത്തനക്ഷമമല്ല. ഈ മേഖലയിൽ വലിയ ഗുരുതരമായ പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഉൾപ്പെടെ എനിക്ക് സൂചിപ്പിക്കാനുള്ളത് അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലാണ് കയർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നത്. ബഹുമാനപ്പെട്ട വേണു ഉൾപ്പെടെയുള്ളവർ ഇവിടെയുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവർത്തിച്ച് അഭ്യർത്ഥിക്കാനുള്ളത് കയർ മേഖലയിലെ എം.എൽ.എ. മാരുടേയും അതുപോലെ തന്നെ ട്രേഡ് യൂണിയൻ നേതാക്കൻമാരുടേയും സഹകരണ സംഘം ഭാരവാഹികളുടേയും ഒരു കോൺഫറൻസ് മുഖ്യമന്ത്രി മുൻകൈയെടുത്ത് വിളിച്ചു കൂട്ടണം. കാരണം പലയിടത്തും പല പ്രാവശ്യവും പറഞ്ഞു, ഇവിടെ പല കോളിംഗ് അറ്റൻഷനുകളും കൊണ്ടുവന്നു. പാണ്ടിക്കാരൻ പറഞ്ഞതുപോലെയാണിന്ന് കയർ വ്യവസായത്തിന്റെ സ്ഥിതി. സമ്മേളനങ്ങളിൽ ഇത് പറഞ്ഞുപോകും. വകുപ്പുമന്ത്രി ഒരു മറുപടിയും പറയും. അവസാനം ഓമ്പും പിള്ള തേമ്പി തേമ്പി എന്ന പരുവത്തിലാണ് കയർ വ്യവസായം എത്തി നിൽക്കുന്നത്. തേമ്പിത്തേമ്പി ഇല്ലാതാകാൻ പോകുകയാണ്. 500-ൽ ശിഷ്ടം കയർ സംഘങ്ങളിൽ മഹാഭൂരിപക്ഷവും അടഞ്ഞു കിടക്കുകയാണ്. ഈ തൊഴിലാളികൾക്ക് ഓണത്തിന് എന്തെങ്കിലും സഹായം എത്തിച്ചു കൊടുക്കുന്നതിന് മുൻകൈയെടുക്കണം. സംഘങ്ങൾക്ക് റിവൈവൽ സ്കീം ഉണ്ടാക്കണം. മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ് 164 സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചു എന്ന്. ആര് തീരുമാനിച്ചു? എനിക്കൊരു വിവരവുമില്ല. അതുകൊണ്ട് കയർ മേഖലയെ സംരക്ഷിക്കാൻ ഗൗരവമായ പരിശ്രമങ്ങളുണ്ടാകണം. കയർ തൊഴിലാളി സഹകരണ സംഘങ്ങൾ പുനഃസംഘടിപ്പിക്കണം. അതിൽ പ്രവർത്തനക്ഷമമായത് ഏതൊക്കെ എന്നു കണ്ടെത്തി പേപ്പർ സംഘങ്ങളെ ഒഴിവാക്കണം. പക്ഷേ ആസ്തിബാധ്യതകളുടെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ഉണ്ടാക്കിക്കൊടുക്കാൻ സഹകരണ ഡിപ്പാർട്ടുമെന്റിനെക്കൂടി ഉപയോഗിക്കണം. സഹകരണ വകുപ്പു വഴി നടപ്പിലാക്കുന്ന ഐ.സി.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തി കയർ സംഘങ്ങളെ അതിന്റെ പരിധിയിൽ കൊണ്ടുവരണമെങ്കിൽ ഈ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയണം. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ മന്ത്രിയുടെ മണ്ഡലത്തിൽ ഉൾപ്പെടെയുള്ള സംഘങ്ങൾ അടഞ്ഞു കിടക്കുകയാണ്. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

മുൻകൈയെടുക്കണം. കോൺഫറൻസ് വിളിക്കണം. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 കോടി രൂപയുണ്ട്. അതിൽ എല്ലാത്തിനും പാക്കേജുണ്ട്. അതിനൊക്കെ സ്കീം തയ്യാറാക്കണം. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ട്രേഡ് യൂണിയൻ പ്രവർത്തകരുടേയും സഹകരണ സംഘം പ്രവർത്തകരുടേയും നിർദ്ദേശങ്ങളുണ്ട്. അത് മുഖ്യമന്ത്രി മുൻകൈയെടുത്ത് കോൺഫറൻസ് വിളിച്ചു കൂട്ടി കയർ വ്യവസായത്തെ സംരക്ഷിക്കാൻ, അതിന്റെ കയറ്റുമതിയെ സംരക്ഷിക്കാൻ നടപടി ഉണ്ടാകണം. ചെറുകിട ഉൽപ്പാദകരുടെ സാധനങ്ങൾ കെട്ടിക്കിടക്കുകയാണ്. അത് ഓണത്തിന് വാങ്ങിയില്ലെങ്കിൽ അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെടെ പട്ടിണിയാകും. അതുകൊണ്ട് അത് വാങ്ങിച്ചെടുക്കാൻ കയർ കോർപ്പറേഷനെ ഉൾപ്പെടെ പ്രേരിപ്പിക്കാനും അവർക്ക് സഹായം കൊടുക്കാനുമുള്ള പരിശ്രമം ഉണ്ടാകണം. റിവോൾവിംഗ് ഫണ്ട് ഇപ്പോൾ കൊടുത്തിരിക്കുന്നത് Distress purchase-നാണ്. അതുകൊണ്ട് സ്വാഭാവികമായി ഇത് വാങ്ങാൻ കഴിയും. അത് വാങ്ങിക്കണം. അതിന് ഡിമാന്റുണ്ട്. അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഇത് പറിച്ചു നട്ടുപോകാനും ഒരുപിടി മുതലാളിമാരുടെ കൈയിലേയ്ക്ക് ഈ വ്യവസായത്തെ എറിഞ്ഞുകൊടുക്കാനുമുള്ള സമീപനം അനുവദിക്കരുതെന്ന് വിനയത്തോടുകൂടി ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കശുവണ്ടി വ്യവസായത്തിൽ 98% സ്ത്രീകളാണ് പണിയെടുക്കുന്നത്. കാഷ്യൂ കോർപ്പറേഷനിൽ 25,000 തൊഴിലാളികളുണ്ട്. 17 ദിവസമാണ് അങ്ങയുടെ ഭരണത്തിൽ ഈ തൊഴിലാളികൾക്ക് ജോലി കിട്ടിയത്. കാപ്പെക്സിൽ 7,000 തൊഴിലാളികളുണ്ട്. ജോലി കിട്ടിയത് 40 ദിവസം. മഹാഭൂരിപക്ഷം തൊഴിലാളികളും സ്വകാര്യ മേഖലയിലാണ്. ആകെ രണ്ടു ലക്ഷം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് കാപ്പെക്സിന്റേയും കാഷ്യൂ കോർപ്പറേഷന്റേയും തൊഴിൽ ദിവസങ്ങൾ കുറയാൻ കാരണമെന്ന സത്യം ബോധ്യപ്പെടാൻ ഗവൺമെന്റ് തയ്യാറാകണം. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ വിദേശ കമ്പോളത്തിൽ അണ്ടിപ്പരിപ്പിനെ സംബന്ധിച്ചിടത്തോളം കയറ്റുമതിസാദ്ധ്യത നഷ്ടപ്പെട്ട സാഹചര്യത്തിൽ ആഭ്യന്തര കമ്പോളം വികസിപ്പിക്കണം. ആഭ്യന്തര കമ്പോള വികസനം എന്നു പറഞ്ഞാൽ value added products ഉണ്ടാകണം. Value added products ഉണ്ടാക്കാൻ ആഭ്യന്തര കമ്പോളം വികസിപ്പിക്കണം. ആഭ്യന്തര കമ്പോളം വികസിപ്പിക്കാൻ ബാഗ്ളൂരിലെ Food Research Centre -ന്റെ സേവനം ലഭ്യമാക്കാൻ മുൻകൈയെടുക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. പുതിയ കേന്ദ്ര ഗവൺമെന്റിന്റെ നയപ്രഖ്യാപനം ഉപയോഗിച്ച് കശുമാവ് തോട്ടങ്ങൾ വികസിപ്പിക്കുകയും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്താൽ ഇറക്കുമതിയെ ആശ്രയിക്കുന്ന സ്ഥിതിവിശേഷത്തിന് മാറ്റം വരുത്താൻ കഴിയും. ഇത് എന്റെ അഭിപ്രായമല്ല. ഇക്കണോമിക് റിവ്യൂവിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൈത്തറി ഒന്നര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായമാണ്. 85%-വും സ്വകാര്യ മേഖലയിലാണ്. ഫാക്ടറി മാതൃകയായ സംഘങ്ങളുടെ എണ്ണം കൂടുമ്പോൾ കൂടിൽ മാതൃകയിലുള്ളവയുടെ എണ്ണം കുറയുകയാണ് എന്ന സത്യം വിസ്മരിക്കരുത്. കോട്ടൺ തുണിത്തരങ്ങളുടെ മേധാവിത്വം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 2001-2002-ൽ 70.75 ദശലക്ഷം മീറ്ററും 2002-2003-ൽ 56.82 ദശലക്ഷം മീറ്ററുമായി

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദനം കുറഞ്ഞിരിക്കുന്നു. ഇത് ഗൗരവമായി കാണണം. ഇതിൽ 97% സഹകരണ മേഖലയിലും 3% സംരംഭകത്വ മേഖലയിലുമാണ് ഉൽപ്പാദനം നടന്നിട്ടുള്ളത്. സഹകരണ മേഖലകളെ സംരക്ഷിക്കാൻ സ്കീമുകൾ ഉണ്ടാകണം. ഇക്കാര്യത്തിൽ മുഖ്യമന്ത്രി മുൻകൈയെടുക്കണം. വ്യവസായ മന്ത്രിയെ സംബന്ധിച്ചിടത്തോളം ഐ.ടി.യാണ് അദ്ദേഹത്തിന് പ്രധാനം. അത് വേണ്ട എന്നു പറയുന്നില്ല. പക്ഷേ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കൈത്തറി തൊഴിലാളികളെ കാണണം. തെക്കൻ കേരളത്തിൽ 54.3 %-വും മധ്യ കേരളത്തിൽ 14.83%-വും വടക്കൻ കേരളത്തിൽ 30.90% വും ആണ് ഉൽപ്പാദനമുണ്ടായത്. സഹകരണ മേഖലയ്ക്ക് ഈ രംഗത്ത് 10% റിബേറ്റ് പുനസ്ഥാപിക്കണം. അതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. മാർക്കറ്റിംഗ് ഇൻസെന്റീവ് 2000-ലേതു പോലെ 10% ഉയർത്തിയാൽ ഈ സംഘങ്ങൾക്ക് നിലനിൽക്കാൻ കഴിയും. സഹകരണ സംഘങ്ങൾ മില്ലുകളിൽ നിന്ന് വാങ്ങുന്ന കുഴി നൂലിന് ഇന്ന് സബ്സിഡി നിർത്തലാക്കിയിരിക്കുന്നു. ആ സബ്സിഡി നിലനിർത്താൻ ഗവൺമെന്റ് ശ്രമിക്കണം. യാൺ ബാങ്ക് വഴി വിതരണം ചെയ്യുന്ന നൂലിന്റെ സബ്സിഡി കുടിശ്ശിക ഉടൻ വിതരണം ചെയ്യുമെന്നാണ് മന്ത്രി ഉറപ്പ് നൽകിയതെങ്കിലും വിതരണം ചെയ്തിട്ടില്ല എന്ന സത്യം സഭയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ മുൻകൈയെടുക്കണം. കേന്ദ്രം മാറ്റി വെച്ചിരിക്കുന്ന തുക അർഹമായത് കേരളത്തിന്റെ കൈത്തറി വ്യവസായത്തിന് മേടിച്ചെടുക്കാൻ കഴിയണം. അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് മത്സ്യ മേഖല. മൂന്നു ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. ആഴക്കടലിൽ എൻ.ഡി.എ. സർക്കാർ ലൈസൻസ് കൊടുത്ത വിദേശ ട്രോളറുകളുടെ സാന്നിധ്യം. ആ ലൈസൻസ് പിൻവലിക്കാനോ, കാലാവധി കഴിഞ്ഞാൽ തുടർന്ന് കൊടുക്കാതിരിക്കാനോ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കണം. ഈ ഗവൺമെന്റിനെക്കൊണ്ട് തീരുമാനം എടുപ്പിക്കണം. മത്സ്യബന്ധന ഉപകരണങ്ങളുടെ ഇറക്കുമതി ചുങ്കം ഒഴിവാക്കിക്കൊടുക്കണം. അത് ഒഴിവാക്കി കൊടുത്തെങ്കിലേ തീരദേശ മത്സ്യത്തൊഴിലാളികൾക്ക്, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നിലനിൽക്കാൻ കഴിയൂ. അതുപോലെ തന്നെ മണ്ണെണ്ണയുടെ ഇറക്കുമതി ഒന്നുകിൽ മത്സ്യ ഫെഡിനെ ഏൽപ്പിക്കണം. അല്ലെങ്കിൽ ബി.പി.സി.എൽ. വഴി നടപ്പിലാക്കാൻ തയ്യാറാകണം. മണ്ണെണ്ണയ്ക്ക് ഇന്നുള്ള ഇറക്കുമതി ചുങ്കം ഒഴിവാക്കിക്കൊടുക്കാൻ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. മത്സ്യ തൊഴിലാളികളുടെ ക്ഷേമനിധിയുടെ കാര്യം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ സുപ്രീം കോടതി വിധി ഓവർകം ചെയ്യുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധിയിലേയ്ക്ക് മുതലാളിമാർ അടയ്ക്കുന്ന വിഹിതം, അത് പിടിക്കാൻ കഴിയുന്നില്ല. അതിന് ബിൽ കൊണ്ടുവരുമെന്ന് പറഞ്ഞു. പക്ഷേ കൊണ്ടുവന്നില്ല. ഈ ബില്ലിന്റെ മറ പിടിച്ചുകൊണ്ട് ഇന്ന് ഹൈക്കോടതിയിൽ പോയി കയർ കയറ്റുമതി കോടതിവിധിപോലെ ചെയ്യുന്നു. ഫലത്തിൽ ഈ സുപ്രീം കോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ എല്ലാ പരമ്പരാഗത വ്യവസായത്തിന്റെ ക്ഷേമനിധികൾ അക്ഷരാർത്ഥത്തിൽ തകരുന്നിടത്തേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കണം,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് ശ്രദ്ധിക്കണം. പരമ്പരാഗത വ്യവസായത്തെ ആകെ തകർക്കുന്ന സുപ്രീം കോടതി വിധി നിലനിൽക്കുന്നു. മത്സ്യത്തൊഴിലാളി മേഖലയിലെ കയറ്റുമതിക്കാരുടെ കൈയിൽ നിന്നും ക്ഷേമനിധി വിഹിതം പിരിക്കാൻ കഴിയുന്ന തരത്തിൽ ബിൽ അവതരിപ്പിക്കണം. അതല്ലെങ്കിൽ സ്വകാര്യ ബിൽ അവതരിപ്പിച്ചാൽ ബഹുമാനപ്പെട്ട ഗവൺമെന്റ് അതിനെ പിന്താങ്ങുമെന്ന് ഉറപ്പു നൽകിയാൽ ഈ ബിൽ അവതരിപ്പിക്കാൻ ഞാൻ തയ്യാറാണ്. എന്നുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈറ്റ, പനമ്പ് വ്യവസായത്തിൽ ഒരു ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നു മഹാഭൂരിപക്ഷം തൊഴിലാളികളും എസ്.സി/എസ്.ടി. തൊഴിലാളികളാണ്. ബാംബു കോർപ്പറേഷന്റെ പ്രവർത്തനരാഹിത്യം ഈ മേഖലയിൽ ന്യായ വിലയ്ക്ക് ഈറ്റ കിട്ടാത്ത സ്ഥിതിവിശേഷമുണ്ടാക്കി. ഈറ്റ, പനമ്പ് വ്യവസായത്തിലെ തൊഴിലാളികളുടെ സ്ഥിതി ദു:സഹമായിരിക്കുന്നു. ഈ വ്യവസായത്തെ സംരക്ഷിക്കാൻ..... (മൈക്ക് ഓഫ്)....ഈറ്റത്തോട്ടങ്ങളുടെ വികസനത്തിന് സഹായങ്ങൾ കൊടുക്കണം. (മൈക്ക് ഓഫ്) ബാംബു കോർപ്പറേഷന് സാമ്പത്തിക സഹായം നൽകണം. ന്യായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ ഏറ്റെടുത്ത് ബാംബു കോർപ്പറേഷനെ ശക്തിപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, കള്ള് ചെത്ത് വ്യവസായത്തെക്കുറിച്ച് പറയാതെ പോയാൽ അപരാധമാകുമെന്നുള്ളതുകൊണ്ട് മാത്രം പറയട്ടെ. ഈ നയം കാരണം അടച്ചു പൂട്ടിയ കള്ള് ഷാപ്പുകൾ തുറക്കുന്നതിനും കള്ള് ഷാപ്പിൽ പണി നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും തയ്യാറാകണം. അതിന് ഞാൻ ആധാരമായി പറയുന്നത് മറ്റൊന്നുമല്ല, ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് പറയുന്നത്. ആ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കള്ള് വ്യവസായത്തിൽ നിങ്ങൾ നിലപാട് സ്വീകരിക്കണം. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വീര്യം കുറഞ്ഞ മദ്യത്തിന്റെ വ്യാപനം നിലനിർത്തിക്കൊണ്ട് വീര്യം കൂടിയ മദ്യത്തിന്റെ വിൽപ്പന കുറയ്ക്കുക. പക്ഷെ, ബഹുമാനപ്പെട്ട യു.ഡി.എഫ്. ഗവണ്മെന്റ് നടപ്പിലാക്കുന്നത് നേരെ തിരിച്ചാണ്. കള്ള് ഷാപ്പുകൾ അടച്ചുപൂട്ടുന്നു. കള്ള് ഷാപ്പ് രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പണിയില്ലാതെയാകുന്നു. അതേസമയം ബാർ ഹോട്ടലുകളുടേയും വിദേശ മദ്യ ഷാപ്പുകളുടേയും എണ്ണം വർദ്ധിക്കുന്നു. ഉദയഭാനു കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് പ്രകടനപത്രികയിൽ വിശദീകരിച്ച ഗവണ്മെന്റ് അത് നടപ്പിലാക്കി കള്ള് ചെത്ത് വ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കാൻ തയ്യാറാകണം. ഈ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളെ, മാറി വന്ന കേന്ദ്ര ഗവണ്മെന്റ് സമീപനത്തിനനുയോജ്യമായി ഒരു നയം സ്വീകരിച്ചുകൊണ്ട് പ്രതിപക്ഷത്തിന്റേയും ഭരണ പക്ഷത്തിന്റേയും, ട്രേഡ് യൂണിയൻ നേതാക്കളുടേയും ജനപ്രതിനിധി കളുടേയുമെല്ലാം അഭിപ്രായങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് 40 ലക്ഷത്തോളം വരുന്ന ഈ തൊഴിലാളികളുടെ ജീവിതത്തിന് സുസ്ഥിരത ഉണ്ടാക്കാൻ, ആ വ്യവസായത്തെ നിലനിർത്തിക്കൊണ്ടുപോകാനുള്ള ശ്രമത്തിന് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ബഹുമാനപ്പെട്ട വാമനപുരം അംഗം അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഈ പ്രമേയത്തിന്റെ സ്പിരിറ്റിനെ ഞാൻ പിൻതാങ്ങുകയാണ്. ഇത് ഏറ്റവും രൂക്ഷമായ വിഷയമായി ഈ സഭയിൽ വന്നിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വാമനപുരം എം.എൽ.എ. ഇവിടെ പാടിയതുപോലെ

"കയറു പിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്ജ്വല സമരകഥ
അതു ചോദിക്കും എന്നുടെ നാടിന്നഭിമാനിക്കാൻ വകയുണ്ട് "

എന്ന് വയലാർ പാടിയ വിപ്ലവഗാനം ഇന്നൊരു കദനകഥയായി മാറി. കയർ പിരിക്കുന്ന തൊഴിലാളിക്ക് കദനകഥയായി മാറിയിരിക്കുകയാണ്. ഈ മേഖലയിലെ തൊഴിലാളികൾ ഇന്ന് ഏറെ പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്നുവെന്ന് ആർക്കും മനസ്സിലാകും. ഈ സഭയുടെ നാഥനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും, കയറിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും ഈ വകുപ്പിനോട് ഏറ്റവും കൂടുതൽ താൽപര്യമുള്ളവരാണ്. പക്ഷെ, ആശങ്കയുണ്ട്. ഈ മൂന്നുപേരും ഉണ്ടായിട്ട് ഈ നിയമസഭയിൽ നിന്നും ഗവണ്മെന്റിൽ നിന്നും കാലാകാലങ്ങളായി ഇന്നലെ ഭരിച്ചിരുന്നവരും, ഇന്ന് ഭരിക്കുന്നവരും ഈ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാനുള്ള ക്രിയാത്മകമായ യാതൊരു സമീപനവുമെടുത്തിട്ടില്ല. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയുള്ള നമ്മുടെ നാട്ടിൽ ചകിരി കൊണ്ടുവരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. തമിഴ്നാടിനെ ആശ്രയിച്ചുകൊണ്ട് കയർ മേഖലയിൽ നിൽക്കുന്ന തൊഴിലാളികൾക്ക് ചകിരിക്ക് കൂടുതൽ പൈസ കൊടുക്കുന്നതോറും ഈ മേഖലയിൽ നിൽക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിരിക്കുന്നു. അതുപോലെ ചെറുകിട സംഘങ്ങളുണ്ട്. ബോഗസ് സംഘങ്ങളുണ്ട്. ഈ സംഘങ്ങളെ ശക്തിപ്പെടുത്താൻ കഴിയാത്തതുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല. പി.എഫും ഗ്രാറ്റുവിറ്റിയും ക്ഷേമനിധിയുമെല്ലാം കൊടുക്കുന്നവരാണ് സംഘങ്ങൾ. ഇതൊന്നും കൊടുക്കാത്ത ചെറുകിട ഉൽപ്പാദകർക്ക് കൊടുക്കുന്ന അതേ വിലയാണ് സംഘങ്ങളിൽ നിന്നും വാങ്ങിച്ചുകൊണ്ടിരിക്കുന്നത്. സംഘങ്ങൾക്ക് നിലനിൽപ്പില്ലാതെ സാഹചര്യം മാറിക്കൊണ്ടിരിക്കുകയാണ്. എം.ഡി.എ. ചില നിബന്ധനകൾക്ക് പുറത്താണ് കൊടുത്തുകൊണ്ടിരിക്കുന്നത്. എം.ഡി.എ. പൂർണ്ണമായും പുന:സ്ഥാപിക്കണം. ഈ മേഖലയിൽ കേന്ദ്ര ഗവണ്മെന്റ് അനുവർത്തിച്ച, കഴിഞ്ഞ എൻ.ഡി.എ. ഗവണ്മെന്റ് അനുവർത്തിച്ച നയമാണ് കയർ മേഖലയിൽ ഏറ്റവും രൂക്ഷമായ പ്രതിസന്ധിക്ക് കാരണമായത്. എം.ഇ.പി. (മിനിമം എക്സ്പോർട്ട് പ്രൈസ്) എടുത്തുകളഞ്ഞതാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധി. അതുപോലെ ഇവർക്ക് കൊടുക്കുന്ന സബ്സിഡി 10 ശതമാനം കേന്ദ്ര ഗവണ്മെന്റും 10 ശതമാനം സംസ്ഥാന ഗവണ്മെന്റും കൊടുക്കുന്നത് നിർത്തലാക്കിയതുകൊണ്ട് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന തൊഴിലാളി ഏറ്റവും കൂടുതൽ കഷ്ടപ്പാട് അനുഭവിക്കുകയാണ്. ഇന്ന് ആ മേഖലയിൽ പോകുന്ന ആളുകൾക്ക് ഇത് അറിയാവുന്നതാണ്. ഇവിടെ പട്ടിണിയെക്കുറിച്ചും, മറ്റ് കാർഷിക മംഗത്തുള്ള പട്ടിണിയെക്കുറിച്ചും, ആത്മഹത്യയെക്കുറിച്ചും നമ്മൾ സംസാരിക്കുന്നുണ്ടെങ്കിലും പട്ടിണി കാണണമെങ്കിൽ തീര പ്രദേശങ്ങളിൽ കയർ മേഖലയിലും മൽസ്യ മേഖലയിലും ചെല്ലണം. ഏറ്റവും കടുത്ത ദാരിദ്ര്യമാണ്. ഈ പ്രശ്നം പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയുണ്ടാക്കിയേ മതിയാകൂ. ഇവിടെ പറഞ്ഞ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചചെയ്യണം. എം.എൽ.എ.-മാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി രണ്ട് മന്ത്രിമാരും പ്രതിപക്ഷനേതാവും ഉൾപ്പെടെ സംസാരിച്ച് രാഷ്ട്രീയ പരിഗണന കൂടാതെ ഈ മേഖലയിലെ തൊഴിലാളികളെ രക്ഷിക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തും ഈ ഗവണ്മെന്റിന്റെ കാലത്തും അവർക്ക് പ്രയാസമുണ്ടായിരുന്നു. ആ പ്രയാസം പരിഹരിച്ചുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. മൽസ്യത്തൊഴിലാളികളുടെ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവമായെടുത്തിട്ടുണ്ട്. 3-ാം തീയതി തീരദേശ എം.എൽ.എ.മാരുടെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം നമ്മൾ പാക്കേജ് പ്രഖ്യാപിച്ചു. 15 കോടിരൂപ കൊടുക്കാമെന്നു പറഞ്ഞ് കൊടുത്തു. നടപടിയില്ല. ആ മേഖലയിലുള്ള സ്ഥാപനങ്ങളുടെ, കയർ കോർപ്പറേഷനായാലും കയർ ക്ഷേമനിധി ബോർഡായാലും, ഇവരുടെ പ്രവർത്തനങ്ങൾ ഒന്ന് വിശകലനം ചെയ്യണം. അത് കഴിഞ്ഞ കാലഘട്ടങ്ങളിലുള്ളതും വിശകലനം ചെയ്യണം. ഇതിൽ കയർ തൊഴിലാളികൾക്ക് അനുകൂലമായ നടപടി സ്വീകരിക്കണം. ഇതിൽ മറ്റൊരു വില്ലൻ കയർ ബോർഡാണ്. എല്ലാ കാലഘട്ടങ്ങളിലും കയർ ബോർഡിന് ഇവിടത്തെ സമീപനങ്ങളുമായി ഗ്രൗണ്ട് റിയാലിറ്റി കാണാറില്ല. ഹൈദ്രാബാദിലെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പഠനങ്ങൾ കയർ മേഖലയുമായി യാതൊരു താൽപ്പര്യവുമില്ലാത്ത ആളുകൾ നടത്തുന്ന പഠനങ്ങളാണ്. ഇതിന് പരിഹാരമുണ്ടാകണം. ഈ രൂക്ഷമായ പ്രശ്നം കയർ മേഖലയിലും തീരപ്രദേശത്ത് മൽസ്യത്തൊഴിലാളി മേഖലയിലും പരമ്പരാഗത വ്യവസായ രംഗത്തും കൈത്തറി കശുവണ്ടി തുടങ്ങിയ മേഖലകളിലൊക്കെ കാണാം. ഐ.ടി. യൊക്കെ നമുക്ക് വേണം. പുതിയ ശാസ്ത്ര സാങ്കേതിക യുഗത്തിലേയ്ക്ക് നമ്മൾ പോകുമ്പോൾ ഐ.ടി. നമുക്ക് ആവശ്യമാണ്. പക്ഷെ, ശാസ്ത്ര സാങ്കേതികത്തിലേയ്ക്ക് നമ്മൾ പോകുമ്പോൾ അടിസ്ഥാനപരമായ, താഴെക്കിടയിൽ കിടക്കുന്ന വിഭാഗങ്ങളെ വിസ്മരിച്ചുകൊണ്ട് അവരെ പൂർണ്ണമായും തള്ളിക്കളഞ്ഞുകൊണ്ട് എത്ര ഉന്നതിയിലേയ്ക്ക് പോയാലും നമുക്ക് രക്ഷയുണ്ടാവുകയില്ല. ആ ചരിത്രസത്യം നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ഈ ചർച്ചയുടെ ഒടുവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടാകുമെന്ന വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ഈ മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ട്. നമ്മുടെ ഗവണ്മെന്റ് ഗ്രാമീണ മേഖലയിലെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി ധാരാളം പരിപാടികളിട്ടിട്ടുണ്ട്. പക്ഷെ, അതൊന്നും ലക്ഷ്യത്തിലാകുന്നില്ല. കേന്ദ്ര ഗവണ്മെന്റ് ഇ.എ.എസ്. പദ്ധതി പ്രകാരം 2000-2001-ൽ 260 കോടി തൊഴിൽ ദിനങ്ങളാണ് ഉദ്ദേശിച്ചത്. നേടിയത് 218. 2001-2002-ൽ വിഭാവനം ചെയ്തത് 339 കോടി തൊഴിൽ ദിനങ്ങൾ. നേടിയത് 93 കോടി. പി.എം.ആർ.വൈ.യിലും ജെ.ആർ.വൈ.യിലും 2001-ൽ വിഭാവനം ചെയ്തത് 268 കോടി തൊഴിൽ ദിനങ്ങൾ. നേടാൻ കഴിഞ്ഞത് 98 കോടി മാത്രം. ഈ സാഹചര്യത്തിൽ നമ്മുടെ കേന്ദ്ര പദ്ധതികളൊക്കെ ഭാരതത്തിലെ പാവപ്പെട്ട ഗ്രാമീണ ജനങ്ങൾക്ക് തൊഴിൽ നൽകാൻ സംസ്ഥാനത്തിലെ ജനങ്ങൾക്ക് തൊഴിൽ നൽകാനുള്ള ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ടാർജെറ്റ് അച്ചീവ് ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനം നമ്മുടെ ഗ്രാമീണ മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ സംസ്ഥാനത്തിന്റേതായ തൊഴിൽ പദ്ധതി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പരമ്പരാഗത മേഖലയിലുണ്ടായ തകർച്ച, പ്രത്യേകിച്ച് അതിന്റെ ഉൽപ്പന്നങ്ങൾ വാങ്ങാനുണ്ടായ ആളുകളുടെ വിമുഖതയാണ് ഇതിന് പ്രധാനമായും കാരണമായിട്ടുള്ളത്. അതിന് ഐ.ടി.യേയും ബി.ടി.യേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഐ.ടി.യും ബി.ടി.യും അതിന്റെ മാർഗ്ഗത്തിൽ വേണം. അതിന് ബന്ധപ്പെട്ട മന്ത്രി ആ രംഗത്ത് ശക്തമായി പ്രവർത്തിക്കുക തന്നെ വേണം. സത്യത്തിൽ പരമ്പരാഗത മേഖലയിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾ ധാരാളമുണ്ട്. ബീഡി തൊഴിലാളികൾ ഉണ്ട്, ഖാദി തൊഴിലാളികൾ ഉണ്ട്. നമ്മുടെ രാജ്യത്ത് എല്ലാപേരും ഖാദി ധരിക്കുന്നു. ഖാദി തൊഴിലാളികളുടെ കൂലിയെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. 2001-ൽ ഞാൻ അവരുടെ ഒരു കേന്ദ്രത്തിൽ പോയപ്പോൾ 15 രൂപയാണ് അവരുടെ ഒരു ദിവസത്തെ കൂലി. 15 രൂപ ദിവസകൂലിയുള്ള, കേരളത്തിലെ ഏറ്റവും നാമമാത്ര കൂലിയുള്ള തൊഴിലാളിയാണ് ഖാദി തൊഴിലാളികൾ. അവരുടെ കൂലി പിന്നീട് വർദ്ധിപ്പിച്ചിട്ടില്ല. അവരുടെ കൂലി വർദ്ധിപ്പിക്കാനുള്ള നടപടി എവിടെയെത്തിയെന്ന് വ്യക്തമാക്കിയാൽ കൊള്ളാം. പിന്നീട് നമ്മുടെയൊക്കെ സാമൂഹ്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് നിർണ്ണായകമായ പ്രാധാന്യം കൊടുത്ത് നമ്മുടെ പൊതു പ്രവർത്തനത്തിനും കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സഹായകമാവുകയും ചെയ്ത തൊഴിലാളികളാണ് ബീഡി തൊഴിലാളികൾ. ബീഡിവലിയുടെ കമ്മി തൊഴിൽ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 50 രൂപയാണ് ഈ മേഖലയിൽ കൂലിയുള്ളത്. സംഘടിത മേഖലയായ ദിനേശ് പോലെയുള്ളവരുടെ വിതരണത്തിന്റേയും വിൽപ്പനയുടേയും കാര്യം കമ്മിയായിരുന്നപ്പോൾ അവർ വൈവിധ്യവൽക്കരണത്തിലേയ്ക്ക് വന്നു. അസംഘടിത മേഖലയിലെ ബീഡി തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് പ്രശ്നങ്ങളുണ്ട്. ഈറ്റതൊഴിലാളികളെ സംബന്ധിച്ച് അവരുടെ പണമ്പ് കേവലം ബാംബൂ കോർപ്പറേഷനെടുക്കുന്നത് 35 രൂപയ്ക്കാണ്. പുറം മാർക്കറ്റിൽ 100 രൂപ കിട്ടും. രാജാക്കന്മാരുടെ പിൻതലമുറക്കാരാണ് എന്റെ നാട്ടിൽ വന്ന മൺപാത്രത്തൊഴിലാളികൾ. അവരെ സംബന്ധിച്ചിടത്തോളം മൺപാത്രത്തിനും മാർക്കറ്റില്ല. കഴിഞ്ഞ യു. പി. എ. ഗവണ്മെന്റ് പ്രഖ്യാപിച്ച ബഡ്ജറ്റിൽ, ശ്രീ. ലാലു പ്രസാദ് യാദവിന്റെ റയിൽവേ ബഡ്ജറ്റിൽ റയിൽവേയിലൊക്കെ മൺപാത്ര ചട്ടിയും, ഗ്ലാസ്സും ഉപയോഗിക്കണമെന്ന് തീരുമാനിച്ച കാര്യം ആ മേഖലയിൽ പ്രതീക്ഷയ്ക്ക് വക നൽകുന്നു. ഏതായാലും പനമ്പ് തൊഴിലാളികൾക്ക് മുളയും മൺപാത്ര തൊഴിലാളികൾക്ക് മണ്ണും ലാഭമായി കൊടുക്കുകയും .....

<u>ശ്രീ. എം. വി. ജയരാജൻ</u> : ബീഡി തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന ഒരു നിർദ്ദേശം കഴിഞ്ഞ ഫിനാൻസ് ബില്ലിലുണ്ട്. ബീഡി തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയുന്ന നിർദ്ദേശമെന്ന നിലയ്ക്ക് പുകയിലയ്ക്കും ബീഡി ഇലയ്ക്കും എൻട്രി ടാക്സ് ഏർപ്പെടുത്തിയത് പിൻവലിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : തീർച്ചയായും. ശ്രീ. ജയരാജന്റെ നല്ല നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. എനിക്ക് ഒരു കാര്യം പറയാനുള്ളത് സ്കൂളുകളൊക്കെ തുറന്നു. ബീഡി തൊഴിലാളി മേഖലയിലെ കുട്ടികളെ സംബന്ധിച്ച് ദാരിദ്ര്യമാണ്. അസംഘടിത മേഖലയിലെ ഇഷ്ടിക, ബീഡി, മൺപാത്രം, ഖാദി തുടങ്ങിയ മേഖലകളിലെ കുട്ടികൾക്ക് ഗവണ്മെന്റ് അടിയന്തിരമായി വിദ്യാഭ്യാസ ആനുകൂല്യം ഏത് വകുപ്പിൽ നിന്നെടുത്തെങ്കിലും കൊടുക്കുകയും അതോടൊപ്പം ഖാദി മേഖലയിലെ തൊഴിലാളികളുടെ കൂലി കൂട്ടുകയും ചെയ്യണം. ഇത് രാഷ്ട്രീയ വിവാദത്തിന്റെ പ്രശ്നമല്ല. നിയമസഭ ഒരു ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗത്ത് ശക്തി ഉപയോഗിച്ചുള്ള് പരിവർത്തനത്തിന്റെ ആയുധമാകണം. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളുമൊക്കെ ആ നിലയക്ക് പോകണമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽകൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എൻ. രാജൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലകളിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് കയർ, കൈത്തറി, കശുവണ്ടി എന്നീ മേഖല കളിലാണ്. കയർ രംഗത്തെക്കുറിച്ച് ശ്രീ. ടി.കെ. ദേവകുമാർ ഇവിടെ സൂചിപ്പിക്കുക യുണ്ടായി.

'കയറുപിരിക്കും കളങ്ങളിൽ
കൈകുഴഞ്ഞു വീഴുന്നോരേ'

എന്നുപാടി. കശുവണ്ടിമേഖലയിൽ 98 ശതമാനവും സ്ത്രീതൊഴിലാളികളാണ് പണിയെടുക്കുന്നത്. നേരത്തെ പാടിയതുപോലെ

'കശുവണ്ടിക്കറയാലെ കൈകളിൽ
കരുംതിരി കത്തിക്കുന്നവരെ'

എന്നാണ്. ഏതാണ്ട് രണ്ടരലക്ഷം കശുവണ്ടിത്തൊഴിലാളികൾ കൊല്ലംജില്ലയിലും തിരുവനന്തപുരം ജില്ലയുടെ ചിറയിൻകീഴ് താലൂക്കിലും ആലപ്പുഴ ജില്ലയിലെ കുറച്ചുഭാഗങ്ങളിലുമായിട്ട് പണിയെടുക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ഭരിച്ച സമയത്ത് ഈ കശുവണ്ടി ഫാക്ടറികളിൽ ഏതാണ്ട് 200 മുതൽ 220 ദിവസംവരെ പണി നൽകിയിരുന്നു. കഴിഞ്ഞവർഷം ബഹുമാനപ്പെട്ട ലേബർ മന്ത്രിയും മുഖ്യമന്ത്രിയും യു.ഡി.എഫ്. കൺവീനറുമടക്കം തൊഴിലാളി യൂണിനുകളുമായി നടത്തിയ ചർച്ചയിൽ ചില സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. മൂന്നുവർഷത്തിനിടയിൽ 17 ദിവസമാണ് കശുവണ്ടിത്തൊഴിലാളികൾക്ക് പണി ലഭിച്ചിരുന്നത്. അവർക്ക് ഈ തൊഴിലല്ലാതെ മറ്റൊരു തൊഴിലും ചെയ്യാൻ കഴിയില്ല. അവരെ സഹായിക്കുന്ന പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് പല പ്രാവശ്യം സൂചിപ്പിച്ചിട്ടുണ്ട്. ഇതുവരെ ഒരുകാര്യവും നടന്നിട്ടില്ല. അവരെ സംരക്ഷിച്ചേ മതിയാകൂ. പ്രത്യേകിച്ച് കൊല്ലം ജില്ല. കൊല്ലം ജില്ലയെക്കുറിച്ച് പറയുന്നത് അങ്ങയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

"കൊല്ലംകണ്ടവനില്ലംവേണ്ടാ" യെന്നാണ്.

കൊല്ലം ഇന്ന് നിശ്ചലമാണ്. കൊല്ലത്തെ രണ്ട് മന്ത്രിമാർ ഇവിടെയുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും 100-ഉം 120-ഉം കശുവണ്ടി ഫാക്ടറികളുണ്ട്. അതിൽ 98 ശതമാനവും സ്ത്രീത്തൊഴിലാളികളാണ് പണിയെടുക്കുന്നത്. കേരളത്തിന് ഏറ്റവും കൂടുതൽ നാണ്യശേഖരം ഉണ്ടാക്കിത്തരുന്ന ഒരു വ്യവസായം തകർച്ചയിലേയ്ക്കു പോവുകയാണ്. സ്വകാര്യമേഖലയിൽ എല്ലാ സഹായവും ചെയ്തുകൊണ്ട് കശുവണ്ടി മുതലാളിമാരെ സംരക്ഷിക്കുകയാണ് ഈ ഗവൺമെന്റിന്റെ നയം. അവിടത്തെ തൊഴിലാളികളെ ഞാൻ നേരിട്ട് കണ്ടതാണ്. 15 വയസ് മുതൽ 70 വയസുവരെ പ്രായമുള്ള സ്ത്രീകൾ അവിടെ പണിയെടുക്കുന്നു. അവർക്ക് തൊഴിൽ സുരക്ഷിതത്വമില്ല. ഡി.എ. ഇല്ല. പി.എഫ്. ഇല്ല. ഇ.എസ്.ഐ. ഇല്ല. ഒരു ആനുകൂല്യവുമില്ല. മാനേജുമെന്റുകൾ അവരെ സഹായിക്കുന്നതിന് തയ്യാറാകുന്നില്ല. ദിവസവും ഓരോ പഞ്ചായത്തുകളിലും ആവറേജ് മൂന്നും നാലും അഞ്ചും കശുവണ്ടി ഫാക്ടറികൾ തുടങ്ങാൻ ലൈസൻസും മറ്റുള്ള സഹായവും വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ചെയ്തുകൊടുക്കുന്നുണ്ട്. മറ്റ് അനുബന്ധ തൊഴിലാളികളെ സംരക്ഷിക്കുന്നതുപോലെ കയർ, കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ച 500 കോടിരൂപയുടെ പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി ഏറ്റവും ഗുരുതരമായ പ്രതിസന്ധി നേരിടുന്ന മേഖലയിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശബ്ദമാണ് ഈ പ്രമേയവുമായി ബന്ധപ്പെട്ട് ഇവിടെ മുഴങ്ങി കേൾക്കുന്നത്. സ്വാഭാവികമായി കഴിഞ്ഞ നിരവധി വർഷങ്ങളായി കശുവണ്ടി, കൈത്തറി അടക്കമുള്ള ഈ മേഖലകളിൽ ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. അതിന് പരിഹാര ആവശ്യങ്ങൾ നിരന്തരമായി ഉന്നയിക്കപ്പെടുകയാണ്. ഗവൺമെന്റ് ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാനുള്ള ആർജ്ജവം പ്രകടിപ്പിച്ചിട്ടുണ്ട് എന്നത് സന്തോഷകരമായ കാര്യമാണ്. ഹൈടെക് രീതിയിലേയ്ക്ക് മാറിയ ഒരു പശ്ചാത്തലത്തിലാണ് ഈ പരമ്പരാഗത വ്യവസായ മേഖലയിൽ തകർച്ചയുണ്ടായത്. അതിന് പരിഹാരം കണ്ടുകൊണ്ട് മുന്നോട്ടുപോകുവാൻ കഴിയണം. നൂതനമായ ഒട്ടേറെ സങ്കേതങ്ങൾ ഇന്ന് ഈ മേഖലയിൽ നിലനിർത്താൻ കഴിയുന്നവിധത്തിൽ മറ്റ് രംഗങ്ങളിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾക്കൊപ്പം പിടിച്ചുനിൽക്കാൻ കഴിയണം. നൂതനമായ നിരവധി മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഈ മേഖലയെ ശാക്തീകരിക്കുവാൻ കഴിയും. അതിനുള്ള നൂതന മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടുപോവുക എന്നതാണ് പ്രധാനം. ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കാലികമായി ചെയ്യാൻ കഴിയുന്ന കാര്യം അതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനംവന്നു. ഗവൺമെന്റ് മുൻഗണനയിൽതന്നെ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യംനൽകി അത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അത് സംബന്ധിച്ചുള്ള നടപടി സത്വരമായി ഉണ്ടാകണമെന്നതാണ് ഈ പ്രമേയം കൊണ്ട് ആവശ്യപ്പെട്ടിരിക്കുന്നത്. ആ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് സത്വരമായി ഈ കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ പ്രത്യേകിച്ച് കയർ, കൈത്തറി, കശുവണ്ടി, മൽസ്യബന്ധനം തുടങ്ങിയ മേഖലകളിൽ അതീവ ഗുരുതരമായ പ്രതിസന്ധി നിലനിൽക്കുകയാണ്. കയർ വ്യവസായത്തെ സംബന്ധിച്ചുപറഞ്ഞു. ആ മേഖലയിലൊക്കെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്നതു സംബന്ധിച്ച അഭിപ്രായങ്ങൾ പറഞ്ഞു കഴിഞ്ഞു. പരമ്പരാഗത വ്യവസായ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കയറും കശുവണ്ടിയും. ഇവ രണ്ടും സഹകരണ മേഖലയിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. എന്റെ നിയോജക മണ്ഡലത്തിൽ പത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നു. കോർപ്പറേഷന്റെ രണ്ടെണ്ണം അടഞ്ഞുകിടക്കുകയാണ്. ഇതുതന്നെയാണ് കയർ മേഖലയിലും. ആലപ്പുഴയിൽനിന്നും ചേർത്തലയിലേയ്ക്ക് സഞ്ചരിക്കുമ്പോൾ റോഡിന്റെ ഇരുസൈഡുകളിലുമായി ആധുനിക വ്യവസായ ശാലകൾ തലയുയർത്തി നിൽക്കുന്നത് കാണാം. പക്ഷേ കയർ സംഘങ്ങൾ ഓരോന്നും പൂറകോട്ടുപോവുകയാണ്. ഇത് എന്തുകൊണ്ടാണെന്ന് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും കണ്ടില്ലെന്ന് നടിക്കരുത്. ഇതിന്റെ ഫലമായിട്ടാണ് ഇതൊക്കെ തകർന്നത്. സഹകരണ സംഘങ്ങൾ പ്രവർത്തിക്കുമ്പോൾ അതിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഈ സംഘങ്ങൾ എന്തെങ്കിലും പാകപ്പിഴ കാട്ടുന്നുണ്ടോയെന്ന് പരിശോധിക്കണം. അധികാരത്തിൽനിന്നും പുറത്തുപോകുമ്പോൾമാത്രം ഇത് സംബന്ധിച്ച് ഗൗരവതരമായിട്ട് ചർച്ച ചെയ്യുകയും പ്രസംഗിക്കുകയും ചെയ്തിട്ട് കാര്യമില്ല. എം.ഇ.പി. യെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കയർബോർഡിൽ ശ്രീ. ദേവകുമാറിന്റെ നേതാവായിട്ടുള്ള ശ്രീ. ആനത്തലവട്ടം ആനന്ദൻ അംഗമായിരിക്കുമ്പോഴാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എം.ഇ.പി., പിൻവലിച്ചത്. ഒന്നും ചെയ്തില്ല. ഒരു നിലപാടും സ്വീകരിച്ചില്ല. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നതു കൊണ്ട് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ട് കാര്യമില്ല. കയർഫെഡിനെ സംബന്ധിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. കയർഫെഡ് വാങ്ങിക്കൂട്ടിയ കയർ ഉൽപ്പന്നങ്ങൾ എടുക്കുവാൻ ചെല്ലുമ്പോൾ കത്താതെതന്നെ ചാരമായി കിടക്കുന്ന അവസ്ഥയായിരുന്നു. കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും കൊണ്ട് ഈ സ്ഥാപനങ്ങൾ ആകെ തകർത്തിട്ട് അവസാനം വലിയൊരു പ്രതിസന്ധി നിലനിൽക്കുമ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റിനുമേൽ കുതിരകയറുന്നമാർഗ്ഗം ഉപയോഗിക്കാതെ അത് സംബന്ധിച്ച് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഓണം വരുകയാണ്. റിബേറ്റ് കൊടുത്തുകൊണ്ട്, മറ്റ് സഹായങ്ങൾ നൽകിക്കൊണ്ട് കൈത്തറി, കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കുവാൻ ഗവൺമെന്റ് പ്രതിബദ്ധതയോടെയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : റിബേറ്റ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നേരത്തെയുള്ള നയം മാറ്റി. കേന്ദ്ര ഗവൺമെന്റ് പത്ത് ശതമാനം അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റുകൂടി ബാക്കി അനുവദിച്ചാൽ 20 ശതമാനമാക്കി കൊടുക്കാവുന്നതേയുള്ളൂ. ആ അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. കെ. കെ. ഷാജു : ആ അഭിപ്രായം എനിക്കുണ്ട്. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുവേണ്ടി കഴിഞ്ഞ ഓണക്കാലത്ത് ഗവൺമെന്റ് തീരുമാനം എടുത്തു. അതിന്റെ ബാധ്യത സ്വയം ഏറ്റെടുത്ത് ഫലപ്രദമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞില്ല. പതിനേഴ് ദിവസമെന്ന് ശ്രീ. ടി.കെ. ദേവകുമാർ പറഞ്ഞത് വളരെ കറക്ടാണ്. അത് തുറന്ന് പ്രവർത്തിപ്പിക്കുവാൻവേണ്ടി അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുകയാണ്.

ശ്രീ. ടി.വി. ചന്ദ്രമോഹൻ : സർ, പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് നിരവധി ബഹുമാനപ്പെട്ട മെമ്പർമാർ പലതവണ പ്രമേയങ്ങളും കാളിംഗ് അറ്റൻഷനുമൊക്കെ അവതരിപ്പിച്ചിട്ടുള്ളതാണ്. ഇവിടെ പ്രസംഗിച്ച പല നേതാക്കന്മാരും മെമ്പർമാരും പ്രമേയം അവതരിപ്പിച്ച ശ്രീ. മുരളിപോലും സംസ്ഥാന തലത്തിലുള്ള ഒരു സമീപനത്തെക്കുറിച്ച് ഇവിടെ പറഞ്ഞില്ല. കാരണം എല്ലാപേരും അവരവരുടെ നിയോജകമണ്ഡലങ്ങളെ കേന്ദ്രീകരിച്ചാണ് പല പ്രശ്നങ്ങളും ഇവിടെ അവതരിപ്പിച്ചത്. കശുവണ്ടി, കൈത്തറി, കയർ തുടങ്ങിയ മേഖലകളിലെന്നപോലെ പല ജില്ലകളിലും 95 ശതമാനം സ്ത്രീകൾ തൊഴിലെടുക്കുന്ന ഒട്ടനവധി പരമ്പരാഗത വ്യവസായങ്ങളുണ്ട്. ഉദാഹരണം തൃശ്ശൂർ ജില്ലയിൽ ടെക്സ്റ്റൈൽ മേഖലയുണ്ട്. ശ്രീ. കെ.പി. രാജേന്ദ്രനും ഞാനുമുൾപ്പെടെയുള്ള നിരവധി പ്രവർത്തകർ ബന്ധപ്പെടുന്ന മേഖലയാണ്. ആയിരക്കണക്കിന് തൊഴിലാളികൾ ജോലിചെയ്യുന്ന മേഖലയാണ്. ആ സ്ഥലങ്ങളിലെ ഓരോ സ്ഥാപനവും സഹകരണമാകട്ടെ സർക്കാർ മേഖലയിലുള്ളതാകട്ടെ ഓരോ ദിവസവും അത് പൂട്ടിക്കൊണ്ടുവരുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഞങ്ങൾ പലതവണ ആവശ്യപ്പെട്ട ഒരുകാര്യം, വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളുടെ തലവന്മാരും മന്ത്രിമാരും അടങ്ങുന്ന യോഗം മുഖ്യമന്ത്രി വിളിച്ചുകൂട്ടണമെന്നാണ്. നിരവധി തവണ ഞങ്ങൾ ആവശ്യപ്പെട്ടതാണ്. ആ യോഗം വിളിച്ചുകൂട്ടുന്നതിന് മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

സർ, പല സഹകരണമേഖലകളിലെ കമ്പനികളിലും മാനേജ്മെന്റ് ആവശ്യപ്പെടുന്നത് അവരുടെ ദിവസക്കൂലി പകുതിയായി കുറച്ചാൽ ജോലി ആരംഭിക്കാമെന്നാണ്. ട്രേഡ് യൂണിയൻ മേഖലയിലുള്ള ഒരാൾക്കും അത് ഒരിക്കലും അനുവദിച്ചുകൊടുക്കാൻ സാധ്യമല്ല. മറ്റുള്ള സ്ഥലങ്ങളിലൊക്കെ വി.ആർ.എസ്. വാങ്ങിപ്പോകാൻ തൊഴിലാളികൾ തയ്യാറാണ്. സാമൂഹ്യമായ പല ഉത്തരവാദിത്വങ്ങളും ഉള്ളതുകൊണ്ടാണ്. പക്ഷേ അതു കൊടുക്കാൻപോലും ഗവൺമെന്റിന് ഇപ്പോൾ സാധിക്കുന്നില്ല. അതുകൊണ്ട് ഈ പാക്കേജിന്റെ പരമാവധി സാമ്പത്തികമായ സൗകര്യം, തൊഴിലാളി നേതാക്കന്മാരുമായും ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്തശേഷം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന അഭ്യർത്ഥനയുണ്ട്.

താമരാക്ഷൻ കമ്മിഷൻ, പൊതുമേഖലയിലുള്ള സ്ഥാപനങ്ങൾ പൂർണ്ണമായി അടയ്ക്കുന്നതിനു മുമ്പ് അതിനെക്കുറിച്ച് ചർച്ച ചെയ്ത് പല സ്ഥാപനങ്ങളും തുടങ്ങാൻ സാധിക്കുമോ എന്നുള്ള കാര്യം നോക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതു പരിശോധിക്കണമെന്നുള്ള അഭ്യർത്ഥനയുണ്ട്. അതുപോലെ തൃശൂർ ജില്ലയിലെ ഓടുവ്യവസായമേഖലയിൽ വ്യത്യസ്തമായൊരു സമീപനം എടുക്കാത്തതു കൊണ്ട്, പാരമ്പര്യ മേഖല വിട്ട് ആധുനികവൽക്കരണം നടപ്പിലാക്കാത്തതു കൊണ്ട് ഓടു മേഖല പൂർണ്ണമായി തകർന്നു. എത്രയോ ആളുകൾക്ക് ജോലിയില്ല. ഇതിൽ പല മെമ്പർമാരും വിട്ടുപോയ ഒരു കാര്യമുണ്ട്. എല്ലാ ജില്ലയേയും ബാധിക്കുന്ന ഒരു പ്രശ്നമാണ്; ഖാദി മേഖല. ഇപ്പോൾ ദേശീയ ഗവൺമെന്റ് മാറി. ദേശീയ ഗവൺമെന്റിന്റെ മാറ്റത്തിനനുസരിച്ച് ഖാദി മേഖലയ്ക്ക് ആനുകൂല്യമുണ്ടാകുമെന്ന് നമ്മൾ പ്രതീക്ഷിക്കുകയാണ്. കാരണം, റെയിൽവേയിൽപ്പോലും ഖാദി ഉപയോഗിക്കാമെന്നു മന്ത്രി പറഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ ഡിവിഡന്റ് കിട്ടുന്നതോടൊപ്പം തന്നെ സംസ്ഥാന ഗവൺമെന്റിന്റെ ഡിവിഡന്റും കിട്ടണം. ഖാദി ബോർഡ് ഇതുവരെ പുനഃസംഘടിപ്പിച്ചിട്ടില്ല, അതിന് ഡയറക്ടർ ബോർഡില്ല. ഖാദി തൊഴിലാളി ക്ഷേമനിധി രൂപീകരിക്കാൻ ഒരു ബുദ്ധിമുട്ടുമില്ലാത്തതാണ്. ഒരു നയാപൈസപോലും ചെലവില്ലാത്തതാണ്. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ ഒരു മെമ്പറെ മാത്രം വച്ചിരിക്കുകയാണ്. എന്താണ് അതിലുള്ള ബുദ്ധിമുട്ട്? എന്റെ നിയോജകമണ്ഡലത്തിലുള്ള വൈരക്കൽ പോളിഷിംഗ് വ്യവസായം പലർക്കും അജ്ഞാതമാണ്. വ്യവസായവകുപ്പു മന്ത്രിക്കുപോലും അവിടെ വരുന്നതുവരെ ഇതെന്തു വ്യവസായമാണെന്നുള്ളത് അജ്ഞാതമായിരുന്നു. 15,000 തൊഴിലാളികൾക്ക് ഒരു വിദ്യാഭ്യാസ യോഗ്യതയുമില്ലാതെ ജോലി കൊടുക്കാവുന്ന ഒരു മേഖലയാണ് വൈരക്കൽ പോളിഷിംഗ്. അതിന് വേറൊന്നും ആവശ്യമില്ല. വൈരക്കൽ അസംസ്കൃത വസ്തു ഈ ആവശ്യത്തിനുവേണ്ടി, ജോലി ചെയ്യാൻ വേണ്ടി കൊടുക്കുക മാത്രമേ വേണ്ടതുള്ളൂ. വലിയ തടസ്സമൊന്നുമില്ലാതെ ആയിരക്കണക്കിനാളുകൾക്ക് ജോലി കിട്ടും. പതിനായിരക്കണക്കിനാളുകൾ ജോലി ചെയ്തിരുന്ന ആ മേഖലയിൽ ഇപ്പോൾ ചുരുക്കം ആളുകൾ മാത്രമായി മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം ബുദ്ധിമുട്ടില്ലാത്ത മേഖലകളിൽ ജോലിക്ക് ആവശ്യമായ തൊഴിലാളികളെ കിട്ടാനുള്ള മേഖലയിൽ സാമ്പത്തികമായ പ്രയാസങ്ങൾ ഇല്ലാത്ത് മേഖലയിൽ, ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് എന്തുകൊണ്ടാണ് മുൻകൈ എടുക്കാത്തത്? എല്ലാ സ്ഥലത്തും തൊഴിലാളികൾ കുഴപ്പമുണ്ടാക്കുകയാണ് എന്നുള്ള പൊതുധാരണയിൽ മന്ത്രിമാരും പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും ഒരു ധാരണയിൽ പോയാൽ എങ്ങനെയാണ് ഈ സംസ്ഥാനം മുന്നോട്ടു പോകുക? എത്ര പണം നമുക്ക് ചെലവഴിക്കാൻ സാധിക്കും. അതുകൊണ്ട് ഈ പാക്കേജിൽ, ഉപയോഗപ്പെടുത്തുന്നതിനു മുമ്പു തന്നെ ഓരോ മേഖലയിലുമുള്ള പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതു നടപ്പിലാക്കാൻ പോസിറ്റീവായ അപ്രോച്ചോടുകൂടിയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. പോസിറ്റീവായ അപ്രോച്ചുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. എല്ലാ രംഗത്തും തൊഴിലാളികൾ കുഴപ്പമാണ്. അതുകൊണ്ട് കാര്യങ്ങൾ നടക്കുകയില്ല എന്നുള്ള സമീപനത്തിന് വ്യത്യസ്തമായി പോസിറ്റീവായ ഉദ്ദേശ്യത്തോടുകൂടിയുള്ള ഉദ്യോഗസ്ഥന്മാരെ ഈ കാര്യത്തിൽ നിയമിച്ച് മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയ അഭിപ്രായവ്യത്യാസം ഒരു മെമ്പർക്കുപോലും ഉണ്ടാകേണ്ട കാര്യമില്ല. അതുകൊണ്ട് ഈ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതിനു മുമ്പ് പറയുകയാണ്. പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച് നമ്മൾ നിയമസഭയിലും പുറത്തും വളരെ ശക്തമായ നിലയിൽ കക്ഷി പരിഗണനകൾക്ക് അതീതമായിട്ട് ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. നാലര ലക്ഷത്തോളം വരുന്നവരാണ് കയർ തൊഴിലാളികൾ. മൂന്നു ലക്ഷത്തോളം വരുന്നവരാണ് കശുവണ്ടി തൊഴിലാളികൾ. ഒന്നര ലക്ഷത്തോളം കൈത്തറി തൊഴിലാളികളുണ്ട്. മൂന്നു ലക്ഷം വരുന്നവരാണ് ഖാദി തൊഴിലാളികൾ. മൂന്നു ലക്ഷത്തോളം ഫിഷറീസ് മേഖലയിലെ തൊഴിലാളികളും വരും. എല്ലാം കൂടി 15 ലക്ഷത്തോളം തൊഴിലാളികൾ പരമ്പരാഗത വ്യവസായ മേഖലകളിൽ ഉണ്ട്. കൂടാതെ ഓട്, ബീഡി, കളളുചെത്ത് എന്നീ മേഖലയെല്ലാം കൂടി ചേർന്നാൽ 20 ലക്ഷത്തിൽ കൂടുതൽ വരും. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി നമ്മൾ പ്രഖ്യാപിച്ചിട്ടുള്ളത് ഏതാണ്ട് 500 കോടി രൂപയുടെ ഒരു പാക്കേജാണ്. അതു വളരെ അപര്യാപ്തമാണ്. പ്രഖ്യാപനങ്ങൾ കേട്ട് പ്രതീക്ഷിച്ചിരിക്കുന്നു എന്നുളളതല്ലാതെ പ്രഖ്യാപനങ്ങൾ കൊണ്ട് ഒരു ഗുണവുമില്ലാത്ത വിധത്തിൽ സ്ഥിതിഗതികൾ മാറുന്നു. അതുകൊണ്ട് പ്രായോഗികമായിട്ട് ഈ ജനവിഭാഗങ്ങൾക്ക് ഉപകാരപ്രദമാകത്തക്ക തരത്തിൽ വിശദമായ ചർച്ച ഈ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ട്രേഡ് യൂണിയൻ സംഘടനകളുടേയും സഹകരണത്തോടെ ഓരോ പ്രദേശത്തും, ഖാദി-കൈത്തറി എന്നു പറയുമ്പോൾ വടക്കൻ മേഖലയിൽ വച്ച് ഒരു കോൺഫറൻസും കയർ തുടങ്ങിയവയ്ക്ക് ആലപ്പുഴ പോലുളള സ്ഥലങ്ങളിൽ വച്ച് ഒരു കോൺഫറൻസും കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് കൊല്ലത്തു വച്ചു ഒരു കോൺഫറൻസും നടത്തണം. ഇതുപോലെ വിവിധ പ്രദേശങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് സീരിയസ്സായി ഈ കാര്യങ്ങൾ നമ്മൾ കൈകാര്യം ചെയ്യുന്നു എന്നുളള നിലയിൽ മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും പങ്കെടുത്തുകൊണ്ട് സീരിയസ്സായിട്ടുളള ചർച്ച നടത്തിക്കൊണ്ട് ആവശ്യമായിട്ടുളള അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പിരപ്പൻകോട് മുരളി അവതരിപ്പിച്ച പ്രമേയം, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പരിപാടികൾ നടപ്പിലാക്കുന്നതിനെക്കുറിച്ചാണ്. ഇത് സംബന്ധിച്ച് അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നുമുള്ള മെമ്പർമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കും. ഞാൻ ഈ പ്രമേയത്തിന് മറുപടി പറഞ്ഞശേഷം ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതാണ്. സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി, ഖാദി, ഗ്രാമവ്യവസായം എന്നീ പരമ്പരാഗത വ്യവസായങ്ങൾ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനോപാധിയാണ്. ഈ വ്യവസായ മേഖലയുടെ പുനരുദ്ധാരണം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ശക്തിപ്പെടുത്തലിന് അനിവാര്യമാണ് എന്നു ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുകയുണ്ടായി. നിഷേധിക്കാനാകാത്ത ഈ യാഥാർത്ഥ്യം

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്തുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം മുൻഗണനാ ഇനമായി യു.ഡി.എഫ്. സർക്കാരും അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി 500 കോടി രൂപയുടെ പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കുമെന്ന് ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. എം.ജി.പി.-യുടെ പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട 200 കോടി രൂപയിൽ നിന്ന് 50 കോടി രൂപ നിധിയിലേയ്ക്കുള്ള ആദ്യവർഷ വിഹിതമായി നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് 2003 മാർച്ച് മാസം 30-ാം തീയതി സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും അതിനുവേണ്ടി ഒരു സബ് ഹെഡ് തുറക്കുകയുമുണ്ടായി. അന്നേ ദിവസം തന്നെ ധനകാര്യവകുപ്പിന്റെ ഉത്തരവുപ്രകാരം റീ-അപ്രോപ്രിയേഷൻ പ്രകാരം, 50 കോടി രൂപ എം.ജി.പി.-യിൽ നിന്ന് വക മാറ്റി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള ചട്ടങ്ങൾക്ക് രൂപം കൊടുക്കുന്നതിനായി എം.ജി.പി. സെക്രട്ടറി ചെയർമാനും കയർ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി, കരകൗശല വികസന കോർപ്പറേഷൻ എം.ഡി, ഹാൻഡ്ലൂം ടെക്സ്റ്റയിൽസ് ഡയറക്ടർ എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഫണ്ടിന്റെ വിനിയോഗവും പ്രവർത്തനവും നിരീക്ഷിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കൺവീനറായിട്ടുള്ള ഉപസമിതിയിൽ കൃഷിയും കയറും വകുപ്പുമന്ത്രി, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി, ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി എന്നിവർ അംഗങ്ങളാണ്. ചട്ടങ്ങൾക്ക് അന്തിമ രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പരമ്പരാഗത വ്യവസായ സഹായനിധി പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ പുനർജ്ജീവനത്തിനുള്ള പ്രവർത്തനങ്ങൾ സത്വരമായി നടപ്പിലാക്കുന്നതാണ്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനനുസരിച്ച് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന കാര്യത്തിലും ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധചെലുത്തുന്നതാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗൗരവമായി ഗവൺമെന്റ് അംഗീകരിക്കുയാണ്.

ശ്രീ. ടി.കെ. ദേവകുമാർ: സർ, ഞാൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം, സുപ്രീംകോടതിയുടെ വിധി നിലനിൽക്കുന്നതുകൊണ്ട് നമ്മുടെ പരമ്പരാഗതവ്യവസായങ്ങളും ക്ഷേമനിധികളും അപകടകരമായി നിൽക്കുകയാണ്. സുപ്രീംകോടതി വിധിയെ മറച്ചുപിടിച്ചുകൊണ്ടാണ് കയർമേഖലയിൽ ഏക്സ്പോർട്ടേഴ്സ് വിധി വാങ്ങിച്ചിരിക്കുന്നത്. ആ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണം. കഴിഞ്ഞ സമ്മേളനത്തിൽ ഉറപ്പു തന്നതായിരുന്നു. അതു ശ്രദ്ധിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് വളരെ സീരിയസ്സായി എടുത്തിട്ടുണ്ട്. ഒരു ബില്ലും നമ്മൾ തയ്യാറാക്കിയിട്ടുണ്ട്. നേരത്തേ ഫിഷറീസ് മേഖലയിലും സെസ്സ് സംബന്ധിച്ച് കോടതിയിൽ പോയി അവർ വിധി വാങ്ങിച്ചിരുന്നു. വിധി വാങ്ങിച്ചപ്പോൾ തന്നെ അവരുമായി നമ്മൾ ധാരണയുണ്ടാക്കി, ആ സെസ്സ് കുടുതലാണെന്നു പറഞ്ഞ് അതു കുറയ്ക്കാനായി നമ്മൾ ഒരു അമെൻഡ്മെൻഡ് തന്നെ കൊണ്ടുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷമാണ് കോടതി വിധി വന്നത്. അതിനെ ഓവർ കം ചെയ്യുന്നതിനുവേണ്ടി എക്സ്പോർട്ടിൽ സെസ്സ് ഏർപ്പെടുത്തി. ഇതു തന്നെയാണ് ടെക്സ്റ്റൈൽ മേഖലയിലും ചെയ്തത്. കൈത്തറി ക്ഷേമനിധി ബില്ലിൽ ഈ വിധി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവർ പറഞ്ഞിരിക്കുന്നത് ന്യായമാണ്. അങ്ങേയ്ക്കും അതറിയാം. Nexus ഇല്ലായെന്നാണ്. എക്സ്പോർട്ടേഴ്സും തൊഴിലാളികളും തമ്മിൽ തൊഴിലാളി-തൊഴിലുടമാ ബന്ധം, ഡയറക്ടായിട്ട് nexus ഇല്ലെന്നു പറഞ്ഞാണ് അവർ quash ചെയ്തത്. പക്ഷേ അതിനെ ഓവർകം ചെയ്യാനുള്ള ഒരു ബിൽ നമ്മൾ തയ്യാറാക്കി. വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാനായി കാബിനറ്റിന്റെ അപ്രൂവൽ കിട്ടിക്കഴിഞ്ഞുള്ളതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ബഹുമാന്യനായ പിരപ്പൻകോട് മുരളി തുടങ്ങിവച്ച ചർച്ചയിൽ ഏറ്റവും ഒടുവിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവുകൂടി ഇടപെട്ടുകൊണ്ട് വളരെ ഗൗരവകരമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചു. മുൻകാലങ്ങളിലെ പ്രവർത്തനങ്ങളും കുറ്റങ്ങളും പോരായ്മകളും നേട്ടങ്ങളും കോട്ടങ്ങളും അധികം വിസ്തരിച്ചിട്ടു കാര്യമില്ല. ഏതായാലും കേരളത്തെ സംബന്ധിച്ചിടത്തോളം സാധാരണ ജനങ്ങളുടെ ജീവിതം പട്ടിണിയില്ലാതെ മുന്നോട്ടു പോകണമെങ്കിൽ, സാധാരണ ജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങളെങ്കിലും നിറവേറ്റാൻ കഴിയണമെങ്കിൽ ചില മേഖലകളോട് കൂടുതൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്നുള്ളത് ഗവൺമെന്റും അംഗീകരിക്കുന്നു. നേരത്തേ ഒട്ടും അനുഭാവം കാണിച്ചിരുന്നില്ല എന്നല്ല ഇതിന്റെ അർത്ഥം, മാറിമാറി വന്ന ഗവൺമെന്റുകൾ പലകാര്യങ്ങളും ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും കേരളത്തിന്റെ സമ്പദ് ഘടനയുടെ നട്ടെല്ലായ, കേരളത്തിലെ മഹാ ഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് തൊഴിലും വരുമാനവും നൽകുന്ന കാർഷിക മേഖലയിലും പരമ്പരാഗത മേഖലയിലും പ്രതിസന്ധികൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് ഇനിയങ്ങോട്ടുള്ള ഗവൺമെന്റിന്റെ പ്രവർത്തനം കാർഷിക മേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കും ഏറ്റവും പരിഗണന നൽകുന്ന നിലയിൽ ഗവൺമെന്റിന്റെ മുൻഗണനാക്രമം മാറ്റാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഇതിന്റെ അർത്ഥം മറ്റു മേഖലകളെ പൂർണ്ണമായി അവഗണിക്കുന്നു എന്നല്ല, ഐ.ടി. വേണം, ടൂറിസം വേണം, മറ്റു സൗകര്യങ്ങൾ വേണം, ആ മേഖലകളൊക്കെ വളരണം, സ്വകാര്യ മേഖലയുണ്ടാകണം. പക്ഷേ സർക്കാരിന്റെ ഫണ്ടിൽ നിന്നും സഹായം നൽകുമ്പോൾ സർക്കാരിന്റെ കാര്യമായ മേൽനോട്ടമുണ്ടാകേണ്ടത് കാർഷികമേഖലയിലേയ്ക്കും അതുപോലെ പരമ്പരാഗത മേഖലയിലേയ്ക്കുമായിരിക്കണമെന്നാണ് അനുഭവം നമ്മെ പഠിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് കാർഷിക മേഖലയുടെ പുനഃസംഘടനയ്ക്കും കൃഷിക്കാരന്റെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുമുള്ള ചില പരിപാടികൾ ഗവൺമെന്റ് ഇപ്പോൾ അടിയന്തിരമായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പ്രധാനമാണ് പരമ്പരാഗത മേഖല. കയർ കശുവണ്ടി, കൈത്തറി, അതുപോലെ ഖാദി മേഖലകൾ. പ്ലാന്റേഷൻ വേറൊരു ഗണത്തിൽപ്പെടുന്നതാണ്. എന്നാലും പ്ലാന്റേഷൻ രംഗത്തും പ്രതിസന്ധികളുണ്ട്. ബീഡി വ്യവസായം വലിയ പ്രതിസന്ധിയിലാണ്, പക്ഷേ അതിന്

12.00 Noon]

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് പരിഹാരമെന്ന് എനിക്കുതന്നെ ഇപ്പോൾ നിശ്ചയമില്ലാത്ത നിലയിലാണ്. കാരണം ദിനേശ് ബീഡി കമ്പനിപോലും ആഴമേറിയ പ്രതിസന്ധിയിലാണ്. പരമ്പരാഗത മേഖലയിലെ മറ്റൊരു വിഭാഗമാണ് മത്സ്യബന്ധനം. കേന്ദ്ര ഗവൺമെന്റിന്റെ ആഴക്കടൽ മത്സ്യബന്ധന നയം വന്ന് വിദേശ ട്രോളറുകൾ അനിയന്ത്രിതമായി കടലിൽ വിഹരിക്കാൻ തുടങ്ങിയതിനുശേഷം ഓരോ വർഷം കഴിയുംതോറും കടലോര പ്രദേശങ്ങളിലെ സാധാരണ മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ പട്ടിണിയും കഷ്ടപ്പാടുമായിരിക്കുകയാണ്. പട്ടിണി അവരുടെ നിത്യസഹചാരിയായി മാറുകയാണ്. അതുകൊണ്ട് ഗവൺമെന്റ് പരമ്പരാഗത മേഖലയ്ക്കും മത്സ്യബന്ധന മേഖലയ്ക്കും തോട്ടം മേഖലയ്ക്കും മുൻഗണന കൊടുക്കുകയാണ്. തോട്ടം മേഖലയിൽ പ്രത്യേകിച്ച് കാപ്പി, തേയില എന്നിവയാണ്. ഇപ്പോൾ ഏലത്തിന് ചില പ്രതിസന്ധികൾ തുടങ്ങിയിട്ടുണ്ട്. അതേസമയം തേയിലക്ക് ചില നല്ല ലക്ഷണങ്ങൾ കാണുന്നു. ഈ മേഖലകളോരോന്നുമെടുത്ത് പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കള്ളുചെത്തു വ്യവസായം പ്രതിസന്ധിയിലാണ്, പ്ലൈവുഡ് വ്യവസായം പ്രതിസന്ധിയിലാണ്, ഓടു വ്യവസായം പ്രതിസന്ധിയിലാണ്. തൃശ്ശൂർ ജില്ലയിലെ ഓട് ഫാക്ടറികൾ മിക്കവാറും പൂട്ടി പൊളിച്ചടുക്കി-കല്യാണ മണ്ഡപമാക്കിയിരിക്കുകയാണ്, ചിലർ ഹോട്ടലുണ്ടാക്കുകയാണ്. നമ്മളൊക്കെ ഈ നാട്ടിൽ ജീവിക്കുന്നവരാണ്, ഇതൊന്നും അറിയാൻ വയ്യാഞ്ഞിട്ടല്ല. എല്ലാം കൂടി പരത്തിപ്പറയണ്ട എന്നു വിചാരിച്ചിട്ടാണ്. പ്രധാനമായും പരമ്പരാഗത മേഖലകളായ കയർ, കൈത്തറി, കശുവണ്ടി, ഖാദി, അതുപോലെ പരമ്പരാഗത മേഖലയുടെ മറ്റൊരു പതിപ്പായ മത്സ്യബന്ധന മേഖല, മറ്റൊരു പതിപ്പായ തോട്ടം മേഖല ഇങ്ങനെ ഓരോന്നും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. തോട്ടം മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഞങ്ങൾ ചില പരിപാടികൾ നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പുമന്ത്രി ഇതിനുവേണ്ടി ദിവസങ്ങളും ആഴ്ചകളും എടുത്തിട്ടുണ്ട്. തൊഴിലാളി പ്രതിനിധികളും വ്യവസായി പ്രതിനിധികളുമെല്ലാമുള്ള പ്ലാന്റേഷന്റെ ഹൈലെവൽ കമ്മിറ്റിയുടെ ഒരു യോഗം അടുത്തമാസം ഞാൻ വിളിച്ചിരിക്കുകയാണ്. അവരെവിളിച്ച് തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് ഒന്നുകൂടി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ്. അതുകഴിഞ്ഞ് തൊഴിൽ വകുപ്പുമന്ത്രിയും ഞാനും കൂടി ഹീരുമേട്, വണ്ടിപ്പെരിയാർ മേഖലകളിൽ ഒരു സന്ദർശനം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. അവിടെചെന്ന് കാര്യങ്ങൾ നേരിട്ട് ഒന്നുകൂടി മനസ്സിലാക്കി ചില പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് പോകുന്നത്. പരമ്പരാഗത മേഖലയ്ക്കുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ, എന്റെ സുഹൃത്ത് ശ്രീ. കെ.സി. വേണുഗോപാലും അതുപോലെ അപ്പുറത്തുനിന്നും സംസാരിച്ച പല സുഹൃത്തുക്കളും പറഞ്ഞു, കൊല്ലം കേന്ദ്രമാക്കി കശുവണ്ടിക്ക്, അല്ലെങ്കിൽ കൈത്തറിക്കുവേണ്ടി ഒരു യോഗം കണ്ണൂരിലും തിരുവനന്തപുരത്തും അതുപോലെ ഖാദി, കയർ അങ്ങനെ ഓരോ പ്രത്യേക റീജിയണൽ മീറ്റിംഗുകളിലെല്ലാം ബന്ധപ്പെട്ട എന്റെ സഹപ്രവർത്തകർ പങ്കെടുക്കും. പക്ഷേ പരമ്പരാഗത മേഖലയുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടി തിരുവനന്തപുരത്ത് ഞാൻതന്നെ മുൻകൈ എടുത്ത് ഒരു യോഗം വിളിച്ചുകൂട്ടാം. ആ യോഗത്തിൽ വച്ച് അടിയന്തിരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം. ഏതായാലും പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി, ലക്ഷോപലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത

LIBRARY ARCHIVES Kerala Legislative Assembly

മേഖലയെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി പരമാവധി കാര്യങ്ങൾ നമുക്ക് ചെയ്യാം. സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്യും, അതിന്റെ കൂടെ കേന്ദ്രഗവൺമെന്റിന്റെ മാറിയ സാഹചര്യത്തിൽ, കേന്ദ്രഗവൺമെന്റിന്റെ നയങ്ങളിൽ മാറ്റം വന്നിട്ടുണ്ട്, കൈത്തറിയുടെ കാര്യത്തിലായാലും കയറിന്റെ കാര്യത്തിലായാലുമെല്ലാം നയങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. ആ മാറ്റങ്ങൾ കൂടി ഉപയോഗിച്ചുകൊണ്ട് കേന്ദ്ര സഹായത്തോടുകൂടി നമുക്ക് ഒരു പുതിയ പുനരുദ്ധാരണ പരിപാടി ഈ മേഖലയിൽ നടപ്പാക്കാൻ സാധിക്കും. അതിന് സംസ്ഥാന തലത്തിൽ ഒരു യോഗം ഞാൻ തന്നെ വിളിച്ചുകൂട്ടാം എന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി.എൻ. പ്രതാപൻ: സർ, തീരദേശ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി തീരദേശ മേഖലയിലെ എം.എൽ.എ.-മാരുടേയും ബന്ധപ്പെട്ട ആളുകളുടേയും ഒരു യോഗം അടിയന്തിരമായി വിളിക്കാൻ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

മുഖ്യമന്ത്രി: തീരദേശ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി തീരദേശ എം.എൽ.എ.-മാരുടെ ഒരു യോഗം ഞാൻ വിളിച്ചുകൂട്ടാമെന്ന് പറഞ്ഞിട്ടുണ്ട്, അത് ഉടൻ വിളിച്ചുകൂട്ടി അവിടെയുള്ള പ്രശ്നം പരിഹരിക്കും.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, ഈ മറുപടിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഈ പ്രമേയം പ്രസ് ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. പിരപ്പൻകോട്. മുരളി, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പിരപ്പൻകോട് മുരളി: സർ, പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. പിരപ്പൻകോട് മുരളി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, എനിക്ക് ഒരു നിർദ്ദേശം സഭയുടെ മുൻപിൽ വയ്ക്കാനുണ്ട്. ഇന്നിവിടെയുള്ള പ്രമേയങ്ങളെല്ലാം തന്നെ വളരെ പ്രധാനപ്പെട്ട പ്രമേയങ്ങളാണ്. മൂന്നും നാലും പ്രമേയങ്ങൾ —അതായത് ഡോ. കെ.സി. ജോസഫ് നോട്ടീസ് കൊടുത്തിട്ടുള്ളത്— കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച പ്രശ്നത്തിൽ നമ്മുടെ മന്ത്രിസഭാ ഉപസമിതി ഡെൽഹിയിൽ പോയിരിക്കുകയാണ്. അവർ അവിടെപ്പോയി ചർച്ച നടത്തി വന്നതിനുശേഷം മാത്രമേ അതു സംബന്ധിച്ച് വിശദമായി പറയുവാൻ കഴിയുകയുള്ളൂ. ആ പ്രമേയം പ്രസംഗിക്കാതെ അവതരിപ്പിച്ചാൽ അടുത്തയാളിന് കൊടുക്കാൻ സാധിക്കും. നാലാമത്തെ പ്രമേയം ശ്രീ. ബിനോയ് വിശ്വം നോട്ടീസ് നൽകിയിട്ടുള്ളത് രണ്ടു ഭാഗത്തുള്ളവർക്കും യോജിപ്പുള്ളതുകൊണ്ട് അത് നമുക്ക് ഏകകണ്ഠമായി പാസ്സാക്കാവുന്നതാണ്. അതിലും ചർച്ച ഒഴിവാക്കിക്കൊണ്ട് പ്രമേയം അവതരിപ്പിച്ചാൽ അതിനുള്ള മറുപടി പറഞ്ഞ് പാസ്സാക്കാം. രണ്ടാമത്തെ പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

റെയിൽവേയെ സംബന്ധിച്ചുള്ളതാണ്. മെമ്പർമാർ പ്രസംഗം ചുരുക്കിയാൽ ആ പ്രമേയവും അംഗീകരിക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല മെമ്പർമാർ സഭയിൽ സമയക്ലിപ്തം പാലിക്കുകയാണെങ്കിൽ ഈ വെള്ളിയാഴ്ച ഒരു ഫലപ്രദമായ വെള്ളിയാഴ്ചയായി ഈ നിയമസഭാ സമ്മേളനത്തിൽ മാറുമെന്ന നിർദ്ദേശം ഞാൻ വയ്ക്കുകയാണ്.

(2) കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

ഡോ. കെ.സി. ജോസഫ് : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച മുഴുവൻ പഞ്ചായത്തുകളിലെയും കൃഷിക്കാരുടെ ഹ്രസ്വകാല വായ്പകൾ എഴുതിത്തള്ളണമെന്നും മദ്ധ്യകാല-ദീർഘകാല കാർഷിക വായ്പകളുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളണമെന്നും, മദ്ധ്യകാല വായ്പകൾ ദീർഘകാല വായ്പകളായി മാറ്റണമെന്നും, കൃഷി ചെയ്യുന്നതിന് പുതിയ കാർഷിക വായ്പ അനുവദിക്കണമെന്നും, വിശാല കുട്ടനാട് മേഖലയിലെ നെൽകൃഷി ഉപ്പുവെള്ളം കയറി നശിക്കാതിരിക്കത്തക്കവിധം തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ, ലോക്ക്, തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ, തൃക്കുന്നപ്പുഴ, ചീപ്പ് എന്നിവ നന്നാക്കി ഈ വർഷം തന്നെ പുന:സ്ഥാപിക്കുന്നതിനും, കൃഷിമേഖലയിലേയ്ക്ക് ഉപ്പുവെള്ളം കയറുന്ന തോടുകളിൽ ഈ വർഷം താൽക്കാലിക ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിനും ഭാവിയിൽ ഉപ്പുവെള്ളം കയറാതിരിക്കത്തക്കവിധം സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ. കെ.പി. രാജേന്ദ്രൻ : പ്രമേയത്തെ പിൻതാങ്ങുന്നു.

ഡോ: കെ. സി. ജോസഫ്: സർ, പാർലമെന്ററി കാര്യവകുപ്പുമന്ത്രി മന്ത്രിസഭാ സബ് കമ്മിറ്റി കേന്ദ്ര ഗവൺമെന്റുമായി ചർച്ചചെയ്ത് തിരിച്ചുവന്നശേഷമേ ഫലപ്രദമായി മറുപടി പറയുവാൻ കഴിയൂ എന്നുപറഞ്ഞ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു. ഇപ്പോൾ സംസാരിക്കുന്നില്ല. അടുത്ത ദിവസം അവസരം തന്നാൽമതി.

(3) ഹൈക്കോടതി ബഞ്ച്

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ശ്രീ. ബിനോയ് വിശ്വം അധികാരപ്പെടുത്തിയതനുസരിച്ച് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

"തിരുവനന്തപുരം കേന്ദ്രമാക്കി ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ഹൈക്കോടതി ബഞ്ച് പ്രവർത്തിച്ചിരുന്നു. എന്നാൽ കാലക്രമേണ ഈ ബഞ്ചിന് ഫയലിംഗ് അധികാരം നഷ്ടപ്പെടുകയുണ്ടായി. ഈ അധികാര നഷ്ടപ്പെടൽമൂലം ഗവൺമെന്റിനും മറ്റുമായി സാമ്പത്തികമുൾപ്പെടെ നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം കേന്ദ്രമായി ഉണ്ടായിരുന്ന ഹൈക്കോടതി ബഞ്ച് ഫയലിംഗ് അധികാരത്തോടുകൂടി പുനരുജ്ജീവിപ്പിച്ച് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന തിരുവിതാംകൂർ ഹൈക്കോടതി തിരുകൊച്ചി സംയോജനത്തെ തുടർന്ന് 1949-ൽ എറണാകുളത്തേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. ഹൈക്കോടതി ആസ്ഥാനം എറണാകുളത്തേയ്ക്ക് മാറ്റിയെങ്കിലും തിരുവനന്തപുരത്തിന്റെ പ്രാധാന്യം മനസ്സിലാക്കി 14-6-1954-ൽ ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് ആരംഭിച്ചു. അന്നത്തെ ചീഫ് ജസ്റ്റീസ് ആയിരുന്ന കെ.ടി. ജോഷിയാണ് ഹൈക്കോടതി ബഞ്ച് ഉദ്ഘാടനം ചെയ്തത്. പ്രസ്തുത കോടതി 31-10-1956-വരെ തിരുവനന്തപുരത്ത് പ്രവർത്തിച്ചു. ഹൈക്കോടതി ചീഫ് ജസ്റ്റീസിന് പെട്ടെന്നുണ്ടായ താൽപര്യക്കുറവു കാരണം കേസുകൾ അധികം തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കാതേയും ക്രമമായി സ്റ്റാഫിനെ പിൻവലിച്ചും തിരുവനന്തപുരം ബഞ്ചിനെ പ്രവർത്തനരഹിതമാക്കി. തിരുവനന്തപുരം ഹൈക്കോടതി ബഞ്ച് നിർത്തലാക്കിക്കൊണ്ടുള്ള ഒരു ഉത്തരവും സർക്കാരോ നീതിന്യായപീഠമോ പുറപ്പെടുവിച്ചിട്ടില്ല. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് പ്രവർത്തിച്ചപ്പോഴുണ്ടായിരുന്ന ഹൈക്കോടതി ലൈബ്രറിയും ഹൈക്കോടതി ഹാളും ചരിത്ര സ്മാരകമായി തിരുവനന്തപുരത്ത് ഇപ്പോഴും നിലനിൽക്കുകയാണ്. ഇൻഡ്യയുടെ സംസ്ഥാന തലസ്ഥാനങ്ങളിൽ ഹൈക്കോടതിയോ ഹൈക്കോടതി ബഞ്ചോ ഇല്ലാത്ത സംസ്ഥാനങ്ങളിൽ ഒന്നാമത്തേത് കേരളമാണ്. തിരുവനന്തപുരവുമായി ബന്ധപ്പെട്ട് പ്രതിവർഷം മുപ്പതിനായിരത്തോളം കേസുകൾ സർക്കാരുമായി ബന്ധപ്പെട്ടുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ തന്നെ കണക്കനുസരിച്ച് പ്രതിവർഷം 300 കോടി രൂപ ഇതിനുവേണ്ടി ചെലവഴിക്കുകയാണ്. 1950-മുതലുള്ള എല്ലാ സഭകളിലും ഇതുസംബന്ധിച്ചുള്ള ശ്രമം നടത്തി. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അൺസ്റ്റാർഡ് ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുള്ളത് ഹൈക്കോടതി ചീഫ് ജസ്റ്റീസ് അതിനെതിരായിട്ടുള്ള മറുപടിയാണ് തന്നിട്ടുള്ളത് എന്നാണ്. ഹൈക്കോടതി ചീഫ് ജസ്റ്റീസും ഗവർണ്ണറുമായി കൺസൾട്ട് ചെയ്ത് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകണമെന്നാണ്. ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ എതിർപ്പുണ്ടെങ്കിലും കേന്ദ്ര സർക്കാരിന് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ളയെല്ലാവകാശവുമുണ്ട്. അതുകൊണ്ട് ഇൻഡ്യയിലെ രാഷ്ട്രീയ അന്തരീക്ഷമൊക്കെ തികച്ചും അനുകൂലമായിട്ടുള്ള പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഐകകണ്ഠ്യേന പ്രമേയം അംഗീകരിക്കുകയും മുഖ്യമന്ത്രിയുടേയും പ്രതിപക്ഷനേതാവിന്റേയും നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ വകുപ്പുമന്ത്രിയേയും കണ്ട് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയുള്ള ഒരു ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിച്ച് കിട്ടണമെന്ന ആവശ്യത്തിന് ദശകങ്ങളുടെ പഴക്കമുണ്ട്. തലസ്ഥാന നഗരത്തിന്റെ വികസന കാര്യത്തിൽ തൽപ്പരരായിട്ടുള്ള വ്യക്തികളും സംഘടനകളുമൊക്കെ നിരന്തരം ഉന്നയിക്കുന്ന ഒരാവശ്യമാണ്. ഒരുകാലത്ത് തിരുവനന്തപുരത്ത് പ്രവർത്തിച്ചു വന്നിരുന്ന ഫയലിംഗ് അധികാരത്തോടുകൂടിയുള്ള ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിച്ച് കിട്ടുകയാണെങ്കിൽ സർക്കാരിന് വലിയ സാമ്പത്തിക ലാഭമുണ്ടാകുമെന്നുള്ളത് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്പോൾ നിത്യേനയെന്നോണം ഹൈക്കോടതി ആവശ്യങ്ങൾക്കായി ഭരണസിരാ കേന്ദ്രത്തിൽ നിന്ന് എറണാകുളത്തേയ്ക്ക് യാത്രചെയ്യേണ്ടി വരുന്ന ഉദ്യോഗസ്ഥൻമാരുടെ യാത്രാപ്പടിയിനത്തിലും മറ്റും ചെലവാക്കപ്പെടുന്ന തുക ലാഭിക്കാമെന്നുള്ളത് ഒരു വസ്തുതയാണ്. മാത്രവുമല്ല ഉദ്യോഗസ്ഥൻമാരുടെ തിരക്കിട്ട സമയവും ലാഭിക്കാൻ കഴിയും. ഫയലിംഗ് അധികാരത്തോടുകൂടിയുള്ള ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് നിരവധി വ്യക്തികളും സംഘടനകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച അഭിപ്രായം ചീഫ് ജസ്റ്റീസുമായി ആലോചിച്ച് അറിയിക്കാൻ 1999-ൽ അന്നത്തെ കേന്ദ്ര നിയമ വകുപ്പുമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായമാരായാൻ കേന്ദ്ര നിയമ വകുപ്പുമന്ത്രി ആവശ്യപ്പെട്ടതു പ്രകാരം സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ചീഫ് ജസ്റ്റീസിന് കത്തെഴുതുകയുണ്ടായി. ഫുൾ കോർട്ട് മീറ്റിംഗ് കൂടി ചർച്ച ചെയ്ത് തീരുമാനമറിയിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് സർക്കാരിനെ അറിയിച്ചിരുന്നു. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഹൈക്കോടതി മന്ദിരവും അനുബന്ധ ഓഫീസുകളും സ്ഥാപിക്കുന്നതുവഴി സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുകയില്ലേയെന്നും ചീഫ് ജസ്റ്റീസ് അന്വേഷിക്കുകയുണ്ടായി. ഹൈക്കോടതി ബഞ്ചിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും തിരുവനന്തപുരത്ത് ഇപ്പോൾതന്നെ ലഭ്യമാണെന്നും ഈ തുക സർക്കാരിന് താങ്ങാവുന്നതാണെന്നും ചീഫ് ജസ്റ്റീസിനെ അറിയിച്ചു. കേന്ദ്ര നിയമ മന്ത്രാലയത്തിന് ഉചിതമാണെന്ന് കാണിച്ചുകൊണ്ടുള്ള മറുപടി സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ അഭിപ്രായം ആരായുവാൻ ചീഫ് ജസ്റ്റിസിനോട് 16-5-2003-ൽ മുഖ്യമന്ത്രി കത്തുമുഖാന്തിരം അഭ്യർത്ഥിച്ചു. ബഹുമാനപ്പെട്ട മുൻ ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യവും കോഴിക്കോട് ഹൈക്കോടതി ബഞ്ച് വേണമെന്ന ആവശ്യവും പരിശോധിക്കുകയും പുതിയ ചീഫ് ജസ്റ്റീസായി ചുമതലയേൽക്കുന്ന ജസ്റ്റീസ് എൻ. കെ. സേഥിയുമായി ചർച്ച ചെയ്ത് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് അഭികാമ്യമല്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായപ്പെടുകയും ചെയ്തു. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാൽപര്യത്തിനോ നീതിനിർവ്വഹണത്തിനോ സഹായകമല്ലെന്നും അതിനാൽ അതുപേക്ഷിക്കുകയാണെന്നും 2004 ജനുവരി 17-ലെ കത്തിൽ മുൻ ചീഫ് ജസ്റ്റീസ് അറിയിച്ചു. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് വേണമെന്നത് സംസ്ഥാനത്തിന്റെ താൽപര്യമാണെന്നും അതിനാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്നും പുതിയ ചീഫ് ജസ്റ്റീസിനോട് 13-2-2004-ലെ അർദ്ധ ഔദ്യോഗിക കത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്ര നിയമ വകുപ്പുമന്ത്രിയോടും ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് പുതിയ കേന്ദ്ര നിയമമന്ത്രി ശ്രീ. എച്ച്. ആർ. ഭരദ്വാജിനോട് ഇക്കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-6-2004-ൽ മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡന്റിന് കത്തെഴുതുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചു വരുകയാണ്. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കുന്നതിന് ഗവൺമെന്റ് അനുകൂലമാണ്.

ശ്രീ. മത്തായി ചാക്കോ: ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കുന്ന താൽപര്യംകൊണ്ട് പറയുകയാണ്. സ്റ്റേറ്റ് റി-ഓർഗനൈസേഷൻ ആക്റ്റ് പ്രകാരം ചീഫ് ജസ്റ്റീസ് ഗവർണ്ണർമാരുമായി കൺസൾട്ട് ചെയ്യണമെന്നുള്ളതാണ്. എന്നാൽ നിലവിലുള്ള സുപ്രീം കോടതി വിധിപ്രകാരം ഈ കൺസൾട്ടേഷൻ ആവശ്യമില്ല. അതുകൊണ്ട് ഗവൺമെന്റുതന്നെ ഇക്കാര്യം ശുപാർശ ചെയ്യേണ്ടതാണ്.

മി. ഡെ. സ്പീക്കർ: ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(4) സംസ്ഥാനത്തെ റെയിൽവേ ലൈനുകളുടെ പണി

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"സംസ്ഥാനത്ത് ഇരട്ടിപ്പിക്കൽ നടന്നുകൊണ്ടിരിക്കുന്ന റെയിൽവേ ലൈനുകളുടെ പണി അടുത്ത വർഷം പൂർത്തിയാക്കത്തക്കവണ്ണം ആവശ്യമായ തുകയനുവദിക്കുന്നതിനും നിരവധി കാലമായി റെയിൽവേ ഭരണകൂടത്തിന്റെ പരിഗണനയിലിരിക്കുന്നതും യാത്രക്കാർക്ക് വളരെ പ്രയോജനകരമായതുമായ, ഷൊർണ്ണൂർ ട്രയാംഗുലർ റെയിൽവേ സ്റ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനും സംസ്ഥാനത്തുനിന്നും ഈ വർഷംതന്നെ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് പുതിയ ദീർഘദൂര ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനും സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന റെയിൽവേ ഇലക്ട്രിഫിക്കേഷൻ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മലബാർ പ്രദേശത്തിന്റെ സർവതോന്മുഖമായ വികസനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈൻ നടപ്പിലാക്കുന്നതിനും സംസ്ഥാനത്തുള്ള റെയിൽവേ ലൈനുകളെ ഉൾപ്പെടുത്തി ഒരു പുതിയ റെയിൽവേ സോൺ രൂപീകരിച്ച് സംസ്ഥാനത്ത് അതിന്റെ ഹെഡ്കാർട്ടേഴ്സ് സ്ഥാപിക്കുന്നതിനും അടിയന്തിര തീരുമാനമെടുത്ത് നടപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും അതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഈ പ്രമേയത്തിൽ ഉൾപ്പെടുത്താത്ത ഒരുപാടു കാര്യങ്ങളുണ്ട്. സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നിവേദനത്തിൽ പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ആ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം റെയിൽവെ വികസനത്തിന്റെ കാര്യത്തിൽ തുടർച്ചയായ അവഗണനയുടെ കഥ മാത്രമാണ് നമുക്ക് പറയുവാനുള്ളത്. അവഗണനയുടെ പാത മാത്രമാണ് കേരളത്തിലേയ്ക്ക് റയിൽവെ തീർത്തുകൊണ്ടിരിക്കുന്നത്. ഒരുപാട് കാര്യങ്ങൾ പറയുവാനുണ്ട്. ചർച്ച പെട്ടെന്നുതീർത്ത് ഇത് പാസ്സാക്കണമെന്നുള്ളതുകൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കേരളത്തിന്റെ അതിർത്തിയിലെത്തിയാൽ സംസ്ഥാനത്തേയ്ക്കു ഫണ്ട് വരുന്നതിന് ചുവപ്പ് സിഗ്നൽ തുടർച്ചയായി റെയിൽവേ കൊടുത്തുകൊണ്ടിരിക്കുകയാണ്. ജാമ്പവാന്റെ കാലത്തുള്ള പുരാവസ്തുവായി മാറിക്കൊണ്ടിരിക്കുന്ന കോച്ചുകളെല്ലാം കേരളത്തിലേയ്ക്ക് കൊണ്ടുവന്നു റെയിൽവെയുടെ പുരാവസ്തു കേന്ദ്രമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഒരുപാട് അവഗണനകൾ കേരളത്തെ സംബന്ധിച്ചുണ്ട്. കേരളത്തിലെ ജനപ്രതിനിധികളും കേരളാ ഗവൺമെന്റും ആവശ്യപ്പെടുന്ന ആവശ്യങ്ങളും റെയിൽവേയുടെ തീരുമാനങ്ങളും റെയിൽവേ പാളങ്ങളെപ്പോലെ സമാന്തരമായി നീണ്ടുകൊണ്ടിരിക്കുകയാണ്. ഒരിടത്തും കൂട്ടിമുട്ടുന്നില്ല. ചില ഉദാഹരണങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. ചെന്നൈ കഴിഞ്ഞാൽ ഏറ്റവും വരുമാനം പാലക്കാട്-തിരുവനന്തപുരം ഡിവിഷനുകളിലാണ്. ഈ പതിനഞ്ച് കൊല്ലങ്ങൾക്കിടയിൽ ദിവസേനയോടുന്ന വിരലിലെണ്ണാവുന്ന വണ്ടികൾ മാത്രമേ കേരളത്തിന് അനുവദിച്ചിട്ടുള്ളൂ. റെയിൽവേയുടെ ഒരു വ്യവസായവും ഇന്ന് കേരളത്തിലില്ല. ഇൻഡ്യയിൽ റെയിൽവേ സോണില്ലാത്ത സംസ്ഥാനം വളരെ അപൂർവ്വമാണ്. അതിലൊന്നാണ് കേരളം. ഇൻഡ്യയിൽ ഒരു ലക്ഷം ജനങ്ങൾക്ക് പത്ത് കിലോമീറ്റർ പാതയുള്ളപ്പോൾ കേരളത്തിൽ അതിന്റെ പകുതിപോലും ഇല്ല. ഇലക്ട്രിഫിക്കേഷൻ വന്നതിനുശേഷം അതിനനുബന്ധമായി ഇവിടെ സ്ഥാപനങ്ങൾ തുടങ്ങാമായിരുന്നു. പാലക്കാട് വ്യവസായ കോച്ച് ഫാക്ടറി ആദ്യംതന്നെ വേണ്ടായെന്നുവച്ചു. റയിൽവേ ആശുപത്രികൾ പേരിനുമാത്രമേയുള്ളൂ. അവിടെ സൗകര്യങ്ങളൊന്നുമില്ല. സേലമോ ഈറോഡോ ഒരു പുതിയ ഡിവിഷൻ തുടങ്ങുമെന്ന് പഴയ റെയിൽവെ സഹമന്ത്രി ശ്രീ. എ. കെ. മൂർത്തി പറയുകയുണ്ടായി. അത് പാലക്കാട് ഡിവിഷനെ തകർക്കാൻ വേണ്ടിയാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: റയിൽവേയുടെ അവഗണനയെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനുള്ള പ്രധാന കാരണം ഇവിടെ സൂചിപ്പിച്ചു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ലൈൻ ഇരട്ടിപ്പിക്കുന്നതിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടതാണ്.

ശ്രീ. സി. പി. മുഹമ്മദ്: അത് ഞാൻ പറയാം. ഒരുപാട് കാര്യങ്ങളുണ്ട്. അത് എണ്ണിയെണ്ണി വിവരിക്കുന്നില്ല. തുക വകയിരുത്തുന്ന കാര്യത്തിൽ— താനൂർ-ഗുരുവായൂർ, അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി എന്നീ റെയിൽവെ വികസനത്തിനായി വളരെ നാമമാത്രമായ തുകയാണ് റെയിൽവെ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുള്ളത്. തലശ്ശേരി-മൈസൂർ ലൈനിനെ സംബന്ധിച്ച് ഒരു പരാമർശംപോലുമില്ല. മലയാള മനോരമയുടെ ബഹുമാന്യനായ പത്രാധിപർ ശ്രീ. കെ. എം. മാത്യു കേന്ദ്ര റയിൽവേ വകുപ്പുമന്ത്രി ശ്രീ.ലാലുപ്രസാദ് യാദവിന് ഒരു കത്ത് നൽകിയപ്പോൾ ഷൊർണ്ണൂർ-കോഴിക്കോട്-മംഗലാപുരം ലൈൻ ഉടൻതന്നെ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് പറഞ്ഞു. ഇതിന് മറ്റൊരു മറുവശം കൂടിയുണ്ട്. സംസ്ഥാനത്ത് റയിൽവേയ്ക്ക് സ്ഥലമെടുപ്പിനുവേണ്ടി സംസ്ഥാന റയിൽവേ വകുപ്പ് വളരെയധികം കാലതാമസം വരുത്തുന്നുവെന്നുള്ള ആക്ഷേപം ഉണ്ട്. സംസ്ഥാന സർക്കാർ ഒരു പൈസയും മുടക്കാതെ സ്ഥലമെടുപ്പു നടത്തുന്നതിൽ ഗുരുതരമായ അനാസ്ഥ കാണിക്കുന്നുവെന്നുള്ള ആക്ഷേപമുണ്ട്. ഇക്കാര്യം റവന്യൂ വകുപ്പ് വളരെ കാര്യമായി ശ്രദ്ധിക്കണം. ഈ സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചതും കേരളത്തിലെ ജനപ്രതിനിധികൾ ആവശ്യപ്പെട്ടതുമായ റയിൽവേ വികസന പദ്ധതികൾ സംസ്ഥാനത്ത് അനുവദിക്കണം. അത് ഈ പ്രമേയത്തിൽക്കൂടി ചേർക്കുന്നതിൽ വിരോധമില്ലായെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: ശ്രീ.സി.പി. മുഹമ്മദ് അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഞാൻ മാത്രമല്ല കേരളത്തിലെ മുഴുവൻ ജനങ്ങളും പിന്താങ്ങുന്ന കാര്യമാണ് ശ്രീ.സി.പി.മുഹമ്മദ് ഇവിടെ അവതരിപ്പിച്ചത്. നമ്മൾ ഏറ്റവും വലിയ പ്രതീക്ഷയോടുകൂടിയാണ് പുതിയ ഗവൺമെന്റ് അവതരിപ്പിച്ച റയിൽവേ ബഡ്ജറ്റിനെ നോക്കിക്കണ്ടത്. ബഹുമാന്യനായ ലാലുപ്രസാദ് യാദവ് ആമുഖമായി കേരള, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളെ എക്കാലവും അവഗണിക്കുന്നുവെന്നുള്ള പരാതി നിലവിലുള്ളതുകൊണ്ട് അവിടേയ്ക്ക് പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇത് എന്നു പറഞ്ഞുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, മുഴുവൻ ബഡ്ജറ്റും അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ റയിൽവേ മാപ്പിൽ ഇന്ന് കേരളം ഇല്ലാത്ത ഒരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. മാത്രവുമല്ല നമുക്ക് കൂടുതൽ ബാദ്ധ്യത വരുത്തുന്ന ഒരു കാര്യംകൂടി പറഞ്ഞിരിക്കുകയാണ്. നമ്മൾ ഏറെ പ്രതീക്ഷയോടുകൂടി കാത്തിരുന്ന് അവസാനം നടപ്പിലായി പിന്നീട് നമുക്ക് ഏറെ ആശ്വാസമായിട്ടുള്ള മലബാർ, പ്രത്യേകിച്ച് എറണാകുളത്തിന് അങ്ങോട്ടുള്ള മുഴുവൻ ആളുകൾക്കും വളരെയധികം പ്രയോജനപ്രദമായ കൊങ്കൺ റയിൽവേയുടെ കാര്യത്തിൽ നഷ്ടം വന്നിട്ടുണ്ട്. ആ നഷ്ടം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുമായി ചർച്ച ചെയ്ത് വാങ്ങിക്കണമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഒന്നും തന്നിട്ടുമില്ല, കൊങ്കൺ റയിൽവേയുടെ പേരിൽ ഇനിയും അങ്ങോട്ട് പണം കൊടുക്കുകയും വേണമെന്നുള്ള അവസ്ഥ ഇന്നുണ്ട്. 50 കൊല്ലങ്ങളായി റയിൽവേ അവഗണന പറഞ്ഞുപറഞ്ഞ് ഒരു വിലാപകാവ്യംപോലെ നമ്മൾ ഇങ്ങനെ ആലപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു മാറ്റം വേണം. നമ്മൾ ഏത് രീതിയിൽ മുന്നോട്ടുപോയിക്കഴിഞ്ഞാലും കഴിഞ്ഞ കാലത്ത് നമ്മൾ അനുവർത്തിച്ച നമ്മുടെ മാന്യതയും ദേശീയ കാഴ്ചപ്പാടുമൊക്കെ ഒരു കഴിവുകേടായി മാറിമാറിവരുന്ന കേന്ദ്ര ഗവൺമെന്റ് കാണാത്ത ഒരു സാഹചര്യമുണ്ടാകണം. അതിനുവേണ്ടി ഏതു രീതിയിലുള്ള പ്രക്ഷോഭം നടത്തേണ്ടിവന്നാലും അതിന് തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തിനെ പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ: സർ, റയിൽവേ വകുപ്പുമായി ബന്ധപ്പെട്ടതാണ് ഈ പ്രമേയം. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അവഗണിച്ചിട്ടുണ്ടെങ്കിൽ അതുപോലെ സംസ്ഥാന ഗവൺമെന്റ് മലബാർ ഭാഗത്തെ അവഗണിക്കുകയാണ് ചെയ്തത്. മലബാർ ഭാഗത്ത് കാസർഗോഡിനെ പ്രത്യേകമായി അവഗണിക്കുകയാണ്. ഇപ്പോൾ കേരളത്തിന്റേതായ ഒരു വണ്ടിയുണ്ട്. ആ വണ്ടി കണ്ണൂർ തിരുവനന്തപുരം വരെയാണ് ഓടുന്നത്. അതിപ്പോൾ യു.പി.എ. ഗവൺമെന്റ് മംഗലാപുരംവരെ നീട്ടുമെന്ന് പറഞ്ഞു. അതുപോലെ വികസന പ്രവർത്തനങ്ങളെല്ലാം നടപ്പിലാക്കാൻവേണ്ടി നടപടി സ്വീകരിക്കണമെന്നുപറഞ്ഞുകൊണ്ട് ശ്രീ.സി.പി. മുഹമ്മദ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, കേന്ദ്ര സർക്കാരിന്റെ റയിൽവേയുടെ കാര്യത്തിൽ, കേരളത്തോടുള്ള അവഗണന അവസാനിപ്പിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. എറണാകുളം-കോട്ടയം-കായംകുളം റയിൽവേ ലൈൻ 1950-കളിൽ ആരംഭിച്ചതാണ്. അത് ഇരട്ടിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ഇപ്പോൾ എറണാകുളത്തുനിന്നും മുളന്തുരുത്തിവരെയും കായംകുളത്തുനിന്നും ചെങ്ങന്നൂർ വരെയുമായി ലൈൻ ഇരട്ടിപ്പിക്കൽ നിൽക്കുകയാണ്. ഏറ്റവും കൂടുതൽ ദീർഘദൂര യാത്രക്കാർ യാത്ര ചെയ്യുന്ന ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിന് മാറ്റം വരുത്തണം. ജനങ്ങൾക്ക് ആവശ്യമില്ലാത്ത കോട്ടയം-എരുമേലി റയിൽവേ പാത ആരംഭിക്കുന്നതിനെതിരെ വലിയ പ്രക്ഷോഭം നടക്കുകയാണ്. അങ്ങനെയുള്ളത് ഒഴിവാക്കി പാത ഇരട്ടിപ്പിക്കലിന് മുൻഗണന കൊടുത്തുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. കെ. ബാലൻ: സർ, ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. വടക്കൻ കേരളത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം എന്ന രൂപത്തിൽ തലശ്ശേരി-മൈസൂർ റയിൽവേ ഉൾപ്പെടുത്തണം. പണ്ട് നെട്ടൂർ പി. ദാമോദരൻ എം.പി. സൈക്കിൾ ചവുട്ടി പാർലമെന്റിൽ പോയിട്ടുള്ള കോൺഗ്രസ്സ് എം.പി.യായിരുന്നു. അദ്ദേഹമടക്കം കൊണ്ടുവന്നിട്ടുള്ള ഈ പ്രൊപ്പോസൽ ഇപ്പോൾ എവിടേയും എത്തിയിട്ടില്ല. അതുപോലെ കോട്ടയം-ശബരി ലൈൻ. മറ്റൊരുകാര്യം, റയിൽവേ ഓവർബ്രിഡ്ജിനെ സംബന്ധിച്ചാണ്. വടക്കൻ കേരളത്തിൽ മുഴപ്പിലങ്ങാടൊക്കെ ചില വർക്കുകൾ തീരെ നിന്നിരിക്കുകയാണ്. അതിനെ സംബന്ധിച്ചിടത്തോളം അടിയന്തിരമായി ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ നഞ്ചൻകോട്-കല്പറ്റക്കുവേണ്ടി വയനാട്ടിലെ ആളുകൾ വലിയ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രമേയത്തിലുമുണ്ട്. അത് പെട്ടെന്ന് നടപ്പിലാക്കണം. കാരണമെന്താണെന്നു പറഞ്ഞാൽ റവന്യൂ വരുമാനംതന്നെ പരിശോധിച്ചാൽ 218 കോടി രൂപ പാസ്സഞ്ചറിൽനിന്നും 215 കോടി രൂപ ചരക്കുകളിലൂടേയും കിട്ടുന്നതാണ്. അതുകൊണ്ട് ഇത് പൂർണ്ണമായി പരിഗണിക്കണം. ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഈ പ്രമേയത്തെ പിൻതാങ്ങുന്നതോടൊപ്പംതന്നെ തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കണമെന്നും തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു പുതിയ റയിൽവേ സോൺ ആരംഭിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(ശ്രീ. എം.എം. ഹസ്സൻ): സർ, സോണിന്റെ കാര്യം പ്രമേയത്തിലുണ്ട്. ഈ പ്രമേയത്തിൽ അപ്പുറത്തുനിന്ന് ബഹുമാനപ്പെട്ട മെമ്പർമാർ നിർദ്ദേശിച്ച ഭേദഗതികൾ പ്രമേയാവതാരകൻ അംഗീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുകൂടി അംഗീകരിച്ചുകൊണ്ട് ഈ പ്രമേയം എടുക്കാം. സംസ്ഥാനത്തിന്റെ റയിൽവേ വികസനത്തെ സംബന്ധിച്ച് അങ്ങോളമിങ്ങോളമുള്ള കേരളത്തിലെ ജനങ്ങൾ ഒട്ടേറെ ആവശ്യങ്ങൾ ഉന്നയിക്കുകയും ഒരുപാട് പ്രതീക്ഷകൾ വച്ചുപുലർത്തുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഒരു പ്രതിഫലനമാണ് ബഹുമാനപ്പെട്ട മെമ്പറുടെ പ്രമേയത്തിൽ ഉൾക്കൊള്ളുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങളോട് വേണ്ടത്ര നീതി പുലർത്താൻ ഇൻഡ്യൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വേണ്ടത്ര നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. മറ്റു പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടുത്തെ യാത്രക്കാരെല്ലാംതന്നെ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്നവരാണ്. സ്വാഭാവികമായും യാത്രാക്കൂലി ഇനത്തിൽ കേരളം ഒരു നഷ്ടവും ഉണ്ടാക്കുന്നില്ല. ഇതൊക്കെയാണെങ്കിലും പുതിയ പോസ്റ്റുകൾ അനുവദിച്ചുകിട്ടുന്നതിനോ മറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോ വേണ്ടത്ര പരിഗണന കേരളത്തിന് ലഭിക്കുന്നില്ല എന്നുള്ള പരാതി വളരെക്കാലമായി നിലനിൽക്കുകയാണ്. വേണ്ടത്ര വിഹിതം വകയിരുത്താത്തതു കാരണം പാതയിരട്ടിപ്പിക്കലും പുതിയ ലൈൻ സ്ഥാപിക്കുന്നതും മറ്റും ഇവിടെ തീരെ മന്ദഗതിയിലാണ്. തിരുവനന്തപുരം-കായംകുളം, കോഴിക്കോട്-മംഗലാപുരം പാതകൾ ഇതിനകം ഇരട്ടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കുറ്റിപ്പുറം-ഷൊർണ്ണൂർ-കോഴിക്കോട്, എറണാകുളം-മുളന്തുരുത്തി, ചേപ്പാട്-കായംകുളം, മാവേലിക്കര-കായംകുളം, മാവേലിക്കര-ചെങ്ങന്നൂർ, ചേപ്പാട്-ഹരിപ്പാട് എന്നീ ഭാഗങ്ങളിലെ പാതയിരട്ടിപ്പിക്കൽ . . . . .

ശ്രീ. കെ.സി. വേണുഗോപാൽ: പാതയിരട്ടിപ്പിക്കലിന് സ്ഥലമെടുപ്പ് ഇഴഞ്ഞാണ് നീങ്ങുന്നത് എന്നുള്ള കാര്യം അറിയാമോ?

ശ്രീ. എം.എം. ഹസ്സൻ: ബഹുമാനപ്പെട്ട വേണുഗോപാൽ ഇവിടെ ചൂണ്ടിക്കാണിച്ച പാതയിരട്ടിപ്പിക്കലിന് സ്ഥലമെടുക്കുന്നതിനുള്ള തടസ്സങ്ങൾ മാറ്റി യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന് നടപടി സ്വീകരിച്ചുവരികയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഇക്കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം.എം. ഹസ്സൻ: റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്. കേരളത്തിന് മാത്രമായി ഒരു പ്രത്യേക റയിൽവേ സോൺ അനുവദിക്കുക, ഡബ്ളിംഗ് ത്വരിതപ്പെടുത്തുക, അനുവദിക്കപ്പെട്ട ലൈനുകളുടെ പണി ആരംഭിക്കുക, മേൽപ്പാലങ്ങളുടേയും കീഴ്പ്പാലങ്ങളുടേയും സുരക്ഷാ നടപടികൾ സ്വീകരിക്കുക, കൊല്ലം-വിരുതുനഗർ ലൈനിന്റെ ഗേജ് കൺവെർഷൻ ത്വരിതപ്പെടുത്തുക, തെക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് വിനോദ സഞ്ചാരികളെ ഉദ്ദേശിച്ച് പ്ളെയിസ് ഓൺ വീൽസ് മാതൃകയിൽ ഒരു ട്രെയിൻ സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുക, മലബാറിന്റെ ദീർഘകാല ആവശ്യമായ നിലമ്പൂർ-നഞ്ചങ്കോട് പാത പണിയുക, ട്രാഫിക് സംവിധാനങ്ങൾ പരിഷ്കരിക്കുക എന്നിങ്ങനെ പല ആവശ്യങ്ങൾ നിരന്തരമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാത്രവുമല്ല അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി എന്നീ പുതിയ പാതകൾക്കായി 100 കോടി രൂപയും കൊല്ലം-വിരുതുനഗർ സെക്ടറിലെ ഗേജ് മാറ്റത്തിന് 100 കോടി രൂപയും ഷൊർണ്ണൂർ-കുറ്റിപ്പുറം-കോഴിക്കോട്, കോഴിക്കോട്-മംഗലാപുരം, എറണാകുളം-മുളന്തുരുത്തി, ചേപ്പാട്-കായംകുളം, മാവേലിക്കര-കായംകുളം, മാവേലിക്കര-ചെങ്ങന്നൂർ, ചേപ്പാട്-ഹരിപ്പാട്, എറണാകുളം ജംഗ്ഷൻ, എറണാകുളം മാർഷലിംഗ് യാർഡ് എന്നീ ലൈനുകളുടെ ഇരട്ടിപ്പിക്കലിനായി 150 കോടി രൂപയും റയിൽവേ മേൽപ്പാലങ്ങൾക്കും കീഴ്പ്പാലങ്ങൾക്കുമായി 20 കോടി രൂപയും നെടുമ്പാശ്ശേരിയിൽ പുതിയ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 10 കോടി രൂപയും വിവിധ റയിൽവേ സ്റ്റേഷനുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മതിയായ തുകയും 2004-05 സാമ്പത്തിക വർഷത്തെ റയിൽവേ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് നിരവധി തവണ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. 2004-05 സാമ്പത്തിക വർഷത്തിലെ റയിൽവേ ബഡ്ജറ്റിലും കേരളത്തിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ലായെന്നുള്ള പരാതി നമുക്കുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് കേരളത്തിന് അർഹമായ പരിഗണന ലഭിക്കേണ്ടതിന്റെ ആവശ്യം ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്രത്തെ സമീപിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽതന്നെ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് മന്ത്രി ഇതിൽമേൽ വിശദമായി നിവേദനം നൽകിയിട്ടുണ്ട്. കേരളാ ഗവൺമെന്റ് വിളിച്ചുകൂട്ടിയ എം.പി.-മാരുടെ യോഗത്തിൽ വച്ച് എടുത്തിട്ടുള്ള തീരുമാനമെന്നു പറയുന്നത്, ഇവിടുത്തെ എം.പി.-മാർ ഒറ്റക്കെട്ടായി ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമെന്ന് അവിടെവച്ച് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഈ സഭയുടെ വികാരവും കേന്ദ്ര ഗവൺമെന്റിനേയും റയിൽവേ മന്ത്രാലയത്തിനേയും അറിയിക്കുന്നതിന് ഉപകരിക്കുന്ന ഈ പ്രമേയവും അതിന് ഗുണകരമാകുമെന്നുള്ളതുകൊണ്ട് സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും നമുക്ക് നോക്കാം. അപ്പുറത്തും ഇപ്പുറത്തുമുള്ളവർക്ക് കേന്ദ്ര ഗവൺമെന്റിൽ ഇപ്പോൾ സ്വാധീനമുണ്ട്. നമ്മൾ പരസ്പരം യോജിക്കുന്ന ഒരു കാര്യമാണ്. സംസ്ഥാനത്തിന്റെ റയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിൽനിന്ന് പരമാവധി സഹായം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുന്നതിന് ഈ സഭയുടെ ഈ അഭിപ്രായം പ്രയോജനപ്പെടുമെന്നുള്ള പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും 2004 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.31-ന് യോഗം പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[23-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *18 (481) സദയം കാണുക]

വിദ്യാഭ്യാസ വകുപ്പിലെ അഴിമതികളെക്കുറിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം താഴെ കൊടുക്കുന്നു.

മലപ്പുറം ഡി.ഡി. ഓഫീസിലെ യു.ഡി. ക്ലാർക്കായ ശ്രീ. വി. നടരാജനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും പാലക്കാട് ഡി.ഡി. ഓഫീസിലെ യു.ഡി. ക്ലാർക്കായ ശ്രീ. പി.എസ്. ദേവസ്യയ്ക്ക് നിർബന്ധിത പെൻഷൻ നൽകുകയും താഴെ പറയുന്നവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

1. ശ്രി. കെ. ഭാസ്കരൻ, പി. എ., ഡി. ഇ. ഓഫീസ്, വയനാട്.
2. ,, എൻ. സോമരാജൻ, ഡി. ഇ. ഒ., വയനാട്.
3. ,, പി. ഭാസ്കരൻ, ഡി.ഡി. ഓഫീസ്, കണ്ണൂർ.
4. ,, ഡിക്സി പ്രസാദ്, എ.ഇ.ഒ., ചൊമ്പാല.
5. ,, കെ. മുരളീധരൻ, ഡി.ഇ.ഒ., കോഴിക്കോട്.
6. ,, എ. അരുൺകുമാർ, ഡി. ഡി., തിരുവനന്തപുരം
7. ശ്രീമതി എസ്. റോസ് മേരി, യു.ഡി.സി., ഡി.ഡി. ഓഫീസ്, തിരുവനന്തപുരം.
8. ശ്രീമതി ബി. പുഷ്പിതാഭായി, യു.ഡി.സി., ഡി.ഡി. ഓഫീസ്, തിരുവനന്തപുരം.
9. ശ്രീ. പി. എം. അബ്ദുൾ സമദ്, ഡി.ഡി.ഇ., കാസർഗോഡ്.
10. ,, വി. എൻ. സോമരാജൻ, ഡി.ഡി.ഇ., പത്തനംതിട്ട.
11. ശ്രീമതി എസ്. ഷൈലകുമാരി, എ.ഇ.ഒ., പത്തനംതിട്ട.
12. ശ്രീ. കെ. സുരേന്ദ്രൻ, ഡി.ഇ.ഒ., കുട്ടനാട്.
13. ,, റ്റി. പി. ഗോവിന്ദൻ, എ.ഇ.ഒ., ചൊമ്പാല
14. ,, റ്റി. മുഹമ്മദ്, സീനിയർ സൂപ്രണ്ട്, എ.ഇ.ഒ., ചൊമ്പാല.
15. ,, സി. രാജപ്പൻ, എ.ഇ.ഒ., കണിയാപുരം.
16. ,, കെ. ശശീധരൻ, ഡി.ഡി.ഇ., കൊല്ലം
17. ,, പി. എ. ശിവരാമൻ, ജൂനിയർ സൂപ്രണ്ട്, പരീക്ഷാഭവൻ
18. ,, സി. എ. ജെയിംസ്, എൽ.ഡി. ക്ലാർക്ക്, പരീക്ഷാഭവൻ.
19. ,, വിജയനാശാരി, യു.ഡി. ക്ലാർക്ക്, ഡി.ഇ.ഒ. ഓഫീസ്, തിരുവനന്തപുരം.
20. ,, എം. ഒ. പുഷ്പേന്ദ്രൻ, ഡി.ഡി.ഇ., ഇടുക്കി.
21. ശ്രീമതി കെ. ആർ. വിജയമ്മ, ഡി.ഇ.ഒ., മൂവാറ്റുപുഴ.
22. ശ്രീ. സി. ശ്രീകുമാരൻ നായർ, ജൂനിയർ സൂപ്രണ്ട്, ഡി.ഇ.ഒ., തിരുവല്ല.
23. ,, എം. വി. അജയകുമാർ, യു.ഡി.സി., ഡി.ഇ.ഒ., തിരുവല്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[23-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *20 (483) സഭയം കാണുക]

Distribution of Emigrants by Country of Residence

		Percentage 2004	*Emigrants 2004*
UAE	..	36.5	670150
Saudi Arabia	..	26.7	489988
Oman	..	8.3	152865
Kuwait	..	6.2	113967
Bahrain	..	5.9	108507
Qatar	..	5.4	98953
USA	..	5.3	98271
England	..	1.2	22520
Africa	..	0.9	15696
Singapore	..	0.8	14331
Other Europe	..	0.8	14331
Maldives Is	..	0.7	13649
Other SE Asia	..	0.3	7507
Australia & New Zealand	..	0.3	6142
Canada	..	0.3	4777
Malaysia	..	0.3	4777
Other West Asia	..	0.1	2047
Total	..	100	1838478

Source: K. C. Zachariah and S. Irudaya Rajan. 2004. Gulf Revisited. CDS-SANEI South Asian Migration Study.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14 (3184) സഭയം കാണുക]

No. 36033/3/2004-Estt. (Res.)

Government of India

Ministry of Personnel, Public Grievences and Pensions

Department of Personnel and Training

North Block, New Delhi,

Dated 9th March 2004.

OFFICE MEMORANDUM

Subject: Revision of Income criteria to exclude socially advanced persons/ sections (Creamy Layer) from the purview of reservation for Other Backward Classes (OBCs).

The undersigned is directed to invite attention to this Department's O.M. No. 36012/22/93-Estt. (SCT) dated 8th September, 1993 which inter alia provides that sons and daughters of persons having gross annual income of ₹ 1 lakh or above for a period of three consecutive years fall within the creamy layer and are not entitled to get the benefit of reservation available to the Other Backward Classes. It has been decided to raise the income limit from ₹ 1 lakh to ₹ 2.5 lakh for determining the creamy layer amongst the OBCs. Accordingly the following entry is hereby substituted for the existing entry against Category VI in the schedule to the above referred O.M.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

Category	*Description of category*	*To whom the rule of exclusion will apply*
(1)	*(2)*	*(3)*
VI	INCOME/WEALTH TEST	Son(s) daughter(s) of (a) Persons having gross annual income of ₹ 2.5 lakh or above or possessing wealth above the exemption limit as prescribed in the Wealth Tax Act for a period of three consecutive years. (b) Persons in Categories I, II, III and VA who are not disentitled to the benefit of reservation but have income from other sources or wealth which will bring them within the income/wealth criteria mentioned in (a) above.

Explanation:

1. Income from salaries or agricultural land shall not be clubbed.
2. The provisions of this Office Memorandum take effect from the 4th February, 2004.
3. All the Ministries/Departments are requested to bring the contents of this Office Memorandum to the notice of all concerned.

(Sd.)
K. G. VERMA
Deputy Secretary to the Government of India
Tel: 23092797

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56 (3229) സദയം കാണുക]

നാദാപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ പേരുവിവരം

A. സ്റ്റേറ്റ് ഹൈവേ [SH]

(1) പുതിയങ്ങാടി ഉള്ളേരി ചൊവ്വാ ബൈപാസ് റോഡിന്റെ കി.മി. 44/160 മുതൽ 66/480 വരെയുള്ള ഭാഗം.

B. മേജർ ഡിസ്ട്രിക്ട് റോഡുകൾ [MDR]

(1) കല്ലാച്ചി വിലങ്ങാട് റോഡ് 0/0 മുതൽ 14/930 വരെ.

(2) മുള്ളൻകുന്ന് കുണ്ടുതോട് പി.ടി. ചാക്കോ നഗർ റോഡ് 0/0 മുതൽ 6/720 വരെ

(3) പൂതംപാറ ചുരന്നി പക്രംതാളം റോഡ്.

C. മറ്റ് ജില്ലാതല റോഡുകൾ [ODR]

(1) കുറ്റ്യാടി മുള്ളംകുന്ന് റോഡ്.

(2) മുള്ളംകുന്ന് പശുക്കടവ് റോഡ്.

(3) തൊട്ടിൽപാലം കുണ്ടുതോട് റോഡ്.

(4) തൊട്ടിൽപാലം മുള്ളംകുന്ന് റോഡ്.

(5) പേരോട് പാറക്കടവ് റോഡ്.

(6) പാറക്കടവ് കടവത്തൂർ റോഡ്.

(7) എടച്ചേരി ഇരിങ്ങണ്ണൂർ റോഡ്

(8) പുറമേരി വെട്ടുമൺ റോഡ്

(9) മുള്ളംകുന്ന് ചെമ്പനോട് റോഡ്.

(10) വളയം കുറുവന്തേരി ചെക്കിയാട് ചെറ്റക്കണ്ടി റോഡ്.

D. വില്ലേജ് റോഡുകൾ [VR]

(1) ചാത്തംകോട്ടുനട മിറ്റത്തിപ്ലാവ് പശുക്കടവ് റോഡ്.

(2) മൂന്നാംകൈ കരിങ്ങാട് കൈവേലി റോഡ്.

(3) കുളങ്ങരോത്ത് നമ്പിത്താൻകുണ്ട് കുമ്പള വാലൂർ വിളങ്ങാട് റോഡ്.

(4) മൊകേരി-കായക്കൊടി-പാലൊളി-തൊട്ടിൽപാലം റോഡ്.

(5) കുറ്റ്യാടി-വളക്കെട്ട് കൈപ്രംകടവ് റോഡ്

(6) പാറക്കടവ് പുളിയാവിൽ ജാതേരി റോഡ്.

(7) മരുവഞ്ചേരി-തളിക്കര റോഡ്.

(8) വട്ടോളി-പാതിരപ്പറ്റ റോഡ്.

(9) പള്ളിയത്ത്-പെരുവയൽ റോഡ്.

(10) മടത്തിൽ താഴെ കോടഞ്ചേരി പോസ്റ്റ് ഓഫീസ് റോഡ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 72 (3245) സഭയം കാണുക]

	(a) പണികളുടെ വിശദാംശങ്ങൾ	(b) പൂർത്തീകരിക്കുന്ന തീയതി	(c) നിർമ്മാണ ചെലവ്
1.	പുജപ്പുര സോഷ്യൽ വെൽഫെയർ കോമ്പൗണ്ടിൽ സ്ത്രീകൾക്കായുള്ള ഡെ കെയർ സെന്റർ കം ഓൾഡ് ഏജ് ഹോമും ആശാഭവനും കെട്ടിട നിർമ്മാണം	12/05	77,66,999
2.	ടി. ടി. വനിതകൾക്കായുള്ള ആഫ്റ്റർ കെയർ ഹോസ്റ്റൽ നിർമ്മാണം	8/05	43,00,000
3.	ടി. ടി. വനിതാ വികലാംഗ സദനത്തിലുള്ള കെട്ടിടം	Tender invited	27,00,000
4.	ടി. ടി. ആശാഭവനിൽ ഡൈനിംഗ് ഹാൾ	Work over	4,66,332
5.	ടി. ടി. ആശാഭവൻ കെട്ടിടത്തോട് ചേർന്ന് റിക്രിയേഷൻ കം റീഡിംഗ് റൂം നിർമ്മാണം	Tender ചെയ്തു	4,90,000
6.	തിരു. DPI Office-ൽ മെയിൻ ബ്ലോക്ക് കെട്ടിടത്തിന്റെ മേൽക്കൂരയുടെ ചോർച്ച മാറ്റലും അലുമിനിയം കൊണ്ട് മൂറികൾ തിരിക്കലും ടോയ്‌ലറ്റ് ബ്ലോക്കുകൾ നവീകരിക്കലും	Work over	7,88,474
7.	തിരു. DPI ആഫീസിലെ അടിയന്തിര അറ്റകുറ്റപണികളും റീടെയിനിംഗ് ഹാൾ നിർമ്മാണവും	9/04	7,03,500
8.	തിരു. ഡി.പി.ഐ. ആഫീസിൽ ഡൈനിംഗ് ഹാളിന്റെ നിർമ്മാണം	10/04	4,61,645
9.	തിരു. ഡി.പി.ഐ. ആഫീസിൽ നിലവിലുള്ള അടുക്കളയോട് ചേർന്ന് സെമി. പെർമനന്റ് ഷെഡ് നിർമ്മാണം	8/04	1,18,422
10.	സെൻട്രൽ ജയിലിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് കോമ്പൗണ്ട് വാളിന്റെ ഉയരം കൂട്ടുന്ന പണി	പണി തുടങ്ങി ആറുമാസത്തിനകം തീരും	22,00,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

	(a) *പണികളുടെ വിശദാംശങ്ങൾ*	(b) *പൂർത്തീകരിക്കുന്ന തീയതി*	(c) *നിർമ്മാണ ചെലവ്*
11.	സെൻട്രൽ ജയിലിലെ വാട്ടർ സപ്ലൈ സാനിട്ടറി പണികൾ	ടെൻഡർ ചെയ്തു 11/04	3,50,000
12.	ടി. ടി. ബാരക്ക് നിർമ്മാണം	2/05	3,27,000
13.	ടി. ടി. സെമി പെർമനന്റ് ഷെഡ് നിർമ്മാണം (ജിംനേഷ്യത്തിനുവേണ്ടി)	2/05	3,50,000
14.	ടി. ടി. ലോവർ ടൈപ്പ് കോർട്ടേഴ്സുകളുടെ നിർമ്മാണം	Tendered	80,00,000
15.	ടി. ടി. മൂന്ന് അപ്പർ ടൈപ്പ് കോർട്ടേഴ്സുകളുടെ നിർമ്മാണം	Tendered	18,00,000
16.	സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ പുതിയ സബ്ജയിലിന്റെ കോമ്പൗണ്ട് വാളിന്റെ നിർമ്മാണം	8 മാസത്തിനകം	74,00,000
17.	സെൻട്രൽ ജയിലിൽ സെൽ, കിച്ചൻ ബ്ലോക്ക്, ആഫീസ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം	12/05	76,00,000
18.	ടി. ടി. പുതിയ ബ്ലോക്കിൽ അധിക സൗകര്യങ്ങൾ ഉണ്ടാക്കുന്ന പണി	As to be accorded	25,00,000
19.	സെൻട്രൽ ജയിലിൽ വിവിധ ബ്ലോക്കുകളുടെ നവീകരണപ്പണികൾ	As to be accorded	35,00,000
20.	തിരു. ഗവ. വനിതാ കോളേജിൽ കെമിസ്ട്രി ലാബിൽ, ലാബ് സൗകര്യമുണ്ടാക്കുകയും, ബയോകെമിസ്ട്രി ലാബ്, മൈക്രോ ബയോളജി ലാബ് എന്നിവ സ്ഥാപിക്കുക	9/04	11,45,840
21.	ടി. ടി. ചരിത്രം, ധനതത്വശാസ്ത്രം എന്നീ വകുപ്പുകളിലെ കെട്ടിടങ്ങളുടെ ചോർച്ച മാറ്റുന്ന പണി	8/04	2,08,219
22.	ടി. ടി. കെമിസ്ട്രിലാബ് നവീകരണം, അലുമിനിയം കതക് സ്ഥാപിക്കുക, ഗ്രാനൈറ്റ് മേശപ്പുറം മറ്റ് അനുബന്ധ പണികൾ	9/04	2,49,001

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V—(തുടർച്ച)

	(a) പണികളുടെ വിശദാംശങ്ങൾ	(b) പൂർത്തീകരിക്കുന്ന തീയതി	(c) നിർമ്മാണ ചെലവ്
23.	തിരു. ജില്ലാ ജയിൽ പരിസരത്ത് ഒരു മൂന്നു നില കെട്ടിടത്തിന്റെ നിർമ്മാണം	3/05	37,36,149
24.	പൂജപ്പുര R.H.S. കോമ്പൗണ്ടിൽ പുതുതായി ഒരു ബംബിന്റെ നിർമ്മാണവും അതോടൊപ്പമുള്ള ജോലികളും	12/04	2,93,190
25.	തിരു. തൈക്കാടുള്ള വിശ്രമ മന്ദിരത്തിനോട് ചേർന്ന് ഒരു ഇന്റർനാഷണൽ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം	T.S. to be issued	1,25,00,000
26.	തിരു. മ്യൂസിയത്തിലേയും, മൃഗശാലയിലേയും നവീകരണത്തിന്റെ വിവിധ പണികൾ	3/05	1,15,00,000
27.	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവ. ഡയറക്ടറേറ്റിനു വേണ്ടി തിരുവനന്തപുരത്ത് ഒരു കെട്ടിടത്തിന്റെ പണി	Revised As to be accorded	1,92,00,000
28.	പബ്ലിക് ലൈബ്രറിയുടെ കോമ്പൗണ്ടിൽ ഉള്ള കുട്ടികളുടെ ലൈബ്രറി	10/4	1,20,00,000
29.	Addl. accommodation of various branches of Board of Revenue	work completed	1,05,00,000
30.	New office building for Directorate of Tourism, Park view	10/4	1,99,00,000
31.	Excise Headquarters Nandavanam	12/05	3,26,00,000
32.	250 beddcd ward W & C Hospital, Tycaud	12/04	2,75,00,000
33.	Fire Station, Chemkal Choola	10/04	2,80,00,000
34.	Ayurveda College Panchakarma Hospital cxtension	8/04	7,00,000
35.	The Homeo Collegc Iranimuttam Men's Hostel	10/04	75,50,000
36.	Women's Hostel	12/04	81,62,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 85 (3259) സഭയം കാണുക]

Major Intervetions	*2002-2003* ₹ *in lakhs*	*2003-2004* ₹ *in lakhs*
EGS centres.....Primary	*0.050*	*86.39*
CIVIL WORKS		
Primary School Buildings	22.500	248.28
Additional Class rooms	475.800	1201.00
BRC buildings	121.200	144.00
CRC buildings	37.300	58.00
Toilets	135.380	142.00
Boundary Walls	108.000	304.00
Drinking water facilities	60.975	74.00
Any other civil works (electrification, Seperation wall)	110.500	143.40
CIVIL WORKS		
Maintenance and Repairs grant	165.140	191.55
Free text books	823.934	1010.98
Teaching Learning Equipments Primary	1	..
School Grant	280	226.02
Teacher Grant	418	581.87
Teacher's Training	211	444.59
VEC Training	2.577	8.52
Research & Evaluation	2.019	62.41
Innovative Activities—girls	20.980	570.74
ECCE	7.050	..
IED	51.177	193.32
Computer Edn.	34.601	..
Education of SC/ST	12.572	..
CRC-Workshop/meeting	0.018	43.75
BRC	7	214.41
Overall Management Cost	15.609	367.97
Any other Expenditure	3.070	..
Total	3127.96	6317.20

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 91 (3266) സഭയെ കാണുക]

GOVERNMENT OF KERALA

Abstract

General Education—Establishment—Starting of Pre-Primary Schools by the P.T.As.—Sanctioned—Orders issued.

LIBRARY ARCHIVES Kerala Legislative Assembly

GENERAL EDUCATION (P) DEPARTMENT

G.O. (Rt.) No. 465/88/Gl.Edn. Thiruvananthapuram, dated, 6-2-1988.

Read.—Letter No. D.O. H1-43815/87 dated 4-1-1988 from the Additional Director of Public Instruction.

ORDER

In the circumstances stated in the letter read above Government are pleased to permit the Parent-Teachers Association of Government schools to hold Nursery classes, where excess accommodation is available, at their own expense. They are also permitted to collect fees to meet the expenses.

(By Order of the Governor)
K. M. DAVID
Under Secretary.

GOVERNMENT OF KERALA

Abstract

General Education—Establishment—Pre-Primary—Opening of Pre-Primary classes in Government schools by Parent teachers Associations—Guidelines for the conduct of Pre-Primary classes approved—Orders issued.

GENERAL EDUCATION (P) DEPARTMENT

G.O. (Rt.) No. 2453/88/G.Edn. Thiruvananthapuram, dated, 5-7-1988.

Read:—1. G.O. (Rt.) 465/88/G. Edn. dt. 6-2-1988.

2. D.O. letter No. H1-38845/88/DPI dt. 4-6-1988 from the Director of Public Instruction.

അനുബന്ധം VII—(തുടർച്ച)

ORDER

By the G.O. read as first papcr above Government have permitted Parent Teachers Association of Government schools to hold Nursery classes, where excess accomodation is available, at their own cxpense. Government have approved the guidelines for the conduct of Pre-Primary classes in Government schools by Parent Teachers Associations as appended to this order.

(1) Pupils of age 4 plus on 1st June of the year but below 5 will be admitted in the Nursery class. However the Parent Teachers Association is also permitted to admit pupils above 3 years of age if they decide so on valid grounds. But admission to Standard I before completing 5 years of age cannot be claimed.

(2) According to the availability of accommodation more than one division will be allowed to function. The maximum number of pupils in a division is limited to 30.

(3) For a unit of 30 children there shall be one teacher whose qualifications shall be S.S.L.C. with Pre-Primary Teachers Training Certificate obtained after undergoing training in the Government Pre-Primary Teachers Training Institute, Trivandrum or Pre-Primary Teachers Training Institutes recognised by the General Education Department and onc Ayah who shall passed standard VII.

(4) There shall be a common programme of activities in the school as will be given by the Pre-primary Education Officer, State Institute of Education, Trivandrum.

(5) The Parent Teachers Association shall provide adequate facilities for the pupils to play. There shall be adequate sanitary arrangements at the school and supply of good drinking water. There may be separate room for taking milk and food.

(6) The working hours will be 10 a.m. to 4 p.m.

(7) The Parent Teachers Association shall meet the expenses of running the school by raising local resources levying fees from pupils etc.

(8) The fees shall be at the rate of ₹ 15 per pupil per month. Fees will be collected for 10 months.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

(9) The Parent Teachers Association shall be made responsible for maintaining the records of the Nursery school. The records shall be kept in the office of the Headmaster of the school.

(10) The Headmaster of the school will be responsible for overall supervision of the Nursery.

(By order of the Governor)
M. P. JANARDHANAN NAIR,
Joint Secretary.

Endt. on B4–6954/88/SIE/L. Dis. State Institute of Education, Trivandrum 12 : dt. 9-8-1988.

Copy communicated to all the Deputy Directors of Education, Dist. Edl. Officers and Asst. Edl. Officers with direction to communicate the guidelines to all the selected Pre-Primary school is under their control immediately.

അനുബന്ധം VIII

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101 (3279) സഭയം കാണുക]

GOVERNMENT OF KERALA

Abstract

General Edn.—Qualification for the teaching Posts—Making ineligible the degrees obtained through distance education/liberalised Scheme—Orders issued.

GENERAL EDUCATION (J) DEPARTMENT

G.O. (P) No. 364/02/G. Edn. Thiruvananthapuram, dated, 6-11-2002.

Read:—Letter No. A11 (4) 26892/95/GW. dt. 14-6-2001 from Kerala Public Service Commission, Thiruvananthapuram.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

ORDER

Kerala Public Service Commission have brought to the attention of Government a few cases, where the candidates who have applied for the post of High School Assistant are in possession of Degrees, acquired under open stream through Distance Education/Correspondence Course, without undergoing stipulated period of regular course of study. The Commission hold the view that the degrees obtained through distance education system cannot be accepted as a qualification for teaching posts and the general academic qualification prescribed shall be one acquired after undergoing a regular course of study. In the above circumstances, Kerala Public Service Commission have requested Government to amend the qualification of teaching posts, so as to make ineligible the degrees which are obtained through distance education system without undergoing stipulated regular course of study.

2. As per existing Rules the qualification of HSA is prescribed as a Degree in the concerned subject/language and B.Ed./B.T./L.T. conferred or recognised hy the Universities in Kerala. As there is no specification in the existing Rules that the Degree should be obtained through regular course of study the degree holders under liberalised scheme/open stream who have not undergone regular course of study are also appointed as school teachers.

3. In the circumstances Government are pleased to order that the qualification obtained through regular course of study alone shall be considered for appointment to teaching post. However, no such requirement will be insisted for non-teaching posts.

4. Necessary amendments in the relevant rules in Kerala Education Rules will be issued separately.

(By order of the Governor,)

K. NALINI

Additional Secretary.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII (a)

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101 (3279) സഭയം കാണുക]

GOVERNMENT OF KERALA

Abstract

G. Edn.—Qualification for the teaching Posts—Ineligibility of degrees obtained through Distant/liberalised scheme—Orders rescinded.

GENERAL EDUCATION (J) DEPARTMENT

G.O. (P) No. 406/02/G. Edn. Thiruvananthapuram, dated, 13-12-2002.

Read:—G.O. (P) 364/02/G. Edn., dt. 6-11-2002.

ORDER

The Government Order read above is hereby rescinded.

(By Order of the Governor,)

K. NALINI

Additional Secretary.

അനുബന്ധം IX

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 (3293) സഭയം കാണുക]

ഓപ്പൺ സ്കൂൾ

വർഷം	സയൻസ്	ഹ്യൂമാനിറ്റീസ്	കോമേഴ്സ്	ടെക്നിക്കൽ	ആകെ
2001	23	3	4	ആരുമില്ല	30
2002	686	22,969	37,981	. .	61,636
2003	942	1872	6797	. .	9611
2004	1492	721	2816	. .	5029

പ്രൈവറ്റ് രജിസ്ട്രേഷൻ

വർഷം	ഹ്യൂമാനിറ്റീസ്	കോമേഴ്സ്	ആകെ
2003	18,272	25,499	43,771
2004	25,576	38,069	63,645

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 126 (3306) സഭയം കാണുക]

Sl. No.	*Name of School*	*No. of appointments to be approved*
1.	S.N.D.P. HSS., Adimali ..	Nil
2.	St. Mary's HSS, Vellaramkunnu ..	2
3.	NSS HSS, Kottar ..	1
4.	S.N.D. HSS, N. R. City ..	4
5.	M.K.N.M., Kumaramangalam ..	4
6.	NSS HSS, Manakkad ..	Nil
7.	St. George HSS, Kattappana ..	Nil
8.	St. George HSS, Muthalekkodam ..	Nil
9.	St. Xavier's HSS, Chemmannar ..	2
10.	FMG HSS, Koonepaupara ..	Nil
11.	St. Thomas HSS, Erattayar ..	Nil
12.	St. Philomina HSS, Upputhara ..	4
13.	St. Thomas HSS, Thankamony ..	Nil
14.	NSP HSS, Puttady ..	2
15.	St. Mary's HSS, Kaliyar ..	3
16.	St. Augustine's HSS, Karimkunnam ..	4
17.	St. Joseph's HSS, Karimannoor ..	2
18.	S. N. HSS. Nankicity ..	Nil
19.	St. Mary's HSS, Arakulm ..	1
20.	St. Sebastian's HSS, Cheenthalar ..	Nil
21.	St. Jerom's HSS, Vellayamkudy ..	4
22.	St. Sebastian's HSS, Vazhithala ..	5
23.	St. George's HSS, Vazhathope ..	Nil
24.	St. Mary's HSS, Murickassery ..	Nil
25.	St. Joseph's HSS, Peruvanthanam ..	Nil
	Total ..	38

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 155 (3338) സദയം കാണുക]

LIST OF MANAGEMENTS IN KOLLAM DISTRICT FOR WHICH N.O.C. HAS BEEN ISSUED FOR STARTING ENGINEERING COLLEGES

1. P. A. Aziz Trust, Kollam.
2. Kadakkal Educational Trust, Kollam.
3. Travancore Educational Society, Kollam.
4. S.N.D.P. Yogam, Kollam.
5. Dr. C. T. Eapen Trust, Kollam.
6. Matha Amrithanandamayi Math, Kollam.
7. Fathima Memorial Educational Trust, Kollam.
8. Sree Narayana Trust, Kollam.
9. Sri Viswakarma Trust, Kollam.

മെഡിക്കൽ കോളേജ് (2001-ൽ നൽകിയത്)

1. ശ്രീനാരായണ ട്രസ്റ്റ്, കൊല്ലം.
2. കേരള നോൺറസിഡൻസ് എഡ്യൂക്കേഷണൽ ട്രസ്റ്റ്, കൊല്ലം.

ഡെന്റൽ കോളേജുകൾ

1. രവീന്ദ്രനാഥ ടാഗോർ എഡ്യൂക്കേഷണൽ ട്രസ്റ്റ്, കൊല്ലം. (2001-ൽ)
2. പൊടിക്കുഞ്ഞ് മുസലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റ്, കൊല്ലം. (2004-ൽ)

ഫാർമസി കോളേജ് (2001-ൽ നൽകിയത്)

പൊടിക്കുഞ്ഞ് മുസലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റ്, കൊല്ലം.

LIBRARY ARCHIVES Kerala Legislative Assembly